**നിയമനിർമ്മാണ കാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇത് കഴിഞ്ഞയാഴ്ച സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാനായി അവതരിപ്പിക്കുന്ന സമയത്ത് കാര്യങ്ങൾ പറഞ്ഞിരുന്നതാണ്. അന്ന് അംഗങ്ങളും പറഞ്ഞു, സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്തതാണ്. ഇത് ചരക്കുസേവന നികുതി സംവിധാനം വന്നതിനുശേഷം പല മേഖലകളിലുള്ള അമെന്റ്മെന്റുകളും നികുതി സംബന്ധിച്ച നിർദ്ദേശങ്ങളും ഇതിന്റെ ഭാഗമായി ഉണ്ട്. നമ്മുടെ സംവിധാനത്തിനകത്ത് online gaming തുടങ്ങിയ കാര്യങ്ങളെ

സംബന്ധിച്ചൊരു പുതിയ നികുതി റേറ്റ് ഫിക്സ് ചെയ്യുന്നതിനുവേണ്ടിയുള്ളതാണ്. നേരത്തെ സർവ്വീസ് ടാക്സിനനുസരിച്ചാണ് ഇത് ഉണ്ടായിരുന്നത്. Goods and Services Tax വന്നപ്പോഴാണ് സർവ്വീസ് പൊതുവായി ജി.എസ്.ടി.-യുടെ ഭാഗമായി വരുന്നത്. നേരത്തെ ഉണ്ടായിരുന്ന നികുതി..., നമ്മുടെ സംസ്ഥാനത്തുള്ള ലോട്ടറി പോലെയുള്ളത് ഈ എൻട്രിക്കകത്ത് വരുന്നതാണ്. ആ എൻട്രിക്കകത്ത് പല ഐറ്റങ്ങളായി വരും. നേരത്തെ online gaming-നും മറ്റുകാര്യങ്ങൾക്കുമായി 18 ശതമാനം നികുതിയാണ് ഉണ്ടായിരുന്നത്. അത് GGR (Gross Gaming Revenue)-ന് ആയിരുന്നു. അതിന്റെ ആകെ face value-ന് അല്ല, ടാക്സ് സംബന്ധിച്ച റേറ്റ് ഫിക്സ് ചെയ്തുകൊണ്ട് അത് 28 ശതമാനമാക്കി. അത് വിശദമായി പഠിക്കാനായി മന്ത്രിതല, GST Council-ലെ വിവിധ സംസ്ഥാനങ്ങളിൽനിന്ന് പ്രതിനിധീകരിക്കുന്ന രണ്ടുമൂന്ന് മന്ത്രിമാർ അടങ്ങുന്ന ഒരു കമ്മിറ്റി വച്ച്...., അത് മേഘാലയയുടെ ചീഫ് മിനിസ്റ്റർ അദ്ധ്യക്ഷനായൊരു കമ്മിറ്റിയായിരുന്നു. ആ കമ്മിറ്റി പഠനം നടത്തി റിപ്പോർട്ട് കൊണ്ടുവന്നു. അതിൽ വലിയ ചർച്ചകൾ നടന്നു, ദീർഘമായ ചർച്ചയുടെ അടിസ്ഥാനത്തിൽ GGR വേണം. അതായത്, ഒരാൾ 1000

രൂപയ്ക്ക് ടിക്കറ്റെടുത്താൽ അതിനകത്തുനിന്നും അയാൾക്ക് കിട്ടുന്ന ബെനിഫിറ്റ് 500 രൂപയാണെങ്കിൽ 500 രൂപയ്ക്ക് ടാക്സാകാം, തുടങ്ങിയ കാര്യങ്ങളടക്കമുള്ള ചർച്ചകൾ നടത്തി. എന്നാൽ അത് പറ്റില്ല, face value-ൽ തന്നെ ആകണം എന്ന നില വന്നു. ഇത് സംബന്ധിച്ച തീരുമാനം വന്നു, എല്ലാസംസ്ഥാനങ്ങളും ഓർഡിനൻസ് ഇറക്കി. ഇതുസംബന്ധിച്ച് കേരളത്തിന് വലിയ ആശങ്ക ഉണ്ടായിരുന്നു, പ്രത്യേകിച്ച് online money gaming-ന് നമുക്ക് താൽപ്പര്യമില്ല. ഓൺലൈൻ ലോട്ടറി നമ്മൾ മുൻപ് നിരോധിച്ചതാണ്. തമിഴ്നാട് അതിശക്തമായി ഇക്കാര്യം പറഞ്ഞു, മഹാരാഷ്ട്ര പറഞ്ഞു. നിയമമെന്ന് പറയുന്നത് ടാക്സ് സംബന്ധിച്ച റേറ്റ് ഫിക്സ് ചെയ്യാനാണ്. ആ റേറ്റ് പൊതുവിൽ ഫിക്സ് ചെയ്യേണ്ടതാണ്. പക്ഷെ ഈ ഗെയിം ഇവിടെ വേണ്ടെന്ന് തീരുമാനിക്കുന്നത് നിരോധിക്കാനുള്ള നിയമത്തിൽ റൂൾ കൊണ്ടുവരാനുള്ള പ്രൊവിഷൻ ഇതിലുണ്ട്. ഉദാഹരണമായി കർണ്ണാടകത്തിൽ കുതിരപ്പന്തയം അംഗീകൃതമാണ്, പക്ഷെ ഗോവയിലെപോലെ casinos ഇല്ല, ലോട്ടറി ഇല്ല. അപ്പോൾ നിരോധിക്കാൻ അതിൽ പ്രൊവിഷൻ ഉണ്ട്. നിരോധിക്കാനുള്ള, തടയാനുള്ള പ്രൊവിഷൻ അതിലുണ്ട്. റേറ്റ് നേരത്തെ 18 ശതമാനമായിരുന്നത് GGR-ൽ ആയിരുന്നു,

അത് മാറി കുറച്ചുകൂടി അധികം ടാക്സ് വരുന്ന ഒരു റേറ്റ് ഫിക്സ് ചെയ്യുന്നതാണ് ഇതിന്റെ അടിസ്ഥാനപരമായ കാര്യം. സബ്ജക്ട് കമ്മിറ്റിയിൽ ഈ കാര്യങ്ങൾ ചർച്ച ചെയ്തിരുന്നു. ആ ഒരു അമെന്റ്മെന്റാണ്, നേരത്തെ നമ്മൾ ഓർഡിനൻസ് ഇറക്കിയിരുന്നു, ആ ഓർഡിനൻസ് ബിൽ ആക്കുന്നുവെന്നുള്ളതാണ് ഈ അമെന്റ്മെന്റിന്റെ ഉദ്ദേശം, അത് പരിഗണനയ്ക്കായി വയ്ക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ എന്റെ വിയോജിപ്പ് ഇവിടെ രേഖപ്പെടുത്തുന്നു. ഞാൻ ഈ കാര്യം രണ്ടാം പ്രാവശ്യമാണ് ഇവിടെ ഉന്നയിക്കുന്നത്. സബ്ജക്ട് കമ്മിറ്റി കൂടിയ സന്ദർഭത്തിലും ഞങ്ങൾ ഇതിനെക്കുറിച്ച് പറഞ്ഞിരുന്നു. ഒരു കാര്യത്തിനകത്ത് യാതൊരു കാരണവശാലും നമുക്ക് കോംപ്രമൈസ് ചെയ്യാൻ കഴിയില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ പറഞ്ഞത്, അവിടെ പാസ്സാക്കിയാലും ഇവിടെ നിയമത്തിൽ വന്നാലും റൂൾ കൊണ്ടുവന്ന് നമുക്ക് അതിനെ റീപ്ലെയ്സ് ചെയ്യാം, അതിനെ overlook ചെയ്യാൻ പറ്റുമെന്നാണ് പറഞ്ഞത്. എനിക്ക് ആ നിയമം അങ്ങ് പറഞ്ഞതുപോലെയാണെങ്കിൽ ബോദ്ധ്യപ്പെടുന്നില്ല. ഒരു നിയമം പാസ്സാക്കിയതിനുശേഷം പിന്നെ റൂൾ കൊണ്ടുവന്ന് എങ്ങനെ

നിയമത്തെ നമുക്ക് മറികടക്കാൻ പറ്റും? അപ്പോൾ നിയമം പാസ്സാക്കാൻ പറ്റില്ലെന്നുപറഞ്ഞ തമിഴ്നാടിന്റെ ഉദാഹരണം നിൽക്കുകയാണ്. ഇത് വലിയൊരു ലോബിയുടെ ഏർപ്പാടാണ്, തമിഴ്നാട്ടിൽ ഇതേ ലോബി ഇതേ രൂപത്തിലുള്ള എല്ലാപ്രവർത്തനങ്ങളും നടത്തി. അവർ എന്തു ചെയ്തു, അവർ നിരോധിച്ചു. ഇവിടെ പ്രധാനപ്പെട്ട..., ചെറിയ വാക്കുകളിൽ അത് പറഞ്ഞാൽ പോരാ, അത് സമൂഹത്തിൽ ദീർഘകാലമായി ഉണ്ടാകാൻ പോകുന്ന repercussions സംബന്ധിച്ച് നമുക്ക് ഒരാലോചന വേണ്ടേ? ഇവിടെ വാതുവയ്പ്പ്, കാസിനോകൾ, ചൂതാട്ടം, കുതിരപ്പന്തയം, ഭാഗ്യക്കുറി അല്ലെങ്കിൽ ഓൺലൈൻ മണി ഗെയിമിംഗ് ഈ നാലഞ്ച് കാര്യം, സത്യം പറഞ്ഞാൽ കുതിരപ്പന്തയം ഇവിടെയില്ല അത് ഗോവയിൽ മാത്രമാണ്. എവിടെയോ ആകട്ടേ. നിയമത്തിനകത്ത് നമ്മൾ പ്രൊട്ടക്ട് ചെയ്യാൻ തീരുമാനമെടുത്താൽ പിന്നീട് ആ നിയമം നിയമത്തിന്റെ വഴിക്കല്ലേ പോകു, റൂൾ കൊണ്ടുവന്ന് ഇതിനെ മറികടക്കാൻ പറ്റുമോ? ആ നിയമം നമ്മുടെ ഈ നിയമസഭ മനസ്സറിഞ്ഞ് പാസ്സാക്കരുതെന്ന് തന്നെയാണ് ഞങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞത്. അതുതന്നെയാണ് നിയമസഭയിൽ നേരത്തെ പറഞ്ഞത്, അതിനെക്കുറിച്ചാണ് സത്യം പറഞ്ഞാൽ ഇവിടെ വീണ്ടും ചർച്ചയിലേക്ക്

വരുന്നത്. അതുകൊണ്ട് ഞാൻ പറയുന്നു, ഇപ്പോൾ ഒരു morality-യുടെ പ്രശ്നമില്ലേ, നമ്മൾ ജനാധിപത്യത്തിൽ നിൽക്കുമ്പോൾ അതിൽ ഒരു morality-യുടെ പ്രശ്നമുണ്ട്. നമുക്ക് ചെയ്യാൻ പറ്റുന്ന കാര്യമുണ്ട്, ചെയ്യരുതാത്ത കാര്യങ്ങളുണ്ട്. ചെയ്യരുതാത്ത കാര്യങ്ങളിൽപ്പെട്ടതാണ് അങ്ങ് ഇവിടെ ഷെഡ്യൂൾ ചെയ്തിട്ടുള്ള പല കാര്യങ്ങളും. അങ്ങയെ ഞാൻ വ്യക്തിപരമായി ആക്ഷേപിക്കുന്നില്ല, പക്ഷെ ഏതോ ഒരു ദുർബല നിമിഷത്തിൽ അങ്ങും ഇതിൽ കണ്ണടച്ചോയെന്ന് ഞാൻ സംശയിക്കുകയാണ്. വാതുവയ്പ്പ് ഈ നിയമത്തിൽ പ്രൊട്ടക്റ്റ് ചെയ്യണമെന്ന് എന്താണ് അർത്ഥം? കാസിനോകൾ കൂടിയേ മതിയാകൂ, എന്നൊരു തീരുമാനം കേരളത്തിന്റെ പശ്ചാത്തലത്തിൽ എടുക്കാൻ പറ്റുമോ? ചൂതാട്ടം ലീഗലൈസ് ചെയ്യാൻ പറ്റുമോ? ലീഗലൈസ് ചെയ്യാതെ തന്നെ സത്യം പറഞ്ഞാൽ നമ്മുടെ സമൂഹത്തിലുണ്ടാകുന്ന repercussions അങ്ങേക്ക് അറിയാവുന്നതല്ലേ? അത് നിയമപരമായി അംഗീകരിച്ചാലോ; കുതിരപ്പന്തയം ഈ നാട്ടിൽ ഇല്ല, പക്ഷെ ഈ പറയുന്ന online money gaming നമുക്ക് സമ്മതിക്കാൻ പറ്റുമോ? അതിന് നിയമപരമായ ഒരു നിബന്ധനകൂടി, ആ സപ്പോർട്ടുകൂടി കൊടുത്താൽ ഇത് എവിടെപ്പോയി നിൽക്കുമെന്ന് ഞാൻ പറയേണ്ട കാര്യമില്ല.

കഴിഞ്ഞപ്രാവശ്യം ഞങ്ങൾ ഇവിടെ ഓർമ്മിപ്പിച്ചതാണ്, നമ്മുടെ നാട്ടിൽ മൊബൈലുകൾ ധാരാളമുണ്ട്. ഏതാണ്ട് 1300 കോടി എന്നാണ് മൊത്തം മൊബൈലുകളുടെ കണക്ക്, അത് കൃത്യമായ കണക്കാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ നമുക്ക് നിയന്ത്രിക്കാൻ കഴിയാത്ത വിധത്തിലുള്ള മൊബൈലുകൾ ഈ കേരള സംസ്ഥാനത്ത് തന്നെയുണ്ട്. അങ്ങനെ ഈ ഓൺലൈൻ ഗെയിമുകളെല്ലാം നമ്മൾ സമ്മതിച്ചാൽ അവസാനം വരാൻ പോകുന്നതെവിടെയാണ്? സ്കൂളുകളിൽപോലും കുട്ടികൾക്ക് മൊബൈൽ കൊണ്ട് ചെല്ലരുതെന്ന നിബന്ധന ഇറക്കിയിട്ടുള്ള വിദ്യാഭ്യാസ വകുപ്പ് ഇവിടെയുണ്ട്. അവർ പറയുന്നു, സ്കൂളുകളിൽ മൊബൈൽ കൊണ്ടുപോകരുത് വാങ്ങി വയ്ക്കും. കുട്ടികൾ ഗെയിമിന് വേണ്ടിയാണെങ്കിലും മൊബൈൽ ഉപയോഗിക്കരുതെന്ന് പറയുന്ന രക്ഷകർത്താക്കളുണ്ട്, അതിനെയെല്ലാം ലീഗലൈസ് ചെയ്യുന്നതിനുവേണ്ടി, അതിനെ മറികടക്കാൻ വേണ്ടി ഇത് ലീഗലൈസ് ചെയ്യുന്നത് ശരിയല്ല. കേരള നിയമസഭയുടെ ഈ വിശുദ്ധമായ അന്തരീക്ഷം ഇതുപോലെയുള്ള ചൂതാട്ടക്കാർക്കുവേണ്ടി തുറന്നുകൊടുക്കരുത്, അതിന്റെ ഗൗരവം മനസ്സിലാക്കണം. അങ്ങ് നിയമസഭയ്ക്ക് നൽകിയ ഒരു ഉറപ്പുണ്ടായിരുന്നു, ഇത് ബിൽ വരുന്നതേയുള്ളൂ, സബ്ജക്ട് കമ്മിറ്റിയിൽ

പോകും, നമുക്ക് സബ്ജക്ട് കമ്മിറ്റിയിൽ വച്ച് തിരുത്തുണ്ടാക്കാം, അങ്ങനെ ഇതിനെ മറികടക്കാനുള്ള മാർഗ്ഗം നോക്കാമെന്ന് അങ്ങ് പറഞ്ഞത് ഞാൻ ഇപ്പോൾ അങ്ങയെ ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുകയാണ്. അങ്ങനെയാണെങ്കിൽ ഈ പറഞ്ഞ, ഈ പാരഗ്രാഫ്, അത് നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ '(ബി) 102-ാം ഖണ്ഡികയ്ക്കുശേഷം താഴെപ്പറയുന്ന ഖണ്ഡിക ചേർക്കേണ്ടതാണ്,' എന്നുപറയുന്നത് ടോട്ടലായി ഡിലീറ്റ് ചെയ്യണം. തമിഴ്നാടിനെക്കുറിച്ച് പറയുന്നില്ല, കാരണം GST Council തീരുമാനമെടുത്താൽ അവർക്ക് അധികാരമുണ്ടെങ്കിൽ അവർക്കുതന്നെ നിയമം കൊണ്ടുവന്നാൽ പോരെ? അവർക്ക് അധികാരമില്ല, അതുകൊണ്ടാണ് സംസ്ഥാനത്തേയ്ക്ക് റഫർ ചെയ്തത്. സംസ്ഥാനത്തിന് റഫർ ചെയ്യുമ്പോൾ സംസ്ഥാനം നിയമസഭയുടെ പവേഴ്സാണ്, ആ പവേഴ്സ് നമ്മൾ ഇതിനുവേണ്ടി ദുർവിനിയോഗം ചെയ്യരുത്. അങ്ങനെ ദുർവിനിയോഗം ചെയ്യാതിരുന്നതിന്റെ ഉദാഹരണമാണ് ഞാൻ തമിഴ്നാട് ഗവൺമെന്റ് ചെയ്തത് പറഞ്ഞത്. തമിഴ്നാട് ഗവൺമെന്റ് ഇത് വേണ്ടായെന്ന് തീരുമാനിച്ചു, അപ്പോൾ എന്തുകൊണ്ട് (ഈ ചൂതാട്ട ലോബികൾ) അവർ കോടതിയിൽ പോയത്. തമിഴ്നാട് ഗവൺമെന്റ്

പറഞ്ഞത് ശരിയാണെന്ന് കർണ്ണാടക ഹൈക്കോടതി പറഞ്ഞു. ഈ ചൂതാട്ടം സമ്മതിക്കേണ്ട, അത് ഈ നിയമത്തിന്റെ ഭാഗമാക്കരുത്, അതുകൊണ്ട് അത് റദ്ദാക്കി. അത്രയെങ്കിലും നമുക്ക് ചെയ്തുകൂടെ? അതുകൊണ്ട് GST Council ആണെന്നുപറഞ്ഞ്, അവർക്ക് ഇല്ലാത്ത ഒരു അധികാരം വിനിയോഗിക്കാൻ ശ്രമിച്ചാൽ ഈ സ്റ്റേറ്റിലെ മൂന്ന് കോടിയിലധികം വരുന്ന ജനങ്ങളെ നേരിട്ട് ബാധിക്കുന്ന ഒരു പ്രശ്നത്തിനകത്ത് ഈ നിയമസഭയെടുക്കുന്നതായിരിക്കും ഏറ്റവും ആത്യന്തികമായിട്ടുള്ള തീരുമാനം എന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് അത് ഇന്ന് ഇവിടെ നിയമമായി വന്നത്, അതുകൊണ്ട് ദയവായി ഇത് അങ്ങ് പിൻവലിക്കണം, അങ്ങ് സഭയ്ക്കുതന്നെ ഒരു ഉറപ്പ്, ആ ഉറപ്പ് സബ്ജക്ട് കമ്മിറ്റിയിൽ വച്ച് മാറ്റുമെന്നതായിരുന്നു, അത് സബ്ജക്ട് കമ്മിറ്റിയിൽ വച്ച് മാറ്റുന്ന രൂപത്തിൽ എത്തിയിട്ടില്ലെന്ന് തോന്നുന്നു. അതുകൊണ്ട് ദയവായി ഇത് പിൻവലിക്കുന്നതിനുവേണ്ടി തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഈ ഫിനാൻസ് ബില്ലിന്റെ വിയോജനക്കുറിപ്പിലേയ്ക്ക് വന്നാൽ നമ്മുടെ നാട്ടിൽ നടക്കാൻ പാടില്ലാത്ത ഈ

ചൂതാട്ടത്തിന് നിയമപരമായി Kerala Gaming Act, 1960 പ്രകാരം അതിൽ 2005-ൽ വരുത്തിയ മാറ്റംപ്രകാരം ഇത്തരം ചൂതാട്ടങ്ങൾ- Betting, Casinos, Gambling, Horse racing എന്നിങ്ങനെയുള്ള online money gaming...., ഇത്തരം പ്രവണതകൾ പ്രത്യേകിച്ച് ഇന്നത്തെ സമൂഹത്തിലുണ്ടാകുന്ന ഗുരുതരമായ പരിക്കുകളെക്കുറിച്ച് നമുക്കറിയാം. അതിനുവേണ്ടി നികുതി വർദ്ധിപ്പിച്ചുകൊണ്ടുള്ള നടപടിയ്ക്ക് കൂട്ട് നിൽക്കുമ്പോൾ അത് അധാർമികമായ കാര്യങ്ങളോട് നമ്മൾ കൂട്ടുനിൽക്കുന്നതിന് സമമായിരിക്കും. അങ്ങ് ഇവിടെ അവതരിപ്പിച്ച ഈ വർഷത്തെ ബഡ്ജറ്റിൽത്തന്നെ സൂചിപ്പിക്കുന്നത്......, കേരളം പഴയ കേരളമല്ലായെന്ന് പറഞ്ഞു. ബില്ലിന്റെ വിശദമായ ചർച്ചയിലേയ്ക്ക് വരുമ്പോൾ, നമ്മുടെ നാട്ടിലെ കടം പെരുകി നിൽക്കുന്നത് നാല് ലക്ഷം കോടി രൂപയിലാണ്. നിങ്ങളുടെ മാത്രം സംഭാവന 8 വർഷം കൊണ്ട് രണ്ടരലക്ഷം കോടിയാണ്. ബഡ്ജറ്റിന്റെ കൂടെ സമർപ്പിച്ച മധ്യകാല സാമ്പത്തികരേഖയിൽ പറയുന്നത്, ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ അത് 3,82,412 കോടി രൂപയാകുമെന്നാണ്. 2024-25-ൽ 4.25 കോടി രൂപയാകുമെന്നും 2026-27-ൽ 5,17,433 കോടി രൂപ ആകുമെന്നുമാണ്. നിങ്ങളുടെ ഭരണം അവസാനിക്കുപ്പോൾ കേരളത്തിന്റെ

പൊതുകടം 5,00,000 ലക്ഷം കോടിയിലേയ്ക്ക് പോകുകയാണ്. ഇത് ഭാവിയിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. ഈ വർഷം നമ്മൾ കൊടുക്കുന്ന പലിശ 26 കോടി 843 കോടിയാണ്. മൂന്ന് വർഷംകൊണ്ട് അത് 36,220 കോടി രൂപയായിട്ട് മാറും. ഈ പോക്ക് എവിടെയ്ക്കാണ്? ഞങ്ങൾ കഴിഞ്ഞവർഷം ശ്രീലങ്കയിലേയ്ക്ക് എന്നുപറഞ്ഞപ്പോൾ നിങ്ങൾ അതിന്റെ പേരിൽ അരിശം കൊണ്ടവരാണ്, ഇത് അവിടെയും നിൽക്കില്ല. കടവും പലിശയും കുറച്ചുകൊണ്ടുവരാനുള്ള നടപടികൾ ഈ ബഡ്ജറ്റിലുമുണ്ടായിട്ടില്ലെന്നുള്ളത് ഏറെ ഖേദകരമാണ്. അതുപോലെ ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽ ഉന്നയിച്ച, GST തട്ടിപ്പ് വളരെ രൂക്ഷമായി നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുകയാണ്. ഏപ്രിൽ ഒന്നുമുതൽ നവംബർ 30 വരെ എട്ടുമാസക്കാലം നമ്മുടെ ഖജാനാവിൽ വരേണ്ട 1294 കോടി രൂപയുടെ GST വെട്ടിപ്പുണ്ടായെന്നാണ് GST ഇന്റലിജൻസിന്റെ കണ്ടെത്തൽ. ഇതിൽ 50 ശതമാനംപോലും തിരിച്ചുപിടിക്കാൻ കഴിഞ്ഞിട്ടില്ല. 2022-23-ൽ 524 കോടി രൂപയായിരുന്നു. പക്ഷേ ഈ വർഷം പൂർത്തിയാകുമ്പോൾ മാർച്ച് 31-ന് 1500 കോടി രൂപയാകും. GST-യിൽ നമ്മുടെ സംസ്ഥാനത്തിന് വരേണ്ട വരവ് ഈ നിലയിൽ

ചോർന്നുപോകുകയാണ്. നികുതിപിരിവ് എങ്ങനെയാണ് കാര്യക്ഷമമാണെന്ന് നമുക്ക് പറയാൻ സാധിക്കുക? ഈ തട്ടിപ്പ് കൂടുതലും നടക്കുന്നത് വ്യാപാര മേഖലയെ അപേക്ഷിച്ച് സേവന മേഖലയിലാണ്. ഒരു വിഭാഗം വ്യാപാരികൾ വളരെ കൃത്യമായി നികുതി അടയ്ക്കുമ്പോൾ മറ്റുചില തട്ടിപ്പ് കമ്പനികൾ കാര്യമായ തോതിൽ ഈ രംഗത്ത് നികുതി വെട്ടിപ്പ് നടത്തുന്നുവെന്നാണ് GST ഇന്റലിജന്റ്സിന്റെ കണ്ടെത്തൽ. GST മാത്രമല്ല അതിനുമുമ്പുള്ള നികുതി കുടിശ്ശിക തിരിച്ചെടുക്കാൻവേണ്ടി പല പദ്ധതികളും Amnesty International പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് ബഡ്ജറ്റിൽ amnesty ഉണ്ടായിരുന്നു. എത്രയായിരുന്നു അതിന്റെ പുരോഗതി; 20 ശതമാനത്തിനുമുകളിൽ പോകില്ല. കഴിഞ്ഞ തവണ..., ആദ്യത്തെ വർഷം 12000 കോടി രൂപ പിന്നെ 13000 കോടി രൂപയൊക്കെ പിരിച്ചെടുക്കാനുണ്ടെന്ന് പറഞ്ഞു. എത്ര പിരിച്ചുകിട്ടി; എന്തായിരുന്നു അതിന്റെ പെർഫോമൻസ്; പരിശോധിക്കേണ്ടതുണ്ട്. ഇത്തവണ എത്രയാണ് പറയുന്നത്; 14000 കോടി രൂപ കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. അത് പിരിച്ചെടുക്കുമെന്നാണ്; എങ്ങനെ പിരിച്ചെടുക്കാൻ കഴിയും? ഇതിൽ ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം. ഈ 14000 കോടി രൂപയുടെ

കുടിശ്ശികയിലധികവും അപ്പീലും വ്യവഹാരങ്ങളും നിലനിൽക്കുമെന്നാണ്. അതിൽ അവരുടെ തർക്കമെന്താണ്; നിങ്ങൾ ഇവിടെ amnesty കൊടുക്കുന്നത് 50 ലക്ഷത്തിന് താഴെയാണെങ്കിൽ പലിശയും കൂട്ടുപലിശയും ഒക്കെ ഒഴിവാക്കി ഇന്ന സമയത്തിനുള്ളിൽ വന്ന് അടച്ചോളൂ; അല്ലെങ്കിൽ 1 കോടി രൂപയാണെങ്കിൽ അതിന്റെ ഇത്ര ശതമാനം കുറച്ചുതരും; 3 കോടി രൂപയാണെങ്കിൽ എത്ര കുറച്ചുതരും; ഇതൊക്കെ കേൾക്കുമ്പോൾ ഇവർ വന്ന് അടയ്ക്കാൻ പോകുന്നില്ല. കാരണം, ഈ കേസിന്റെയൊക്കെ അപ്പീൽ തർക്കത്തിലാണ്. ഇവരുടെ തർക്കമെവിടെയാണ്; ടാക്സ് ഫിക്സ് ചെയ്ത് കൊടുത്തതാണ് ഇവരുടെ തർക്കം. ഞങ്ങൾക്ക് ഫിക്സ് ചെയ്ത ടാക്സ്...., ഞങ്ങൾ ഒടുക്കണമെന്ന് പറഞ്ഞ ടാക്സ് അത് കറക്ടല്ലായെന്നുള്ളതാണ്, അത് റീ-തിങ്ക് ചെയ്യാൻ തയ്യാറാവണം. അതിന് ഇവരെ കേൾക്കണം. അതുകൊണ്ട് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ള നിർദ്ദേശം, ജില്ലാടിസ്ഥാനത്തിൽ നിങ്ങൾ അദാലത്ത് സംഘടിപ്പിച്ച് ഇവരെ കേട്ട് കാര്യമായ ആനുകൂല്യങ്ങൾ കൊടുത്താൽ ഈ amnesty-യേക്കാൾ അത് പ്രയോജനം ചെയ്യും. നമ്മുടെ ഖജനാവിലേയ്ക്ക് പണവും വരും. അതുകൊണ്ട് ആ രീതിയിലുണ്ടാകണം. കുറെ ഉദ്യോഗസ്ഥന്മാർ വെറുതെ ഇരിക്കുകയാണ്. അവരെയൊക്കെ നമുക്ക്

ഇതിനുവേണ്ടി ഉപയോഗപ്പെടുത്താൻ സാധിക്കണം. സാമൂഹ്യ ക്ഷേമ പെൻഷനെക്കുറിച്ച് പറയുമ്പോൾ ഇവിടെ 200 രൂപയെങ്കിലും...., നേരത്തെ സാംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. പി. വി. അൻവർ കുറച്ച് കാര്യങ്ങൾ പറഞ്ഞകൂട്ടത്തിൽ ഇത് വർദ്ധിപ്പിക്കണമെന്ന് പറഞ്ഞു. ഞങ്ങൾ പറയുന്നത് നിങ്ങൾ കുടിശ്ശിക കൊടുക്കുമ്പോൾ കൊടുത്താൽ മതി. പക്ഷേ 200 രൂപയെങ്കിലും ഇത് വർദ്ധിപ്പിക്കണം. എല്ലാക്കാലത്തും ഇത് വർദ്ധിപ്പിച്ചിട്ടുണ്ട്. ശ്രീ. വി. എസ് അച്ചുതാനന്ദന്റെ കൈയിൽനിന്ന് ഉമ്മൻചാണ്ടിയിലേയ്ക്ക് ഭരണം വരുമ്പോൾ അന്ന് സാമൂഹിക ക്ഷേമ പെൻഷൻ 300 രൂപയാണ്.

മി. ചെയർമാൻ: യെസ്.... യെസ്..... സീനിയർ അംഗമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ മാതൃക തുടരണം. നിലവിൽ രണ്ട് ബില്ലുകൂടി എടുക്കാനുള്ളതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഉമ്മൻ ചാണ്ടിയുടെ കാലയളവിൽ അവസാനത്തിലത് 1000 രൂപയാക്കിയിരുന്നു. 2011-ൽ ഫെബ്രുവരിയിലെ ഇടക്കാല ബഡ്ജറ്റിൽ 1000 ആക്കി. നിങ്ങൾ ഇപ്പോൾ 1600-ൽ നിൽക്കുകയാണ്. ആയതിനാൽ അതുപോരാ, അതിലൊരു

വർദ്ധനവുണ്ടാകണം. ഇവിടെ സൂചിപ്പിച്ചത് ഈ നവകേരള സദസ്സിൽ നിങ്ങൾ വരേണ്ടതായിരുന്നു, അവിടെ ഭയങ്കര പരാതികൾ പരിഹരിച്ചുവെന്ന് പറയുന്നു. ഭരണപക്ഷത്തിരിക്കുന്ന ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മനസ്സിൽ പറഞ്ഞിട്ടുണ്ടാകും, നവകേരള സദസ്സിൽ നിങ്ങൾ വരാത്തത് നന്നായിയെന്ന്. കാരണമെന്താണ്; പക്ഷേ ടീച്ചർക്ക് ആ അഭിപ്രായമുണ്ടാകില്ല. നവകേരള സദസ്സിൽ വന്നതിന്റെ അനുഭവമുണ്ടല്ലോ;

മി. ചെയർമാൻ: ശ്രീ. എൻ. ഷംസുദ്ദീൻ ബില്ലിലേയ്ക്ക് തിരിച്ചുവരൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ, പുതുതായി കോട്ടയത്ത് പ്രഖ്യാപിച്ച സ്ഥാനാർത്ഥി ശ്രീ. തോമസ് ചാഴിക്കാടൻ നിങ്ങൾ വരാത്തത് നന്നായിയെന്ന് പറയുന്നുണ്ടാവും. വന്നവർക്കൊക്കെ പോയതിനനുസരിച്ച് കിട്ടിയിട്ടുണ്ട്. എനിക്ക് ഒരുകാര്യം ക്ലാരിഫൈ ചെയ്യണം. സാദിഖ് അലി ശിഹാബ് തങ്ങളുടെ ഒരു സ്റ്റേറ്റ്മെന്റിനെ വളരെ വളച്ചൊടിച്ച് മോശമായി സാംസാരിച്ചുവെന്ന് ശ്രീ. പി. വി. അൻവർ പ്രസംഗിക്കുമ്പോൾ പറഞ്ഞു. .....

മി. ചെയർമാൻ: ശ്രീ. എൻ. ഷംസുദ്ദീൻ ബില്ലിലേയ്ക്ക് തിരിച്ചുവരൂ. പ്ലീസ്..... പ്ലീസ്.....

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സാദിഖ് അലി ശിഹാബ് തങ്ങൾ പള്ളി പൊളിച്ചോട്ടെ എന്ന് പറഞ്ഞിട്ടില്ല. (...ബഹളം.... ബഹളം.....)

മി. ചെയർമാൻ: ശ്രീ. എൻ. ഷംസുദ്ദീൻ ബില്ലിലേയ്ക്ക് തിരിച്ചുവരൂ. പ്ലീസ്.....പ്ലീസ്.....

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സാദിഖ് അലി ശിഹാബ് തങ്ങൾ പറഞ്ഞത് നമ്മൾ പള്ളി പൊളിച്ചതിൽ നമുക്ക് വേദനയുണ്ട്. അത് ഇന്ത്യൻ മുസൽമാന്റെയും രാജ്യത്തെ മതേതര വിശ്വാസികളുടെയും വേദനയാണ്. (...ബഹളം.... ബഹളം.....)

മി. ചെയർമാൻ: യെസ്..... യെസ്....

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടത്തെ മഹാഭൂരിപക്ഷം ഹൈന്ദവ സഹോദരന്മാരും ആ പള്ളി ആക്രമിച്ച് തകർത്തതിനെ ന്യായികരിക്കുന്നില്ല, അത് അംഗീകരിക്കുന്നില്ല. പക്ഷേ നമ്മുടെ കോടതി ഇങ്ങനെയാണ് പറഞ്ഞത്. രാജ്യത്തിന്റെ പരമോന്നത നീതിപീഠമായ കോടതി പറഞ്ഞാൽ അതെല്ലാവർക്കും ബാധകമാണ്. അപ്പോൾ ആ സാഹചര്യത്തിലാണ്..., ഇങ്ങനെയാണ് ഇന്ത്യൻ സാഹചര്യമെന്ന് സാദിഖ് അലി ശിഹാബ് തങ്ങൾ വിശദീകരിക്കുന്നത്.

മി. ചെയർമാൻ: ശ്രീ. എൻ. ഷംസുദ്ദീൻ ബില്ലിലേയ്ക്ക് തിരിച്ചുവരൂ. പ്ലീസ്.....പ്ലീസ്.....

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട ചെയർ, ബില്ലിനെക്കുറിച്ചാണ് ഞാൻ സാംസാരിക്കുന്നത്. മിനിമം ഇവിടെ ഒരു മര്യാദയുണ്ട്. എനിക്ക് സംസാരിക്കാൻ 10 മിനിറ്റുണ്ട്.

മി. ചെയർമാൻ: നേരത്തെ സീനിയർ അംഗം ഉൾപ്പെടെ എല്ലാവരും സമയം പാലിച്ചുകൊണ്ടാണ് സംസാരിച്ചത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സാദിഖ് അലി ശിഹാബ് തങ്ങൾ അങ്ങനെ പറഞ്ഞിട്ടില്ല......., നേരത്തെ ചെയറിലുണ്ടായിരുന്ന ഡെപ്യൂട്ടി സ്പീക്കർ അത് കേൾക്കാൻ തയ്യാറായില്ല. അതുകൊണ്ട് ഞാൻ ഈ സദസ്സിനെ അറിയിക്കുകയാണ്......

മി. ചെയർമാൻ: യെസ്..... യെസ്.... പ്ലീസ്....പ്ലീസ്.... ശ്രീ. ലിന്റോ ജോസഫ് ഇരിക്കൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സാദിഖ് അലി ശിഹാബ് തങ്ങൾക്കോ അദ്ദേഹത്തിന്റെ പാർട്ടിക്കോ അങ്ങനെയൊരു അഭിപ്രായമില്ലായെന്ന് മാത്രമല്ല ബാബറി മസ്ജിദിനുവേണ്ടി ഏറ്റവും കൂടുതൽ പോരാടിയ പാർട്ടി

ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗാണ്. ആ പോരാട്ടം ഞങ്ങൾ എന്നും തുടർന്നിട്ടുണ്ട്, നിലവിലുള്ള കോടതി വിധിയെക്കുറിച്ച് മാത്രമാണ് സാദിഖ് അലി ശിഹാബ് തങ്ങൾ പറഞ്ഞിട്ടുള്ളത്. (ബഹളം....ബഹളം.....)

മി. ചെയർമാൻ: യെസ്..... യെസ്.... പ്ലീസ്....പ്ലീസ്....

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ എന്റെ സംസാരം അവസാനിപ്പിക്കുകയാണ്. എനിക്ക് ഒരു കാര്യം കൂടി സൂചിപ്പിക്കാനുള്ളത്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട്, നമ്മുടെ പ്രയോരിറ്റികളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളൊന്നും വളരെ പിറകോട്ട് പോകരുത്. എന്റെ നിയോജകമണ്ഡലത്തിലെ അട്ടപ്പാടി റോഡിന്റെ മൂന്ന് phase-ൽ, ഒരു phase-ന് മാത്രമേ അനുവാദം ലഭിച്ചിട്ടുള്ളൂ. ഇനിയും രണ്ട് phase-ന് അനുവാദം ലഭിക്കാനുണ്ട്. അതങ്ങ് അടിയന്തരമായി നൽകണം. ഈ കേരളത്തിൽത്തന്നെ ഏറ്റവും കൂടുതൽ ആദിവാസികൾക്ക് സഞ്ചരിക്കാനുള്ള ഏക റോഡാണത്. കേരളത്തിൽ ഏറ്റവും കൂടുതൽ ആദിവാസികൾ താമസിക്കുന്ന പ്രദേശമാണ് അട്ടപ്പാടി. പ്രസ്തുത റോഡിന്റെ രണ്ടുമൂന്ന് phase-കൾക്ക് അനുവാദം നൽകാൻകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്ന് ഈ ബില്ലിൽ പറഞ്ഞുകൊണ്ട് ഞാൻ എന്റെ വിയോജിപ്പ്

ഇവിടെ രേഖപ്പെടുത്തുകയാണ്.

ശ്രീ. ലിന്റോ ജോസഫ്: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ. ഇവിടെ സാംസാരിക്കുന്ന ഘട്ടത്തിൽ സൂചിപ്പിച്ചൊരു കാര്യം. അതിൽ തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവന അദ്ദേഹം നടത്തുകയുണ്ടായി. അത് കേരളത്തിലെ ക്ഷേമ പെൻഷനുമായി ബന്ധപ്പെട്ടുകൊണ്ടാണ്. പോയിന്റ് ഓഫ് ഓർഡറാണ് (ബഹളം.... ബഹളം.....) തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവനയാണ്.

മി. ചെയർമാൻ: യെസ്..... യെസ്.... മറുപടിയല്ല. പോയിന്റ് ഓഫ് ഓർഡറാണ്. ശ്രീ. ലിന്റോ ജോസഫ് പറയൂ...

ശ്രീ. ലിന്റോ ജോസഫ്: സർ, അദ്ദേഹം ഇവിടെ സൂചിപ്പിച്ചത് ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ക്ഷേമ പെൻഷൻ....., ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഗവൺമെന്റിന്റെ കാലത്ത് 300 രൂപ ആയിരുന്നു. ഇവരത് 1000 രൂപ ആക്കിയെന്നാണ്. അതിനകത്ത് ഏറ്റവും വലിയ വിരോധാഭാസം എന്തെന്നാൽ, 2016-ലെ യു.ഡി.എഫ്.-ലെ പ്രകടന പത്രികയിൽ ക്ഷേമ പെൻഷൻ 1000 ആക്കുമെന്നാണ്. എങ്ങനെയാണ്

ക്ഷേമ പെൻഷൻ 1000 ആക്കിയിട്ടുള്ള ഒരു ഗവൺമെന്റ് അടുത്തുവരുന്ന തെരഞ്ഞെടുപ്പിന്റെ പ്രകടന പത്രികയിൽ 1000 രൂപ ക്ഷേമ പെൻഷനാക്കുമെന്ന് വരുന്നത്. അതൊരു തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവനയാണ്. അത് തിരുത്തണം. Section-**307** പ്രകാരം അത് നീക്കം ചെയ്യണം.

മി. ചെയർമാൻ: സഭാ രേഖകളിൽനിന്ന് പരിശോധിച്ച് ആവശ്യമായ നടപടിയുണ്ടാകും.+

ശ്രീ. വി. കെ. പ്രശാന്ത്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പണം വച്ചുള്ള ചൂതാട്ടങ്ങൾക്ക് 28 ശതമാനം GST ഏർപ്പെടുത്തുന്നതിനായി 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബില്ലാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടുവച്ചിരിക്കുകയാണ്. വാതുവയ്പ്പ്, കാസിനോ, കുതിരപ്പന്തയം, ഓൺലൈൻ ഗെയിം എന്നിവ ഉൾപ്പെടെയുള്ളവയ്ക്ക് 50-ാമത് ജി.എസ്.ടി.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫ.നം.2765/ഇ.ബി./2024/നി.സെ.) സഭാരേഖകളിൽ നിലനിർത്തി.

കൗൺസിൽ യോഗം 28 ശതമാനം ജി.എസ്.ടി. നിശ്ചയിച്ചിരുന്നു. അതനുസരിച്ചുള്ള ഒരു ഭേദഗതിയാണ് ഇവിടെയും കൊണ്ടുവന്നിരിക്കുന്നത്, നിലവിൽ ജി.എസ്.ടി. നിയമത്തിലുണ്ടായിരുന്ന അവ്യക്തതകൾ നീക്കിക്കൊണ്ടുള്ള ചില കാര്യങ്ങളും ബില്ലിൽ ഉൾപ്പെട്ടിട്ടുണ്ട്. 1960-ലെ ഗെയിമിംഗ് ആക്ടിന് ഈ ബിൽ വിരുദ്ധമാണെന്ന രീതിയിൽ ഒരു വിയോജനം ഇവിടെ രേഖപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ നിലനിർത്തിക്കൊണ്ടാണ് ഇത്തരത്തിലുള്ള ഭേദഗതി വരുന്നതെന്നുള്ള കാര്യം പ്രത്യേകമായി ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. നിയമസഭയിൽ പ്രസ്തുത നിയമത്തെ സംബന്ധിച്ച പരാമർശം വന്നപ്പോൾത്തന്നെ ഏതാനും പത്രങ്ങളും സുഹൃത്തുക്കളിൽപലരും ഓൺലൈൻ ചൂതാട്ടത്തെ ഈ ബിൽ പ്രോത്സാഹിപ്പിക്കില്ലേ എന്നതരത്തിൽ ചർച്ചകൾ ചെയ്തിരുന്നതിനാൽ അന്നുതന്നെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അക്കാര്യത്തിലുള്ള വിശദീകരണം നൽകിയിരുന്നു. ജി.എസ്.ടി. കൗൺസിൽ യോഗത്തിൽത്തന്നെ പ്രസ്തുത വിഷയം കേരളം ഉന്നയിച്ചപ്പോൾ, നേരത്തെയുണ്ടായിരുന്ന നിയമം ഇപ്പോഴും പ്രാബല്യത്തിലുണ്ടെന്നും പുതിയ നിർദ്ദേശം ഇത്തരം ഗെയിമുകളെ

നിരോധിക്കാനുള്ള സംസ്ഥാനങ്ങളുടെ അവകാശത്തെ ഹനിക്കുന്നതല്ലെന്നും ജി.എസ്.ടി. കൗൺസിലിൽ ഹാജരായിട്ടുള്ള അറ്റോർണി ജനറൽ ഉൾപ്പെടെയുള്ളവർ കൃത്യമായി പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനം ഇത്തരമൊരു നിയമ ഭേദഗതിയുമായി മുമ്പോട്ടുപോകുന്നത്. അതുകൊണ്ട് ചൂതാട്ടങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഒരു ഭേദഗതിയല്ലെന്ന് കൃത്യമായി പറയാൻ ആഗ്രഹിക്കുകയാണ്, നിലവിലുണ്ടായിരുന്ന 18 ശതമാനം നികുതി നിരക്ക് 28 ശതമാനമായി ഉയർത്തുകയാണ്. ഇത്രയുംകൂടുതൽ നികുതിയടച്ചുകൊണ്ട് അത്തരത്തിലുള്ള ഗെയിമുകളിലേയ്ക്ക് പോകില്ലെന്ന ഒരു വിശ്വാസംകൂടി അതിനകത്ത് വരികയാണ്. മാത്രമല്ല നമ്മുടെ സംസ്ഥാനം ഇത്തരം ചൂതാട്ടങ്ങൾക്ക് എതിരാണെന്ന നിലപാടും നമ്മുടെ സംസ്കാരം അതിനുപറ്റിയതല്ലെന്നും ജി.എസ്.ടി. കൗൺസിലിന്റെ ഒരു പൊതു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭേദഗതി കൊണ്ടുവരുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. അഡീഷണൽ സോളിസിറ്റർ ജനറലിന്റെ അഭിപ്രായം ജി.എസ്.ടി. കൗൺസിലിന്റെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ ബില്ലിലെ ഒരു വ്യവസ്ഥയിൽ ഇക്കാര്യം

വ്യക്തമാക്കുന്നുണ്ട്, " 5. Transitory provision- The amendments made under this Act shall be without prejudice to the provisions of any other law for the time being in force, providing for prohibiting, restricting or regulating betting, casino, gambling, horse racing, lottery or online gaming." ഇത്തരത്തിലുള്ള ഒരു വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളുന്നതുകൊണ്ട് വിയോജന പ്രസംഗത്തിൽ പറഞ്ഞ പലകാര്യങ്ങൾക്കും അടിസ്ഥാനമില്ലെന്നുകൂടി പറയാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ ഉൾപ്പെടെയുള്ളവരുടെ പ്രസംഗത്തിൽ മറ്റുപല കാര്യങ്ങളും പരാമർശിച്ചിരിക്കുന്നതിനാൽ എന്റെ പ്രസംഗത്തിലും അത്തരം കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കേണ്ടിവരും. ശ്രീ. എൻ. ഷംസുദ്ദീൻ ഉൾപ്പെടെയുള്ള യു.ഡി.എഫ്. അംഗങ്ങൾ പരാമർശിച്ചിരിക്കുന്നത് കേരളം കടക്കെണിയിൽ അകപ്പെട്ടുപോയി എന്നാണ്. ഇവരുടെയെല്ലാം ആഗ്രഹം എന്താണ്? കേരളം കേന്ദ്രത്തിന്റെ സാമ്പത്തിക ഉപരോധത്തിൽപ്പെട്ട് കടക്കെണിയിലേയ്ക്ക് എത്തിപ്പെട്ട് തകർന്നുപോകുകയും ശ്രീലങ്കയെപ്പോലെ മാറിപ്പോകണം എന്ന് ആഗ്രഹിക്കുന്നവരായി യു.ഡി.എഫ്. അംഗങ്ങൾ മാറുന്നുവെന്ന് കാണേണ്ടതുണ്ട്. ഇവരുടെ മനസ്സിലിരിപ്പ് അതാണ്.

നേരത്തെ ഇവിടെ പറഞ്ഞപോലെ “ മകൻ ചത്താലും വേണ്ടില്ല, മരുമകളുടെ കണ്ണീര് കാണണം” എന്ന മനോഭാവത്തിലേയ്ക്ക് അവർ എത്തിപ്പെട്ടിരിക്കുകയാണ്. ഞങ്ങൾക്ക് ഭരണമില്ലെങ്കിൽ പ്രളയംവന്ന് ഇതൊക്കെ നശിച്ചുപോകട്ടേ എന്നുള്ള മനസ്ഥിതിയുള്ളവരായി യു.ഡി.എഫ്. മാറിയെന്നത് മുഴുവൻ മലയാളികളെയും പ്രയാസപ്പെടുത്തുന്ന കാര്യമാണ്. ജനവിരുദ്ധ നയങ്ങൾ പാർലമെന്റിൽ വരുമ്പോൾ യു.ഡി.എഫ്.-ന്റെ എം.പി.-മാർ എവിടെ പോകുകയാണ്; കേരളത്തെയും പ്രതിപക്ഷ കക്ഷികൾ ഭരിക്കുന്ന ഇതര സംസ്ഥാനങ്ങളെയും ബാധിക്കുന്ന നിയമനിർമ്മാണങ്ങൾ കേന്ദ്രം നടത്തുമ്പോൾ യു.ഡി.എഫ്.-ന്റെ എം.പി.-മാരുടെ ജോലി എന്താണ്? തിരുവനന്തപുരത്തിന് ഒരു എം.പി.-യുണ്ട്, ജയിച്ചുകഴിഞ്ഞാൽ നാലര വർഷം കഴിഞ്ഞാൽമാത്രമേ നാട്ടിലേയ്ക്ക് വരികയുള്ളൂവെന്നത് അദ്ദേഹത്തിന്റെ സ്ഥിരം ശൈലിയാണ്. എന്തെങ്കിലും വികസനപ്രവർത്തനം നടത്തിയോയെന്ന് ചോദിച്ചാൽ കുറച്ച് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്, അതാണ് ആഗോള മനുഷ്യന്റെ വികസനപ്രവർത്തനമായി നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുന്നത്. അദ്ദേഹം വിശ്വപൗരനാണെന്നാണ് പറയപ്പെടുന്നത്. അദ്ദേഹത്തിന്റെ

കഴിവും കേന്ദ്രസർക്കാരിലുള്ള സ്വാധീനവുമുപയോഗിച്ചുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള വികസനപ്രവർത്തനം കേരളത്തിൽ കൊണ്ടുവരാൻ സാധിച്ചുവോ എന്ന ചോദ്യത്തിന് എന്റെ യു.ഡി.എഫ്. സ്നേഹിതന്മാർ മറുപടി പറയുമോ; ഞാൻ മേയറായിരിക്കുന്ന അവസരത്തിൽത്തന്നെ ബാഴ്സലോണ സിറ്റിയായി (Twin city) ഈ നഗരത്തെ മാറ്റുമെന്ന് പറഞ്ഞിരുന്നു, ആ Twin city എവിടെപ്പോയി? ആ വിശ്വപൗരന്റെ പ്രഭാവമുപയോഗിച്ചുകൊണ്ട് ഒരു വികസനവും കൊണ്ടുവരാൻ സാധിച്ചില്ലെന്ന കാര്യത്തിൽ നിങ്ങൾ മറുപടി പറയേണ്ടിവരും. ബി.ജെ.പി.-യെ എതിർക്കേണ്ടത് അവരുടെ നിലനിൽപ്പിന്റെ പ്രശ്നമാണെന്ന് സുഹൃത്ത് ശ്രീ. നജീബ് കാന്തപുരം ഇവിടെ സൂചിപ്പിച്ചു. നിലനിൽപ്പിനുവേണ്ടി എന്നുപറയുന്ന ലീഗിന്റെ സമുന്നത നേതാവ് പറഞ്ഞകാര്യം ഞാൻ ആവർത്തിക്കുന്നില്ല, ലീഗിന്റെ ഒട്ടുമിക്ക അംഗങ്ങളും സഭയിലില്ലാത്തതിനാൽ ബഹളമുണ്ടാകുമെന്ന് തോന്നുന്നില്ല. അവരുടെ പരമോന്നത നേതാവ് തന്നെ പള്ളി പൊളിച്ചതിനെ ന്യായീകരിച്ചത് നാം മാധ്യമങ്ങളിലൂടെ കണ്ടതാണ്. ഇത് കാണിക്കുന്നത്, ബി.ജെ.പി.-യുടെ വർഗ്ഗീയ നയങ്ങൾക്ക് കീഴ്പെടുന്ന രീതിയിൽ യു.ഡി.എഫ്. ഒന്നാകെ മാറുന്നുവെന്നാണ്. എൽ.ഡി.എഫ്.-ഉം

ഇടതുപക്ഷ മനസ്സുള്ള ജനങ്ങളും ഇവിടെയുള്ളിടത്തോളം കാലം ബി.ജെ.പി.-യുടെ വർഗ്ഗീയ ആദർശങ്ങൾക്ക് കേരളത്തിൽ ഒരു സ്ഥാനവും ഉറപ്പിക്കാൻ കഴിയില്ലെന്ന് കൃത്യമായി പറയാൻ സാധിക്കും. നേമം നിയോജകമണ്ഡലത്തിൽ അവർക്ക് ഒരു സീറ്റ് ഉണ്ടായിരുന്നു, ആ സീറ്റ് ഞങ്ങൾ പൊട്ടിച്ചു. 'നിങ്ങൾക്കുള്ള ഒരു സീറ്റ് ഞങ്ങൾ ഒഴിവാക്കും, അക്കൗണ്ട് ക്ലോസ് ' ചെയ്യുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേമത്ത് പോയി പ്രസംഗിച്ചു, നേമത്തെ ജനങ്ങൾ അക്കാര്യം അക്ഷരംപ്രതി പാലിച്ചുകൊണ്ട് നിയമസഭയിൽ ബി.ജെ.പി.-ക്ക് ഉണ്ടായിരുന്ന ഒരേ ഒരു സീറ്റ് ഇല്ലാതാക്കി, അക്കൗണ്ട് ക്ലോസ് ചെയ്തു. അങ്ങനെയുള്ള പാരമ്പര്യമുള്ളവരാണ് നമ്മൾ മലയാളികളെന്നത് നമുക്കെല്ലാവർക്കും അഭിമാനം നൽകുന്ന കാര്യമാണ്. പ്രിയപ്പെട്ട ശ്രീ. പി. സി. വിഷ്ണുനാഥ്, ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തുന്നതിനെ സംബന്ധിച്ച് സംസാരിക്കുകയുണ്ടായി, ഇവിടെ പ്രചരിപ്പിക്കുന്നത് എന്താണ്? നമുക്ക് നിയമപരമായി ലഭിക്കേണ്ട ധനകാര്യ കമ്മീഷന്റെ വിഹിതം വെട്ടിക്കുറയ്ക്കുന്നു, ജി.എസ്.ടി. നഷ്ടപരിഹാരം ഒഴിവാക്കുന്നു, മറ്റെല്ലാ സാമ്പത്തികാനുകൂല്യങ്ങളും വെട്ടിച്ചുരുക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ

കേന്ദ്രവിഹിതവും വെട്ടിക്കുറയ്ക്കുന്നു. ഇതെല്ലാം കഴിഞ്ഞ വർഷംതന്നെ വെട്ടിച്ചുരുക്കിയതല്ലേ, നിങ്ങൾ അക്കാര്യം വീണ്ടും ചോദിക്കുന്നത് എന്തിനാണെന്നാണ് ഇവരുടെ ചോദ്യം. ഇത് ജനങ്ങളോടുള്ള വെല്ലുവിളിയല്ലേ? കേരളത്തിലെ ജനങ്ങളിൽനിന്നും ശേഖരിക്കുന്ന നികുതി വിഹിതം ന്യായമായും കേരളത്തിന് നൽകണമെന്ന് പറയുന്നതിനുപകരം കേന്ദ്രം വെട്ടിക്കുറച്ചതല്ലേ, എന്തിനാ വീണ്ടും മിണ്ടുന്നതെന്ന് ചോദിക്കുന്ന രീതിയിലേയ്ക്ക് യു.ഡി.എഫ്. മാറുകയാണ്. ഈ നിലപാട് തിരുത്താൻ അവർ തയ്യാറാകണം, അല്ലെങ്കിൽ വരുന്ന പാർലമെന്റ് ഇലക്ഷനിൽ ജനങ്ങൾ തിരുത്താൻ തയ്യാറാകുമെന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 'സമരാഗ്നി' ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കട്ടെ, നവ കേരള സദസ്സ് നമ്മൾ നടത്തിയപ്പോൾ യോഗസ്ഥലങ്ങളിൽ രാവിലെ 11 മണി മുതൽ പരാതികൾ സ്വീകരിക്കാനുള്ള കൗണ്ടറുകൾ ആരംഭിച്ചു, മന്ത്രിമാർ സഞ്ചരിക്കുന്ന ബസ് ഓരോ യോഗസ്ഥലത്തും എത്തിച്ചേരുന്നത് നാല് മണിക്കാണ്. മുഴുവൻ ജനങ്ങൾക്കും ഇരുപതോളം കൗണ്ടറുകളിലൂടെ പരാതികൾ കൊടുക്കാനുള്ള സൗകര്യമൊരുക്കി. ആരേയും കാത്തുനിർത്താതെ മുഴുവൻ

പരാതിക്കാരുടെയും അപേക്ഷകൾ സ്വീകരിച്ചു. ശ്രീ. പി. വി. അൻവർ സൂചിപ്പിച്ചപോലെ പരമാവധി പരാതികൾ തീർത്തുകൊണ്ടിരിക്കുകയാണ്. 'സമരാഗ്നി'യിൽ കാണുന്നത് എന്താണ്? കോൺഗ്രസിന്റെ പ്രവർത്തകരിൽനിന്നും പരാതി സ്വീകരിക്കാൻ അവിടെ ആളില്ല. കെ.പി.സി.സി. പ്രസിഡന്റും, പ്രതിപക്ഷനേതാവും എത്തിച്ചേർന്ന് പരാതി സ്വീകരിക്കുമെന്നാണ് പറഞ്ഞത്, അവിടെ ആളില്ലാത്തതിനാൽ കോൺഗ്രസുകാർതന്നെ ബഹളം വയ്ക്കുന്ന നിലയിലേയ്ക്ക് പരിപാടി മാറിയിരിക്കുകയാണ്. നവകേരള സദസ്സിൽ പരാതിക്കാരെ കൊണ്ടുവന്ന് സദസ്സ് നിറച്ചുവെന്ന് പറയാനുള്ള ഒരു അവസരം പ്രതിപക്ഷത്തിനില്ലാതെപോയി. അക്കാര്യങ്ങളെല്ലാം ജനങ്ങൾ വളരെ നല്ലരീതിയിൽ മനസ്സിലാക്കിയിട്ടുണ്ട്. ഒരു കാര്യംകൂടി പറയട്ടെ, ഇപ്പോൾ ബി.ജെ.പി.-യുടെ 'പദയാത്ര' നടക്കുകയാണ്. ശ്രീ. അമിത് ഷാ ഉൾപ്പെടെയുള്ള നേതാക്കൾ ഇവിടേയ്ക്ക് വരുന്നില്ല, അവർക്ക് കേരളത്തെക്കുറിച്ചുള്ള പ്രതീക്ഷയറ്റുവെന്നാണ് ഇത് കാണിക്കുന്നത്. കേരളത്തിലെ ജനങ്ങൾ പ്രബുദ്ധമായി ചിന്തിക്കുന്നുവെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

തിരുവനന്തപുരത്തിനായി ബഡ്ജറ്റിൽ ധാരാളം കാര്യങ്ങൾ നൽകിയിട്ടുണ്ട്, അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. തിരുവനന്തപുരത്ത് ഇനിയും ധാരാളം വികസനപ്രവർത്തനങ്ങൾ വരട്ടെ. TRIDA-യ്ക്ക് 4 കോടിരൂപ വകയിരുത്തിയിട്ടുണ്ട്, വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം നടക്കുമ്പോൾ അവിടെ ഒരു റീഹാബിലിറ്റേഷൻ കോംപ്ലക്സ് നിർമ്മിക്കുകയാണ്. ഏതാണ്ട് 30 കോടി രൂപയോളം അതിനായി ചെലവഴിക്കേണ്ടതായി വരും. അതിനാൽ പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടൽ ഉണ്ടാകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് അങ്ങ് അവതരിപ്പിച്ച ബില്ലിനെ പിന്താങ്ങിക്കൊണ്ട് വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കാസർഗോഡ് സ്വദേശിയായ പി. കെ. റോഷൻ ഓൺലൈൻ റമ്മി കളിച്ചതിന്റെ ദുരന്തഫലമായിട്ടാണ് ഇടുക്കിയിൽ ആത്മഹത്യ ചെയ്തത്. സഹോദരിക്ക് മാരകരോഗമാണെന്നുപറഞ്ഞ് സഹപ്രവർത്തകരിൽനിന്നും

കടം വാങ്ങിയിരുന്നെങ്കിലും അത് തിരിച്ചുകൊടുക്കാൻ കഴിയാത്തതുകൊണ്ടാണ് അദ്ദേഹം ആത്മഹത്യ ചെയ്തത്. അതുപോലെ കോഴിക്കോട് എൻ.ഐ.ടി.-യിൽ വിദ്യാർത്ഥി ആത്മഹത്യ ചെയ്തു. തെലുങ്കാന സ്വദേശിയും കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ് വിദ്യാർത്ഥിയുമായ 18 വയസ്സുകാരൻ യശ്വന്ത് ഹോസ്റ്റലിന് മുകളിൽനിന്ന് ചാടി മരിച്ചു. ഓൺലൈനിൽ പണം നഷ്ടപ്പെട്ടത് കാരണമാണെന്നാണ് യശ്വന്തിന്റെ മുറിയിൽനിന്നും ലഭിച്ച ആത്മഹത്യ കുറിപ്പിൽ പറയുന്നത്. നമ്മുടെ നാട്ടിൽ ഇന്ന് എത്രയെത്ര വീടുകളിലാണ് അമ്മമാർ കണ്ണീരോടെ കഴിയുന്നത്. നല്ല വീടും സാമ്പത്തിക ഭദ്രതയുമുണ്ട്. ഒരു കാര്യത്തിനും കുറവില്ല, പക്ഷേ ആ വീട്ടിൽ സന്തോഷവും സമാധാനവുമില്ല. മകൻ/മകൾ അച്ഛനോടും അമ്മയോടും സംസാരിക്കില്ല; അമ്മയെ അനുസരിക്കില്ല; ധിക്കാരത്തോടുകൂടി അമ്മയോട് പെരുമാറും. മയക്കുമരുന്നിനെതിരെ ധീരമായ പോരാട്ടമാണ് നമ്മൾ ഇപ്പോൾ നടത്തുന്നതെന്ന് പറയുന്നുണ്ട്. ഒരു ശത്രുവിനോടുള്ള യുദ്ധമെന്നപോലെയാണ് മയക്കുമരുന്നിനെതിരെയുള്ള യജ്ഞം കേരളത്തിൽ നടത്തിയത്. നമ്മുടെ കുട്ടികളെ/ഭാവി തലമുറയെ രക്ഷിക്കുന്നതിനുവേണ്ടിയാണ് ഈ യജ്ഞം നടത്തിയത്. നാളെ

മയക്കുമരുന്ന് തോന്നിയതുപോലെ ഉപയോഗിക്കാം, അതിന് ജി.എസ്.ടി. ഏർപ്പെടുത്തിയാൽ ഇഷ്ടം പോലെ ഉപയോഗിക്കാമെന്ന് വന്നാൽ അങ്ങനെയുള്ള ഒരു ബില്ലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിക്കുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. കേന്ദ്രം ഈ ബിൽ അവതരിപ്പിക്കുകയും നിയമമാക്കുകയും ചെയ്തു. പക്ഷെ നമ്മൾ ഈ നിയമസഭയിൽ അവതരിപ്പിച്ചില്ലെങ്കിലും അതിൽ കാര്യമായ പന്തികേടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ധാർമ്മികതയുടെ പേരിലെങ്കിലും ഈ ബിൽ ഞങ്ങൾ നിയമസഭയിൽ കൊണ്ടുവരില്ലെന്ന് പറയാനുള്ള ആർജ്ജവം ബഹുമാനപ്പെട്ട മന്ത്രി കാണിക്കണമായിരുന്നു എന്നാണ് എനിക്ക് ഇതുസംബന്ധിച്ച്  പറയാനുള്ളത്.

ബെറ്റിംഗ്, കാസിനോസ് തുടങ്ങിയവ ഓൺലൈൻ ഗെയിമുകളാണ്. ബോംബെ തുടങ്ങിയ നഗരങ്ങളിലുള്ള ക്ലബ്ബുകളുംമറ്റും കാസിനോസിൽ ഉൾപ്പെടുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഗാംബ്ലിംഗ്, ഹോഴ്സ് റേസിംഗ്, ലോട്ടറി, ഓൺലൈൻ മണി ഗെയിമിംഗ് തുടങ്ങിയ ഗെയിമുകൾക്കെല്ലാം ഇഷ്ടാനുസരണം പ്രവർത്തിക്കാൻ അനുവാദം നൽകിയാൽ നമ്മുടെ സംസ്ഥാനം എവിടെ എത്തിച്ചേരുമെന്നാണ് നാം മനസ്സിലാക്കേണ്ടത്.

എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, നേരത്തെ പറഞ്ഞതുപോലെ ഈ ബിൽ നിയമസഭയിൽ അവതരിപ്പിക്കാൻ നമുക്ക് കഴിയില്ലെന്ന് പറയാനുള്ള ആർജ്ജവം ബഹുമാനപ്പെട്ട മന്ത്രി കാണിക്കണമായിരുന്നു.

മറ്റൊരു കാര്യം, ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട ബില്ലാണിത്. ജി.എസ്.ടി. കളക്ഷൻ നാല് വർഷം കൊണ്ട് ഇരട്ടിയായെന്നാണ് പറയുന്നത്. കോവിഡ് സമയത്തെ കളക്ഷനുമായി താരതമ്യം ചെയ്യുമ്പോഴാണ് അത് ഇരട്ടിയായി തോന്നുന്നത്. ഇവിടെ ജി.എസ്.ടി. കളക്ഷൻ വേണ്ടപോലെ നടക്കുന്നില്ലെന്നതാണ് പരമാർത്ഥം. ജി.എസ്.ടി. കുടിശ്ശിക പിരിച്ചെടുക്കാൻ സാധിക്കുന്നില്ല. റവന്യൂ റിക്കവറി സംവിധാനം ഇതിനില്ല. ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും പറയുന്നത് നമ്മുടെ റീസ്ട്രക്ച്ചർ പഠിക്കാൻ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ആളുകൾ എപ്പോഴും വന്നുപോകുന്നുവെന്നാണ്. പക്ഷേ ജി.എസ്.ടി. ഓഫീസുകളിൽ കമ്പ്യൂട്ടറോ വാഹന സൗകര്യങ്ങളോ ഇല്ലെന്നതാണ് വാസ്തവം. നമ്മുടെ ഓഫീസിൽ കുറേ ആളുകൾ ജോലി ചെയ്യുന്നുണ്ടാകും. എന്നാൽ ഒരാൾക്കും അവിടെ ശരിയായ രീതിയിൽ ഇരിക്കാനുള്ള സൗകര്യങ്ങളോ സംവിധാനങ്ങളോ

ഇല്ല. ഓഫീസിലുള്ള സഹപ്രവർത്തകൻ കസേരയിൽനിന്ന് എപ്പോഴാണ് എഴുന്നേൽക്കുന്നത് എന്നുനോക്കിയാണ് അടുത്ത ആൾ നിൽക്കുന്നത്. അയാൾ എണീറ്റാൽ അടുത്ത ആൾ ഇരിക്കും. അതാണ് അവസ്ഥ. ചാലയിൽ ഒരു ഹോട്ടലുണ്ട്. എല്ലാവരും അവിടെ ഭക്ഷണം കഴിക്കാൻ പോയിട്ടുണ്ടാകും. ആളുകൾ ഭക്ഷണം  കഴിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മൾ അവരുടെ പിറകിൽ നിൽക്കും. അയാൾ എഴുന്നേൽക്കുന്ന തക്കം നോക്കി നമ്മൾ അവിടെ ഇരിക്കും. അതാണ് ഇപ്പോൾ ജി.എസ്.ടി. ഓഫീസിലെ ജീവനക്കാരുടെയും സ്ഥിതി. അതൊന്ന് മാറ്റിയെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മറ്റൊന്ന്, ചെക്ക്പോസ്റ്റ് നിർത്തലാക്കിയതോടെ വാഹനപരിശോധന നല്ലരീതിയിൽ നടക്കുന്നില്ല. സർക്കാരിന് വരുമാനം കൂട്ടിത്തരാനുള്ള മാർഗ്ഗമാണ് ഞാൻ പറയുന്നത്. നിലവിൽ ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധന  ശരിയായ രീതിയിൽ നടക്കുന്നില്ല. പ്രത്യേകിച്ച് അതിർത്തി ജില്ലകളിൽ ചെക്ക് പോസ്റ്റില്ലെങ്കിലുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ഞാൻ പ്രത്യേകം സൂചിപ്പിക്കേണ്ട ആവശ്യമില്ല. മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത്, കാസർഗോഡ് ജില്ലയിൽ ജി.എസ്.ടി. കോംപ്ലക്സ് പണിയേണ്ടത് അത്യാവശ്യമാണ്. കഴിഞ്ഞദിവസം ഇതുസംബന്ധിച്ച്

ബഹുമാനപ്പെട്ട മന്ത്രിക്കൊരു കത്ത് നൽകിയിട്ടുണ്ട്. 20 സെന്റ് സ്ഥലം കാസർഗോഡ് നഗരത്തിലുണ്ട്. അവിടെ ജി.എസ്.ടി. കോംപ്ലക്സ് പണിയുന്നതിന് ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കണം.

മുതിർന്ന മാധ്യമപ്രവർത്തകരുടെ പെൻഷൻ കുടിശ്ശിക ഇതുവരെ വിതരണം ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞയാഴ്ച കേരള ശാസ്ത്രോത്സവം കാസർഗോഡ് ഉദ്ഘാടനം ചെയ്തു. അവിടെനിന്ന് ചില ആളുകൾ എനിക്ക് നൽകിയ നിവേദനത്തിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് 01-07-2019 മുതൽ അനുവദിച്ച 11-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ലെന്ന് പറഞ്ഞിരിക്കുന്നു. ഈ ഫയൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിലുണ്ടെന്നാണ് അവർ പറഞ്ഞത്. അക്കാര്യത്തിൽ ഫലപ്രദമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. എനിക്ക് മുമ്പ് പ്രസംഗിച്ച ശ്രീ. വി. കെ. പ്രശാന്ത് പറഞ്ഞത് തിരുവനന്തപുരത്ത് ഒരു എം.പി.-യുണ്ട്, അദ്ദേഹം തിരുവനന്തപുരത്ത് വരാറേയില്ലെന്നാണ് പറഞ്ഞത്.

മി. ചെയർമാൻ: യെസ്......യെസ്........ ബില്ലിന്മേലാണ് ചർച്ച

ചെയ്യേണ്ടത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അദ്ദേഹവും ബില്ലിലാണല്ലോ ഇക്കാര്യം സംസാരിച്ചത്. ശ്രീ. വി. കെ. പ്രശാന്തിന് എന്തോ സംഭവിച്ചുവെന്നാണ് എനിക്ക് തോന്നുന്നത്. ഇത് നിയമസഭ അല്ല ഏതോ തെരഞ്ഞെടുപ്പ് യോഗത്തിൽ പ്രസംഗിക്കുന്നതുപോലെയാണ് അദ്ദേഹം പ്രസംഗിച്ചത്. എനിക്ക് ശ്രീ. വി. കെ. പ്രശാന്തിനെ ഓർമ്മപ്പെടുത്താനുള്ളത് കേരളത്തിന്റെ പഴയ ചരിത്രം പരിശോധിച്ചുനോക്കണമെന്നാണ്. ചില എം.പി.-മാരെ/ചില സ്ഥാനാർത്ഥികളെ മണ്ഡലത്തിൽ അവർ വന്നില്ലെങ്കിലും അവരെ എം.പി.-യായി തെരഞ്ഞെടുത്ത പാരമ്പര്യം കേരളത്തിലുണ്ട്. മുസ്ലീംലീഗിന്റെ മഹാനായ നേതാവും മുമ്പ് എം.പി.-യുമായിരുന്ന ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ്, മഞ്ചേരിയിൽ ഇലക്ഷന് മത്സരിക്കുമ്പോൾ രണ്ട് പ്രാവശ്യം മാത്രമേ അദ്ദേഹം ആ മണ്ഡലത്തിൽ വരാറുള്ളൂ.

മി. ചെയർമാൻ: യെസ്.... പ്ലീസ് കൺക്ലൂഡ്.......

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഒന്ന്, അദ്ദേഹം നോമിനേഷൻ കൊടുക്കുമ്പോൾ വരും പിന്നീട് ഫലപ്രഖ്യാപനം കഴിഞ്ഞ് ജയിച്ചുവെന്ന്

അറിയുമ്പോൾ റിട്ടേണിംഗ് ഓഫീസറുടെ മുമ്പിൽ ഒപ്പിടാൻവേണ്ടിയും വരും. ഡോ. ശശി തരൂർ ഒരു വിശ്വപൗരനാണ്. കേരളത്തിന്റെ അഭിമാനമായ ഡോ. ശശി തരൂരിനെ തിരുവനന്തപുരത്തെ ജനങ്ങൾക്ക് നല്ലതുപോലെ അറിയാം. അപ്പോൾ ശ്രീ. വി. കെ. പ്രശാന്ത് പറയുന്നതുപോലെയല്ല, തിരുവനന്തപുരം മണ്ഡലത്തിലെ ഓരോ സാധാരണക്കാരന്റെയും ഹൃദയത്തിൽ ജീവിക്കുന്ന ജനപ്രതിനിധിയാണ് ഡോ. ശശി തരൂർ എന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അതുപോലെ ശ്രീ. വി. കെ. പ്രശാന്ത്, പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളെക്കുറിച്ച് പറഞ്ഞു. സാദിഖലി തങ്ങൾ, പാണക്കാട് കുടുംബം എന്നുപറഞ്ഞില്ലെങ്കിൽ ചില ആളുകൾക്ക് ഉറക്കം വരാത്ത അവസ്ഥയാണുള്ളത്. അതാണ് ശ്രീ. വി. കെ. പ്രശാന്തിനുമുള്ളതെന്ന് ഞാൻ പറയാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ഇവർക്ക് ഉറക്കം വരാൻ ഇനിയും പാണക്കാട് തങ്ങൾ, പാണക്കാട് തങ്ങൾ എന്നുപറയട്ടെ എന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, ഈ ബിൽ സംബന്ധിച്ച ചർച്ചയെക്കാളും കൂടുതൽ മറ്റ് ധാരാളം കാര്യങ്ങൾ ചർച്ച

ചെയ്തുപോകുകയാണ് ചെയ്തത്. ബഡ്ജറ്റിൽ സംസാരിക്കാനുള്ള സമയം ലഭിക്കാത്ത അംഗങ്ങളാകുമ്പോൾ ബഡ്ജറ്റിൽ പറയാനുള്ള കാര്യം കൂടി ഇതിൽ പറയുന്നതിന് സമയമെടുക്കുന്നത് സാധാരണഗതിയിൽ ചെയ്യുന്നതാണ്. അതിനകത്ത് അപാകടമുണ്ടെന്നല്ല, ഞാൻ അതിനെക്കുറിച്ചെല്ലാം ഇപ്പോൾ സമയമെടുത്ത് മറുപടി പറയുന്നില്ല. കാരണം ഇനിയും രണ്ട് ബില്ലുകൂടിയുണ്ടെന്ന് അങ്ങ് നിരന്തരമായി ഓർമ്മിപ്പിച്ച് കൊണ്ടിരിക്കുകയാണ്.

<u>മി. ചെയർമാൻ</u>: പ്ലീസ്..... പ്ലീസ്........ ശ്രീ. ഷാഫി പറമ്പിൽ.... മന്ത്രി സംസാരിക്കട്ടെ....

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ബില്ലിന്റെ കാര്യം ഞാൻ പറയുന്നുണ്ട്. ശ്രീ. എൻ. എ. നെല്ലിക്കുന്നിനെ വാദിക്കാനാണ് വിടുന്നുവെങ്കിൽ സത്യം തുറന്നുപറയുന്ന ഒരു വക്കീലാണ് അദ്ദേഹം. കാരണം ചരിത്രത്തിലൊരു മുസ്ലീംലീഗിന്റെ എം.പി. ആകെ രണ്ട് പ്രാവശ്യമേ വന്നിട്ടുള്ളൂ. അതുപോലെ തിരുവനന്തപുരത്ത് വല്ലപ്പോഴും മാത്രമേ വരുന്നുള്ളൂ കുഴപ്പമില്ലെന്ന് അദ്ദേഹം ഡോ. ശശി തരൂരിനെപ്പറ്റി വാദിച്ചല്ലോ. (......ബഹളം.....) അങ്ങനെയാണെങ്കിലും വിശ്വപൗരനാണെന്നാണ്

അദ്ദേഹം പറഞ്ഞത്. അങ്ങനെയുള്ള വാദത്തിനൊന്നും ഞാൻ മറുപടി പറയുന്നില്ല. അങ്ങ് പറഞ്ഞ കാര്യമേ ഞാൻ പറഞ്ഞിട്ടുള്ളൂ. എനിക്ക് അതിന് തർക്കമൊന്നുമില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, …….

മി. ചെയർമാൻ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് പ്ലീസ്…….പ്ലീസ്…….

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, രാഷ്ട്രീയമായ കാര്യങ്ങളെക്കുറിച്ചാണെങ്കിലും ശ്രീ. വി. കെ. പ്രശാന്ത് പറഞ്ഞതിനെക്കാളും ശക്തമായാണ് അദ്ദേഹം പറഞ്ഞത്. ഇനി ബില്ലിനെക്കുറിച്ച് സംസാരിക്കാം. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ സഭയിലും സബ്ജക്ട് കമ്മിറ്റിയിലും ബിൽ സംബന്ധിച്ച് സംസാരിച്ചിരുന്നു. ഈ ബിൽ എന്തിനാണ്? കേരളത്തിൽ ഓൺലൈൻ ഗെയിമിംഗ് കൊണ്ടുവരുന്നതിനായി നമ്മുടെ ഗവൺമെന്റ് തയ്യാറാക്കുന്ന ബിൽ അല്ല ഇത്. ഓൺലൈൻ ഗെയിമിംഗിൽ നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. നമ്മുടെ നിയമം നിലവിലെ ഓൺലൈൻ ഗെയിമിംഗ് പ്രോത്സാഹിപ്പിക്കുന്നില്ല. ഇപ്പോഴുള്ള ഓൺലൈൻ ഗെയിമിംഗിൽ നികുതി ചുമത്തുന്നതിൽ വ്യക്തത വരുത്തുന്നതിനാണ് വാസ്തവത്തിൽ ഈ ബിൽ കൊണ്ടുവരുന്നത്.

ജി.എസ്.ടി. വരുന്നതിനുമുമ്പ് ഗെയിമിംഗ് കേന്ദ്ര നികുതിയായ സർവ്വീസ് ടാക്സിന്റെ പരിധിയിലായിരുന്നു ഉൾപ്പെട്ടിരുന്നത്. അന്ന് പതിനെട്ട് ശതമാനം നിരക്കിലാണ് നികുതി ഈടാക്കിയിരുന്നത്, ഇപ്പോഴും അങ്ങനെതന്നെയാണ്. ഈ ബിൽ നിലവിൽ വന്നില്ലെങ്കിലും അതേ പതിനെട്ട് ശതമാനം നികുതിതന്നെ ഈടാക്കിക്കൊണ്ട് കേന്ദ്ര ഗവൺമെന്റിന് മുന്നോട്ടുപോകാൻ കഴിയും. ആ നികുതി ശതമാനം ഇന്ത്യയിലാകെ ഇരുപത്തിയെട്ട് ശതമാനമാക്കുകയാണ്. അതിൽ ജി.ജി.ആർ. (ഗ്രോസ് ഗെയിമിംഗ് റവന്യൂ), അതായത് ആകെയുള്ള തുകയുടെ ചെറിയൊരു ശതമാനം മാത്രമെ കൊടുക്കുകയുള്ളൂവെന്ന ഒരു കാര്യമാണ് നിലവിലുള്ളത്. ഇത്തരത്തിലല്ലാതെ ഫേസ് വാല്യൂവിനാണ് കൊടുക്കേണ്ടത്. അതായത്, ഇപ്പോൾ കൊടുക്കുന്നതിന്റെ പതിന്മടങ്ങ് നികുതി കൊടുക്കണം. അതുതന്നെ ഒരു ശിക്ഷയാണ്. ഈ ബിൽ ഇവിടെ അവതരിപ്പിക്കുമ്പോൾ ഒരു കാര്യംകൂടി മനസ്സിലാക്കണം. ഓൺലൈൻ ഗെയിമിംഗ് നിരോധിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള അവകാശം ഈ ബിൽ പാസ്സാക്കുന്നതിലൂടെ ഒരുവിധത്തിലും ഹനിക്കപ്പെടുന്നില്ല. ഓൺലൈൻ റമ്മി ഉൾപ്പെടെയുള്ള ഓൺലൈൻ ഗെയിമിംഗ് സംബന്ധിച്ച് കേരളത്തിന്റെ വികാരം പലപ്പോഴും

ഇവിടെ ചർച്ച ചെയ്തിട്ടുള്ളതാണ്. ഇത്തരത്തിലൊരു നിയമം സംബന്ധിച്ച് തമിഴ്നാട് ശക്തമായി സംസാരിക്കുകയുണ്ടായി. തമിഴ്നാടും കേരളവും ഇതുമായി ബന്ധപ്പെട്ട് നിയമം പാസ്സാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിവരങ്ങൾ മിനിട്ട്സിൽ വേണമെന്ന് പറഞ്ഞു. കേരള ഗെയിമിംഗ് ആക്ട്, 1960 അടിസ്ഥാനമാക്കിയാണ് ഓൺലൈൻ ഗെയിമിംഗ് നിരോധിക്കുന്നത്. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് കാര്യങ്ങൾ ചെയ്യാൻ കഴിയും. റവന്യൂ വകുപ്പ് സെക്രട്ടറിയാണ് ജി.എസ്.ടി. കൗൺസിലിന്റെ സെക്രട്ടറി. ഇത് നിലവിലുള്ള നിയമങ്ങൾക്ക് എതിരല്ലെന്നാണ് അദ്ദേഹം പറഞ്ഞത്. ഈ നിയമമാണ് നികുതി നിശ്ചയിക്കുന്നത്. ദൈനംദിന പ്രവർത്തനങ്ങളും നിയന്ത്രണങ്ങളും മറ്റും നടക്കുന്നത് ഈ നിയമം അനുസരിച്ചല്ല. നികുതിയുടെ റേറ്റ് നിശ്ചയിക്കുക മാത്രമാണ് ജി.എസ്.ടി.-യിൽ നടക്കുന്നത്. ഇംപ്ലിമെന്റ് ചെയ്യുന്നതും മറ്റും വേറെ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. അതാണ് നമ്മെ സംബന്ധിച്ച് കേരള ഗെയിമിംഗ് ആക്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ..... (മൈക്ക് ഓഫ്).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് വഴങ്ങുന്നുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ പാരഗ്രാഫ്കൂടി

വായിച്ചശേഷം വഴങ്ങാം. ഓൺലൈൻ ഗെയിമിംഗ് നിരോധനത്തിനുള്ള സംസ്ഥാനങ്ങളുടെ അവകാശം നിലനിൽക്കുന്നുണ്ടെന്ന് കൗൺസിൽ യോഗത്തിൽ അഡീഷണൽ സോളിസിറ്റർ ജനറൽ അഭിപ്രായപ്പെട്ടിട്ടുണ്ട്, അക്കാര്യം അവിടത്തെ മിനിട്ട്സിലും ബില്ലിലും വന്നിട്ടുണ്ട്. കൂടാതെ കരട് ബില്ലിലെ അഞ്ചാമത്തെ ഖണ്ഡത്തിലും ഇതുസംബന്ധിച്ച് പറയുന്നുണ്ട്. ഇതനുസരിച്ച്, സംസ്ഥാനത്ത് ഏതെങ്കിലും ഗെയിമിംഗിനെ നിരോധിക്കാൻ ഈ നിയമം നിർമ്മിക്കുന്നതിന് സാങ്കേതിക പ്രശ്നങ്ങളോ മറ്റ് തടസ്സങ്ങളോ ഇല്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ആ പോയിന്റ് സംബന്ധിച്ച് തന്നെയാണ് എനിക്ക് പറയാനുള്ളത്. ഇത്തരം ഗെയിമുകളുടെ അധാർമ്മികതയെ അംഗീകരിക്കുന്നതുകൊണ്ട് അവയെ നിരോധിക്കുകയാണെന്നും അങ്ങനെയുള്ള ഗെയിമുകൾ സംസ്ഥാനത്ത് ഇല്ലെന്നും പറയുകയുണ്ടായി. ഇത്തരം ഗെയിമുകൾ ഇവിടെ ഇല്ലാത്ത പശ്ചാത്തലത്തിൽ അതിന്റെ നികുതി ഇവിടെ പ്രസക്തമല്ല. അതുകൊണ്ട് അത്തരത്തിൽ ഭേദഗതി ചെയ്യുന്നില്ലെന്ന് പറഞ്ഞാൽ മതിയാകില്ലേ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വളരെ കുറച്ച് പേജുകൾ

മാത്രമുള്ള ബില്ലാണിത്. ബില്ലിലെ രണ്ടാമത്തെ പേജിൽ (b) after clause (102), the following clause shall be inserted, namely:-

" (102A) "specified actionable claim" means the actionable claim involved in or by way of-" എന്നതിനുശേഷം പറഞ്ഞിരിക്കുന്നവയിൽ ചില ഇനങ്ങളിൽ നമുക്ക് വളരെ പ്രസക്തമായ നിയമമുണ്ട്.

ഇതിൽ "(i) betting; (ii) casinos; (iii) gambling; (iv) horse racing; (v) lottery; or (vi) online money gaming;" എന്നിവയാണ് ബില്ലിൽ പരാമർശിച്ചിരിക്കുന്ന ഇനങ്ങൾ.

ഇവിടെ ലോട്ടറി നടത്തുന്നുണ്ടെങ്കിലും ടാക്സ് ഫിക്സ് ചെയ്യുന്നതിന് നിയമം ആവശ്യമാണ്. ലോട്ടറിക്ക് 28 ശതമാനമാണ് നികുതി ഈടാക്കുന്നത്. വ്യത്യസ്ത എൻട്രികളിൽ ലോട്ടറി ഒരു പ്രത്യേക എൻട്രിയായി വന്നില്ലെങ്കിൽ ഇവിടെ ലോട്ടറിയും നിരോധിക്കപ്പെടുന്ന സ്ഥിതിയുണ്ടാകും. കേരളത്തിലെ പ്രധാനപ്പെട്ട വരുമാന മേഖലയാണ് ലോട്ടറി. പ്രത്യേക എൻട്രിയായി രേഖപ്പെടുത്തിയാൽ ലോട്ടറി നിലനിൽക്കുകയും നിരോധിക്കപ്പെടേണ്ട മറ്റിനങ്ങൾ നിരോധിക്കുകയും ചെയ്യാം. ഇവിടെ

ഓൺലൈൻ ലോട്ടറി നിരോധിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ ഒരുദാഹരണംകൂടി പറഞ്ഞത്. കർണ്ണാടകവും പശ്ചിമബംഗാളും പോലുള്ള ചില സംസ്ഥാനങ്ങളിൽ കുതിരപ്പന്തയം വളരെ വലിയൊരു വരുമാന മേഖലയാണ്. അവിടെ ലോട്ടറിയും കാസിനോസും നിരോധിച്ചിട്ടുണ്ട്. ഗോവയിലും സിക്കിമിലുമാണ് കാസിനോസ് കൂടുതലായുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞങ്ങൾ പറഞ്ഞ കാര്യങ്ങളോട് അങ്ങും ഏറെക്കുറെ യോജിക്കുന്നുണ്ടെന്നാണ് വരികൾക്കിടയിലൂടെ ഞാൻ മനസ്സിലാക്കുന്നത്. കുതിരപ്പന്തയവും ചൂതാട്ടവും കാസിനോയും ഓൺലൈൻ ഗെയിമിംഗും പോലെയുള്ള കാര്യങ്ങളിൽ ഗവൺമെന്റ് വളരെ ശക്തമായ നിലപാട് സ്വീകരിച്ച്, ഒരു കാരണവശാലും അത്തരം കാര്യങ്ങൾക്ക് അനുമതി നൽകില്ലെന്ന് ഈ സഭയിൽ ഉറപ്പ് നൽകാൻ അങ്ങേയ്ക്ക് കഴിയുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നേരത്തെതന്നെ ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓൺലൈൻ റമ്മിയുമായി ബന്ധപ്പെട്ട് ആത്മഹത്യകൾ നടന്ന സമയത്ത് ഇക്കാര്യത്തിൽ ഇടപെട്ട് കാര്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ

സമയത്തുതന്നെ ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. നമ്മുടെ സമീപനവും അതുതന്നെയാണ്. ഓൺലൈൻ റമ്മിയും ഓൺലൈൻ ഗെയിമിംഗിൽ ഉൾപ്പെടുന്നതാണ്. അതിൽ ധാരാളം അപകടങ്ങളുണ്ട്. ഇത്തരം ഗെയിമുകൾ അംഗീകരിക്കുന്നില്ലെന്ന നിലപാടുതന്നെയാണ് സ്വീകരിക്കുന്നത്, അക്കാര്യത്തിൽ തർക്കമില്ല. ഇത്തരത്തിൽ ലോട്ടറി പ്രത്യേക എൻട്രിയായി വന്നില്ലെങ്കിൽ നിയമപരമായ പ്രശ്നമുണ്ട്. പല കാര്യങ്ങളിലും കോടതിയും കേസുമുണ്ട്. ഓൺലൈൻ ഗെയിമിംഗ് നിരോധിക്കുന്നതിന് നാം നേരത്തെ കൊണ്ടുവന്ന ഭേദഗതി ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളി. ആ കേസ് ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്. കർണ്ണാടക ഇതുമായി ബന്ധപ്പെട്ട നിയമം പാസ്സാക്കുകയും രാജസ്ഥാൻ നേരത്തെതന്നെ (പുതിയ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് മുമ്പുതന്നെ) ഓർഡിനൻസ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മിക്കവാറും എല്ലാ സംസ്ഥാനങ്ങളും ഇതുസംബന്ധിച്ച് ഓർഡിനൻസ് പുറപ്പെടുവിക്കുകയോ ബിൽ പാസ്സാക്കുകയോ ചെയ്തിട്ടുണ്ട്. കാസിനോസ് പോലുള്ള കാര്യങ്ങളിൽനിന്ന് വരുമാനമുണ്ടാക്കാൻ താൽപ്പര്യപ്പെടുന്ന സംസ്ഥാനമല്ല നമ്മുടേത്.

ലോട്ടറിയുടെ കാര്യത്തിൽ പ്രത്യേക എൻട്രി രേഖപ്പെടുത്തി കാര്യങ്ങൾ ചെയ്യണമെന്നുള്ളതിനാലാണ് അത്തരത്തിൽ ചെയ്യുന്നത്. ഈ ബിൽ പാസ്സാക്കിയാൽ മാത്രമെ ലോട്ടറി ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. അഡീഷണൽ അറ്റോർണി ജനറലും സെക്രട്ടറിയും ഉൾപ്പെടെയുള്ളവരുടെയും അഭിപ്രായങ്ങൾ ഉൾപ്പെടെ ജി.എസ്.ടി. കൗൺസിൽ മിനിട്ട്സിൽ ചേർക്കണമെന്നാവശ്യപ്പെട്ട് ജി.എസ്.ടി. കൗൺസിലിൽ ഇടപെട്ടിട്ടുണ്ട്. ഈ നിയമംകൊണ്ട് അപകടമൊന്നും സംഭവിക്കില്ല. എപ്പോഴും ഈ നിയമം ടാക്സുമായി ബന്ധപ്പെട്ടതാണെന്ന് മാത്രമെ പറയുകയുള്ളൂ. ലക്ഷ്വറി ഇനത്തിന് 28 ശതമാനമാണ് നികുതി. ഏറ്റവും കൂടിയ ടാക്സ് ഇപ്പോൾ 28 ശതമാനമാണ്. പതിനെട്ട് ശതമാനവും പന്ത്രണ്ട് ശതമാനവും ടാക്സുള്ള ഇനങ്ങളുണ്ട്.

ശ്രീമതി ശാന്തകുമാരി കെ.: സർ, ..........(മൈക്ക് ഓഫ്)......

മി. സ്പീക്കർ: ഇനിയും രണ്ട് ബില്ലുകൾകൂടി പരിഗണിക്കേണ്ടതുള്ളതിനാൽ വഴങ്ങേണ്ടതില്ല.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഓൺലൈൻ ഗെയിമിംഗുമായി ബന്ധപ്പെട്ട്, കുട്ടികൾക്കിടയിൽ പബ്ജി, ബ്ലൂവെയ്ൽ തുടങ്ങി ധാരാളം

ഓൺലൈൻ ഗെയിമുകൾ വ്യാപകമാകുന്നുണ്ട്. അവരിൽ മാനസിക സംഘർഷവും മെന്റൽ ഡിപ്രഷനുമുണ്ടാക്കുന്ന ധാരാളം ഗെയിമുകളുണ്ട്. ഇതുസംബന്ധിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, എവിടെനിന്നാണ്, എങ്ങനെയാണ് വരുന്നതെന്ന് അറിയാത്തതിനാൽ നിയന്ത്രിക്കാൻ കഴിയാത്ത ചില ഗെയിമുകളുണ്ട്. കുട്ടികൾ അപകടത്തിൽപ്പെടുന്നതിനെക്കുറിച്ച് കഴിഞ്ഞ ദിവസം സംസാരിച്ചിരുന്നു. ആ സന്ദർഭങ്ങളിലെല്ലാം പോലീസ് നിയമം അനുസരിച്ച് ചെയ്യുന്ന കുറെ കാര്യങ്ങളുണ്ട്. ഓൺലൈൻ ഗെയിമിൽ വേറെ നിയമമാണ് ബാധകമാകുന്നത്. അതനുസരിച്ച് കാര്യങ്ങൾ ചെയ്യാം. ഇതും വളരെ ഗൗരവതരമായ കാര്യമാണ്. അക്കാര്യത്തിൽ സർക്കാർ ശക്തമായ നിലപാട് സ്വീകരിക്കുന്നതായിരിക്കും. ഈ നിയമം സംബന്ധിച്ച് ഇത്രയും കാര്യങ്ങളാണ് പൊതുവിൽ പറയാനുള്ളത്. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചാണ് നിയമം പാസ്സാക്കുന്നത്. ഇവിടെ പറഞ്ഞ മറ്റ് കാര്യങ്ങൾ സംബന്ധിച്ചൊന്നും ഞാൻ പറയുന്നില്ല. ജി.എസ്.ടി. പിരിവിന്റെ കാര്യത്തിൽ, 2023 ഏപ്രിൽ 1 മുതൽ 2024 ജനുവരി 31 വരെ 841

കേസാണ് പിടിച്ചത്. 1,685 കോടിരൂപ ഡിറ്റക്ട് ചെയ്തതിൽ 1,622 കോടിരൂപ ഖജനാവിൽ വന്നിട്ടുണ്ട്. ഇതിൽ റിവേഴ്സൽ എന്ന സമ്പ്രദായം കൂടിയുണ്ട്. അതായത്, വേറൊരു സ്ഥലത്തുനിന്ന് സാധനം വാങ്ങിയാൽ ഇവിടെ നികുതി അടയ്ക്കേണ്ടതില്ല. ഇക്കാര്യം സംബന്ധിച്ച് സഭയിൽ ഞാൻ പറഞ്ഞിട്ടുണ്ട്. വലിയൊരു ആശുപത്രി ഗവേഷണത്തിനുവേണ്ടി വാങ്ങിയ സാധനങ്ങൾക്ക് ഇവിടെ നികുതി ഒടുക്കേണ്ടതില്ല. ഇവിടെ അത് റെക്കോർഡ് ചെയ്താൽ മാത്രമെ അവിടെനിന്ന് ഐ.ജി.എസ്.ടി. (ഇന്റഗ്രേറ്റഡ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ്) ലഭിക്കുകയുള്ളൂ. അങ്ങനെ വന്ന തുകയും കൂടിയുണ്ട്.

ചെക്ക് പോസ്റ്റുകളുടെ കാര്യം അങ്ങ് പറഞ്ഞു. ചെക്ക്പോസ്റ്റുകളുടെ പ്രസക്തി തീരെയില്ലാതായിയെന്ന് ഞാൻ വിചാരിക്കുന്നില്ല. ധാരാളം വാഹനങ്ങൾ പരിശോധിക്കുന്നുണ്ട്. പലതിലും വ്യാജ ഇൻവോയിസിംഗ്, ഓവർ ഇൻവോയിസിംഗ്, അണ്ടർ ഇൻവോയിസിംഗ് തുടങ്ങിയ പ്രശ്നങ്ങളൊക്കെയുണ്ട്. ഗൗരവതരമായ കാര്യങ്ങൾ പലതും പരിശോധിച്ച് പിടിക്കുന്നുണ്ട്. ജില്ലാ അടിസ്ഥാനത്തിൽ ഒരു ഓഫീസിനായി (ജി.എസ്.ടി. കോംപ്ലക്സ്) കാസർഗോഡ് ജില്ലയിൽ സൗകര്യങ്ങളും സ്ഥലവുമുണ്ടെന്ന്

പറയുകയുണ്ടായി. അക്കാര്യം പരിശോധിക്കാം. കാസർഗോഡ് ജി.എസ്.ടി. ഓഫീസിന്റെ കാര്യത്തിൽ പോസിറ്റീവായി തീരുമാനമെടുക്കാവുന്നതാണ്.

കേരളം പറയുന്നതിൽ ഒരു ന്യായവുമില്ല, കേരളത്തിന്റെ കടം അഞ്ച് ലക്ഷമാകുന്നു, കടം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് തുടങ്ങിയ കാര്യങ്ങൾ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള അംഗങ്ങൾ ഇവിടെ പറയുകയുണ്ടായി. ഇന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസുണ്ടായിരുന്നുവെന്ന് ഞാൻ രാവിലെ പറഞ്ഞിരുന്നു. യൂണിയൻ ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും തമ്മിലുള്ള തർക്കങ്ങൾ സംബന്ധിച്ച് തമ്മിൽ സംസാരിച്ച് ന്യായമായ രീതിയിൽ തീർപ്പാക്കുന്നതല്ലേ ഉചിതമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി ചോദിക്കുകയുണ്ടായി. കേരളം പറയുന്ന കാര്യങ്ങളിൽ അടിസ്ഥാനമുണ്ടെന്ന് മനസ്സിലായതിനാലായിരിക്കാം ബഹുമാനപ്പെട്ട കോടതി ഇങ്ങനെ ചോദിച്ചത്. ഇത്തരത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി അഭിപ്രായപ്പെട്ടത് ചെറിയൊരു കാര്യമല്ല. നമ്മുടെ ഈ സഭയിൽ വരുന്ന ചർച്ചകളേക്കാൾ പോസിറ്റീവായ കാര്യങ്ങളാണ് അവയെന്നുള്ളത് ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾകൂടി ശ്രദ്ധിക്കേണ്ടതാണ്. നമ്മൾ പറഞ്ഞ ആർഗ്യുമെന്റിൽ നിങ്ങൾ പരസ്പരം

ചർച്ച ചെയ്യണം. ഇതുസംബന്ധിച്ച്, തലശ്ശേരിയിൽനിന്ന് പ്രസിദ്ധീകരിക്കുന്ന വളരെ പ്രശസ്ത പത്രമായ 'പടയണി'യിൽ വന്ന വാർത്ത ചൂണ്ടിക്കാണിച്ച് ബഹുമാനപ്പെട്ട കെ. പി. മോഹനൻ സംസാരിക്കുകയുണ്ടായി.

മി. സ്പീക്കർ: അത് അദ്ദേഹത്തിന്റെ പത്രം തന്നെയാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ഇങ്ങനെ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെ സംബന്ധിച്ച്, പ്രത്യേകിച്ച് ഫിസ്കൽ ഫെഡറലിസത്തെക്കുറിച്ച് കഴിഞ്ഞ രണ്ട് വർഷമായി വളരെ ഗൗരവമായ ചർച്ചകൾ നടക്കുകയാണ്. കഴിഞ്ഞ ആറ് മാസമായി ഇതുസംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ചർച്ചയാണ് നടക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ബിസിനസ് സ്റ്റാൻഡേർഡ്, ഇന്ത്യൻ എക്സ്പ്രസ് തുടങ്ങി പ്രധാനപ്പെട്ട പല പത്രങ്ങളും എഡിറ്റോറിയൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫിസ്കൽ ഫെഡറലിസവും ഡൽഹിയിൽ നടന്ന സമരവും അതിന് മുമ്പും ശേഷവുമുള്ള കാര്യങ്ങളുമെല്ലാം പല പത്രങ്ങളിലും ചർച്ചയാവുന്നുണ്ട്. ഇന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി ഇങ്ങനെയൊരു കാര്യം പറഞ്ഞുവെന്നുള്ളത് പ്രധാനപ്പെട്ടതാണ്. നമ്മുടെയെല്ലാം രാഷ്ട്രീയം വ്യത്യസ്തമാണെങ്കിലും സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യം ഉന്നയിക്കാൻ നമുക്ക് കഴിയുന്നുണ്ട്.

അതിൽ ബഹുമാനപ്പെട്ട ഉയർന്ന നീതിപീഠംതന്നെ ഇടപെട്ടുവെന്നുള്ളത് സന്തോഷകരമായ കാര്യമാണ്. ഇക്കാര്യം ഞാൻ സഭയിൽ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. കെ. പ്രശാന്ത്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: സഭയുടെ അനുമതിയോടുകൂടി ഭേദഗതി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

(വകുപ്പുതിരിച്ചുള്ള പരിഗണന)

രണ്ടാം വകുപ്പ്

Shri T. P. Ramakrishnan: Sir, I move the following amendment.

145. In section 2 (80A) proposed to be inserted in the Principal Act by Clause 2(a) for the words " offering of a game" the words " a game offered" shall be substituted.

Shri A. C. Moideen: Sir, I move the following amendment.

146. In section 2 (80A) proposed to be inserted in the Principal Act by Clause 2(a) for the words " offering of a game" the words " playing a game offered" shall be substituted.

Shri K. D. Prasenan: Sir, I move the following amendment.

148. In section 2 (80A) proposed to be inserted in the Principal Act by Clause 2(a) for the words " an electronic network" the words, " any other network and is accessible by a user" shall be substituted.

Shri N. A. Nellikkunnu: Sir, I move the following amendments.

149. In section 2 (80A) proposed to be inserted in the Principal Act by Clause 2(a) for the word " network" the word " devices" shall be substituted.

177. In section 2 (80B) proposed to be inserted in the Principal Act by Clause 2 (a), the words " for the time being" shall be deleted.

193. In the proviso to section 2(105) proposed to be inserted in the principal Act by Clause 2(c) after the word and symbol " arranges," the word and symbol " marketing," shall be inserted.

Shri K. U. Jenish Kumar: Sir, I move the following amendment.

153. In section 2 (80A) proposed to be inserted in the Principal Act by Clause 2(a) the words " and includes online money gaming" shall be deleted.

Shri P. Nandakumar: Sir, I move the following amendment.

156. Section 2 (80A) shall be recast as follows.
" (80A) " Online games" means a game that is offered on the internet and is accessible by a user through electronic devices or an intermediary;"

Shri Najeeb Kanthapuram: Sir, I move the following amendments.

157. In section 2 (80B) proposed to be inserted in the Principal Act

by Clause 2 (a) for the word "gaming" wherever it occurs the word "gambling" shall be substituted.

189. In section 2 (102A)(vi) proposed to be inserted in the Principal Act by Clause 2(b) for the word "gaming" the word "gambling" shall be substituted.

202. In the proviso to section 2(105) proposed to be inserted in the principal Act by Clause 2(c) the words "all the provisions of" shall be deleted.

Shri T. Siddique: Sir, I move the following amendment.

163. In section 2 (80B) proposed to be inserted in the Principal Act by Clause 2 (a), after the words "players pay or", the words "risking any credit" shall be inserted.

Shri P. P. Chitharanjan: Sir, I move the following amendment.

173. In section 2 (80B) proposed to be inserted in the Principal Act by Clause 2 (a), the words "and whether the same is permissible or otherwise under any other law for the time being in force" shall be deleted.

Shri K. M. Sachindev: Sir, I move the following amendment.

175. In section 2 (80B) proposed to be inserted in the Principal Act by Clause 2 (a), for the words "and whether the same is permissible or otherwise under any other law for the time being in force" the words "is permissible under any other law for the time being in force" shall be substituted.

Smt. Daleema: Sir, I move the following amendment.

181. In section 2 (102A)(i) proposed to be inserted in the Principal Act by Clause 2(b) for the word " betting" , the words " betting of any kind" shall be substituted.

Shri K. Babu (Nenmara): Sir, I move the following amendment.

182. In section 2 (102A) proposed to be inserted in the Principal Act by Clause 2(b) the item (iv) shall be deleted and remaining items shall be renumbered accordingly.

Shri K. K. Ramachandran: Sir, I move the following amendment.

183. In section 2 (102A)(iv) proposed to be inserted in the Principal Act by Clause 2(b) before the word " horse" the words " betting on" shall be inserted.

മി. സ്പീക്കർ: 150 മുതൽ 152 വരെയുള്ള ഭേദഗതികൾ 149-ാം നമ്പർ ഭേദഗതിക്കും 154-ാം നമ്പർ ഭേദഗതി 153-ാം നമ്പർ ഭേദഗതിക്കും 158 മുതൽ 160 വരെയുള്ള ഭേദഗതികൾ 157-ാം നമ്പർ ഭേദഗതിക്കും 164, 165 എന്നീ നമ്പർ ഭേദഗതികൾ 163-ാം നമ്പർ ഭേദഗതിക്കും 178 മുതൽ 180 വരെയുള്ള ഭേദഗതികൾ 177-ാം നമ്പർ ഭേദഗതിക്കും 184-ാം നമ്പർ ഭേദഗതി 183-ാം നമ്പർ ഭേദഗതിക്കും 190 മുതൽ 192 വരെയുള്ള ഭേദഗതികൾ 189-ാം നമ്പർ

ഭേദഗതിക്കും 194 മുതൽ 196 വരെയുള്ള ഭേദഗതികൾ 193-ാം നമ്പർ ഭേദഗതിക്കും 203 മുതൽ 205 വരെയുള്ള ഭേദഗതികൾ 202-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 147, 177, 193 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 157, 189, 202 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Shri Najeeb Kanthapuram: Sir, I move the following amendment.

209. In Section 24(xia) proposed to be inserted in the Principal Act by Clause 3(b), for the word " supplying" the word " organising" shall be substituted.

Shri P. K. Basheer: Sir, I move the following amendment.

216. In Section 24(xia) proposed to be inserted in the Principal Act by Clause 3(b), for the word " supplying" the word " conducting" shall be substituted.

Shri P. C. Vishnunadh: Sir, I move the following amendment.

221. In section 24(xia) proposed to be inserted in the Principal Act by Clause 3(b), after the words, " online money gaming" the

words " and any specified actionable claims through online platforms" shall be inserted.

Shri U. A. Lathif: Sir, I move the following amendment.

226. In section 24(xia) proposed to be inserted in the Principal Act by Clause 3(b), for the word, " gaming" the word " gambling" shall be substituted.

മി. സ്പീക്കർ: 208-ാം നമ്പർ ഭേദഗതി ക്രമപ്രകാരമല്ലാത്തതിനാലും 210 മുതൽ 215 വരെയുള്ള ഭേദഗതികൾ 209-ാം നമ്പർ ഭേദഗതിക്കും 217 മുതൽ 219 വരെയുള്ള ഭേദഗതികൾ 216-ാം നമ്പർ ഭേദഗതിക്കും 222 മുതൽ 225 വരെയുള്ള ഭേദഗതികൾ 221-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാലും അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 221-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

Shri Manjalamkuzhi Ali: Sir, I move the following amendment.

227. In Clause 4, for the word “ claims” the word “ claim” shall be substituted.

Shri N. A. Nellikkunnu: Sir, I move the following amendment.

228. In Clause 4, after the word “ claims” the words “ stated in

Clause 102A" shall be added.

മി. സ്പീക്കർ: 229 മുതൽ 231 വരെയുള്ള ഭേദഗതികൾ 228-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 228-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

Shri P. Ubaidulla: Sir, I move the following amendment.

233. In Clause 5, the words " for the time being" shall be deleted.

Shri A. K. M. Ashraf: Sir, I move the following amendment.

237. In Clause 5, for the word " regulating" the word " controlling" shall be substituted.

മി. സ്പീക്കർ: 234 മുതൽ 236 വരെയുള്ള ഭേദഗതികൾ 233-ാം നമ്പർ ഭേദഗതിക്കും 238 മുതൽ 240 വരെയുള്ള ഭേദഗതികൾ 237-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri N. A. Nellikkunnu: Sir, I move the following amendments.

108. In the long title the word “ further” shall be deleted.

134. Clause 1(2) shall be recast as follows:-
“ (2) It shall come into force on the day of notification in the Gazette” .

Shri Sajeev Joseph: Sir, I move the following amendment.

113. In the Preamble, for the word “ expedient” the word “ convenient” shall be susbtituted.

Shri N. Samsudheen: Sir, I move the following amendments.

116. In the Preamble, the word “ further” shall be deleted.

131. Clause 1(2) shall be recast as follows:-
“ (2) It shall come into force at once”

Shri Eldose P. Kunnappillil: Sir, I move the following amendment.

122. In the Preamble, for the words “ for the purposes hereinafter appearing” the words “ for the following purposes” shall be substituted.

Shri Najeeb Kanthapuram: Sir, I move the following amendment.

137. Clause 1(2) shall be recast as follows:-
“ (2) It shall come into force on such date as Government may, by notification in the official Gazette, appoint:”

മി. സ്പീക്കർ: 109 മുതൽ 112 വരെയുള്ള ഭേദഗതികൾ 108-ാം നമ്പർ

ഭേദഗതിക്കും 114, 115 എന്നീ നമ്പർ ഭേദഗതികൾ 113-ാം നമ്പർ ഭേദഗതിക്കും 117 മുതൽ 119 വരെയുള്ള ഭേദഗതികൾ 116-ാം നമ്പർ ഭേദഗതിക്കും 123 മുതൽ 127 വരെയുള്ള ഭേദഗതികൾ 122-ാം നമ്പർ ഭേദഗതിക്കും 129, 130, 132 എന്നീ നമ്പർ ഭേദഗതികൾ 131-ാം നമ്പർ ഭേദഗതിക്കും 133, 135, 136 എന്നീ നമ്പർ ഭേദഗതികൾ 134-ാം നമ്പർ ഭേദഗതിക്കും 138 മുതൽ 140 വരെയുള്ള ഭേദഗതികൾ 137-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 108, 134 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 116, 131 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദ വോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദ വോട്ടോടെ സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(ii) 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ
(iii) 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(ശ്രീ. റോജി എം. ജോൺ സീറ്റിൽ ഇല്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

ശ്രീ. പി. ഉബൈദുള്ള: സർ, 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ മാലിന്യ സംസ്കരണം സംബന്ധിച്ച വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും അവ ലംഘിക്കുന്നവർക്കുള്ള ശിക്ഷാവ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുംവേണ്ടി പ്രസ്തുത ആക്ടിൽ ഭേദഗതി വരുത്തുന്നതിനാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. മാലിന്യ നിർമ്മാർജനം വളരെ പ്രധാനപ്പെട്ട സംഗതിയാണ്. നമ്മൾ മാലിന്യമുക്ത കേരളം എന്ന പദ്ധതിയുമായി മുന്നോട്ടുപോകുകയാണ്. അനുയോജ്യമായ സ്ഥലം ലഭിക്കുന്നില്ലെന്നതാണ് മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കുന്നതിൽ തടസ്സമായി നിൽക്കുന്നത്. പലപ്പോഴും ജനവാസ കേന്ദ്രങ്ങളിലാണ് സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നത്.

ജനവാസ കേന്ദ്രങ്ങളിൽ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ തീരുമാനമെടുക്കുമ്പോൾ അതിനെതിരായി ജനങ്ങളിൽനിന്നും എതിർപ്പുകൾ ഉയർന്നുവരും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഇത് ഏൽപ്പിക്കുന്നതിനുപകരം സംസ്ഥാന ഗവൺമെന്റിന്റെതന്നെ ഉടമസ്ഥതയിലുള്ള ജനവാസമില്ലാത്ത ഭൂമിയിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കണം. എല്ലാ കാര്യങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലയിൽ വച്ചുകെട്ടുക എന്ന സമീപനത്തിന് മാറ്റമുണ്ടാകണം. പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെ കടുത്ത ശിക്ഷയായ ഒരു വർഷം തടവും 50,000/- രൂപ പിഴയും ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മാലിന്യം സംസ്കരിക്കാനുള്ള സംവിധാനം വേണ്ടരീതിയിൽ ഏർപ്പെടുത്താതെ ജനങ്ങളുടെ മേൽ കടുത്ത പിഴ അടിച്ചേൽപ്പിക്കുന്നത് ഉചിതമായ നടപടിയല്ല. ബില്ലിലെ വ്യവസ്ഥപ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് ലഭിക്കാവുന്ന പരമാവധി ശിക്ഷ 50,000/- രൂപ പിഴയും ഒരു വർഷം തടവുമാണ്. ഇതിൽ ജലസ്രോതസ്സുകൾ മലിനമാക്കുന്നതിന് പിഴ ഈടാക്കാനായി ബില്ലിൽ

ഉൾപ്പെടുത്തിയ വ്യവസ്ഥകൾ 1974-ലെ ജലം (മലിനീകരണം തടയലും നിയന്ത്രണവും) ആക്ട്, 2023-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് എന്നിവയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ആയതിനാൽ പ്രസ്തുത വ്യവസ്ഥകളിൽ വ്യക്തത വരുത്തേണ്ടതുണ്ട്. യൂസർ ഫീ അടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്നവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നുമുള്ള ഏതൊരു സേവനവും സെക്രട്ടറിക്ക് തടയാമെന്ന വ്യവസ്ഥ ഇതിലുണ്ട്. പൗരാവകാശമെന്ന നിലയിൽ ലഭിക്കേണ്ട സേവനങ്ങൾ നിഷേധിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിക്ക് ഈ രീതിയിൽ പരിമിതിയില്ലാത്ത അധികാരം നൽകുന്നത് ഭരണഘടനാവിരുദ്ധമാണ്. അതുകൊണ്ട് ഈ അവസ്ഥ ഒഴിവാക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. ഇവിടെ സർക്കാർ പല പദ്ധതികളും പ്രഖ്യാപിക്കുകയാണ്. സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികളൊക്കെ നടപ്പാക്കേണ്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുകയും സർക്കാർ അതിന്റെ മേനിനടിച്ച് നടക്കുകയും ചെയ്യുന്നതാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. എന്നാൽ ഇതിനാവശ്യമായ പണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ സർക്കാർ തയ്യാറാകുന്നില്ല. ഏത് പദ്ധതിയും പഞ്ചായത്തുകളുടെ മേൽ അടിച്ചേൽപ്പിക്കുകയാണ്. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പണംപോലും യഥാസമയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നില്ല. നൽകുന്ന പണം ട്രഷറിയിൽനിന്നും പിൻവലിക്കാനും കഴിയുന്നില്ല. അത് കാരണം വർക്കുകൾ ഏറ്റെടുക്കാൻ കരാറുകാർ മുന്നോട്ടുവരുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം മുഴുവൻ അവതാളത്തിലായിരിക്കുകയാണ്. ഈ വർഷത്തെ പദ്ധതി വിനിയോഗത്തിലെ പുരോഗതി നോക്കുകയാണെങ്കിൽ 86883 പ്രോജക്ടുകൾ 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി തയ്യാറാക്കി. അതിൽ 33.36 ശതമാനം മാത്രമാണ് ചെലവഴിച്ചത്. പ്ലാൻ ഫണ്ടിന്റെ രണ്ടാം ഗഡു ആഗസ്റ്റ് മാസത്തിൽ കൊടുക്കേണ്ടതിനുപകരം നവംബർ മാസത്തിലാണ് കൊടുത്തത്. മൂന്നാം ഗഡു ഇതുവരെയും നൽകിയിട്ടില്ല. ഇതാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് കൈമാറുന്നതിന് സർക്കാർ സ്വീകരിക്കുന്ന സമീപനം. ലോക്കൽ സെൽഫ് ഗവൺമെന്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ലോക്കൽ സെൽഫ് ഗവൺമെന്റുകൾക്ക് ഒരു സ്വാതന്ത്ര്യവും നൽകുന്നില്ല. യഥാർത്ഥത്തിൽ

അധികാര വികേന്ദ്രീകരണം അട്ടിമറിച്ച് അധികാര കേന്ദ്രീകരണമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പരിധിയിലുള്ള വീടില്ലാത്ത പാവങ്ങൾക്ക് വീട് വച്ചുകൊടുക്കുന്നതിന് ഭവനനിർമ്മാണ പദ്ധതി ആവിഷ്ക്കരിക്കണമെന്ന് ഉദ്ദേശിച്ചാൽപോലും സർക്കാർ അതിന് അനുമതി നൽകില്ല. ഏതെങ്കിലും പഞ്ചായത്തോ മുനിസിപ്പാലിറ്റിയോ അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അത് ഒഴിവാക്കി സർക്കാർ കൊട്ടിഘോഷിച്ച ലൈഫ് ഭവനപദ്ധതി കൊണ്ടുവന്നു. ലൈഫ് ഭവനപദ്ധതിയിൽ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള അധികാരംപോലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കില്ല. അവിടത്തെ ഗുണഭോക്താക്കളെ കണ്ടെത്തുന്നത് സർക്കാർതന്നെ നേരിട്ട് നിശ്ചയിച്ചിട്ടുള്ള മറ്റുചില വകുപ്പുകളിലെ ഉദ്യോഗസ്ഥരാണ്. ഓരോ ദിവസം കഴിയുന്തോറും പഞ്ചായത്ത്/നഗരപാലികാ സംവിധാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുത്ത് എല്ലാ അധികാരങ്ങളും സർക്കാരിൽ കേന്ദ്രീകരിക്കുന്ന സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. സർക്കാർ പറയുന്ന ജോലികൾ ഏറ്റെടുത്ത് നടത്താനുള്ള നോഡൽ ഏജൻസികൾ മാത്രയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മാറ്റുകയാണ്. 28 വർഷം മുമ്പാണ്

പഞ്ചായത്ത് രാജ്/നഗരപാലിക സംവിധാനം വന്നത്. അന്നുമുതലുള്ള വ്യവസ്ഥകളാണ് ഇപ്പോഴും ഈ പദ്ധതി വിനിയോഗത്തിൽ നിലനിൽക്കുന്നത്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, പ്രധാനപ്പെട്ട ഒരു ബില്ലിന്റെ ചർച്ച നടക്കുമ്പോൾ, മാലിന്യം സംസ്കരിക്കുന്ന എറണാകുളത്തെ ബ്രഹ്മപുരം പ്ലാന്റ് കത്തി. മംഗൽപാടിയിലെ ഏറ്റവും പ്രധാനപ്പെട്ട പ്ലാന്റ് ഇന്നലെ രാത്രി മൂന്ന് മണി മുതൽ കത്തിക്കൊണ്ടിരിക്കുകയാണ്. കാസർഗോഡിലെയും കണ്ണൂരിലെയും മുഴുവൻ ഫയർഫോഴ്സിനെയും ഉപയോഗപ്പെടുത്തിക്കൊണ്ട് തീ അണയ്ക്കാൻ ശ്രമം നടത്തുന്നുണ്ട്. പ്ലാന്റുകൾക്ക് മുമ്പിൽ സി.സി.ടി.വി.-യും വാച്ച്മാനും നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് സർക്കാർ ഇതിനകം സെക്രട്ടറിമാർക്ക് ഉത്തരവ് നൽകിയിട്ടുണ്ട്. പല സെക്രട്ടറിമാരും അത് പാലിക്കുന്നില്ല. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? മംഗൽപാടിയിൽ രണ്ട് കോടി രൂപയുടെ ടെണ്ടർ എടുത്ത് അതിന്റെ അവസാന ഘട്ടത്തിലെത്തി അത് മാറ്റാനുള്ള ശ്രമം നടത്തുന്ന സന്ദർഭത്തിലാണ് തീപിടിത്തമുണ്ടായത്. ബ്രഹ്മപുരം അടക്കമുള്ള കേന്ദ്രങ്ങളിലെ തീപിടിത്തത്തിന് കാരണക്കാരായ ആളുകളെ പിടികൂടാൻ കഴിഞ്ഞിട്ടില്ല.

അത് ആസൂത്രിതമായി പ്ലാന്റുകൾ കത്തുന്നതിന്റെ ഭാഗമല്ലേ; അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട മഞ്ചേശ്വരം അംഗം ശ്രീ. എ. കെ. എം. അഷ്റഫ് സൂചിപ്പിച്ചതുപോലുള്ള നിരവധി പ്രശ്നങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. നമ്മുടെ മന്ത്രിമാർ വിദേശത്തേയ്ക്ക് പോകാറുണ്ട്. വിദേശ രാജ്യങ്ങളിലുള്ളതുപോലെ എല്ലാ ആധുനിക സംവിധാനവുമുള്ള, ജനങ്ങൾക്ക് യാതൊരു പ്രയാസവുമില്ലാത്ത രീതിയിലുള്ള സംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിയുമോയെന്നത് സംബന്ധിച്ച പരിശോധനയാണ് നടത്തേണ്ടത്. എന്നാൽ ജനങ്ങളുടെ എതിർപ്പ് ഒഴിവാക്കാൻ സാധിക്കും. പഞ്ചായത്തുകൾക്ക് നൽകുന്ന പദ്ധതി വിഹിതത്തിൽ ഇത്രശതമാനം പശ്ചാത്തല മേഖല, സേവന മേഖല, ഉല്പാദന മേഖല എന്നിങ്ങനെ മൂന്ന് മേഖലയായി തിരിച്ച് ആ മേഖലയ്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് സർക്കാർ കർശന നിർദ്ദേശം നൽകുകയാണ്. ഇത് യഥാർത്ഥത്തിൽ ജനകീയാസൂത്രണ സംവിധാനത്തിനും ഈ പ്രസ്ഥാനത്തിനും എതിരായ നിലപാടാണ്. ഗ്രാമസഭകളും വാർഡുസഭകളും ചേർന്ന് ജനങ്ങളിൽനിന്നും വികസന നിർദ്ദേശങ്ങൾ

ഉയർന്നുവരണമെന്നാണ് പഞ്ചായത്ത് രാജ്/നഗരപാലിക നിയമത്തിൽ പറയുന്നത്. ഗ്രാമസഭകളിലും വാർഡുസഭകളിലും നിന്ന് ഉയർന്നുവരുന്ന വികസന നിർദ്ദേശങ്ങൾ നടപ്പാക്കാൻ പഞ്ചായത്തുകൾക്ക് അധികാരമില്ല. വികേന്ദ്രീകരണമെന്ന അടിസ്ഥാന തത്വത്തെതന്നെ ബലികഴിച്ചുകൊണ്ടാണ് ഇപ്പോൾ ഗവൺമെന്റിന്റെ ഓരോ നിർദ്ദേശങ്ങളും മുന്നോട്ടുവന്നുകൊണ്ടിരിക്കുന്നത്. ഗ്രാമസഭകൾക്ക് യാതൊരു വിലയുമില്ലെന്ന് കണ്ടപ്പോൾ ഗ്രാമസഭയിൽ ജനങ്ങൾ വരുന്നില്ല. മുമ്പത്തെപോലെയല്ല, ഇപ്പോൾ പല ഗ്രാമസഭകളുടെയും സ്ഥിതി എന്താണ്; മെമ്പർമാർ അവിടെ പോയി ഒപ്പിട്ട് ക്വാറം തികയ്ക്കുകയാണ് ചെയ്യുന്നത്. ഗ്രാമസഭകളിലെ പങ്കാളിത്തം കുറയുന്നത് എന്തുകൊണ്ടാണെന്ന് അന്വേഷിക്കണം. ഗ്രാമസഭകളുടെ അധികാരം ഇല്ലാതാക്കി. ഡോ. എം. കെ. മുനീർ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഗ്രാമയാത്ര നടത്തി. അദ്ദേഹം നയിച്ച ഗ്രാമയാത്രയുടെ ഭാഗമായി അത്യാവശ്യം ആളുകളെ ഗ്രാമസഭകളിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചിരുന്നു. വീണ്ടും ഗ്രാമസഭകളിലെ അംഗസംഖ്യ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. സാധാരണഗതിയിൽ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ പദ്ധതി രൂപീകരിക്കുമ്പോൾ മുൻവർഷത്തെക്കാൾ 10% തുകകൂട്ടി പദ്ധതികൾ രൂപീകരിക്കാനാണ് പറഞ്ഞിരുന്നത്. എന്നാൽ 2024-25-ൽ 20% തുക കുറച്ച് പദ്ധതികൾ രൂപീകരിക്കാനാണ് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെമേൽ ജോലിഭാരം അടിച്ചേൽപ്പിക്കുകയും ഫണ്ട് വെട്ടികുറയ്ക്കുകയും ചെയ്യുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങളെ ഒരുഭാഗത്ത് ഒന്നൊന്നായി കവർന്നെടുത്തുകൊണ്ടിരിക്കുന്നു. സർക്കാരിന് ചെയ്യാൻ കഴിയാത്ത ജോലികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുകയും ഫണ്ട് നൽകാതിരിക്കുകയും ചെയ്യുന്നുവെന്നതാണ് നിലവിലെ സ്ഥിതി. യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുമ്പോൾ അതത് ഗ്രാമങ്ങളിൽ മദ്യശാലകൾ ആരംഭിക്കണോ വേണ്ടയോയെന്ന് തീരുമാനിക്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്നു. നിരവധി വർഷത്തെ അതിശക്തമായ പ്രക്ഷോഭത്തെത്തുടർന്നാണ് അത്തരമൊരു തീരുമാനത്തിലേയ്ക്ക് യു.ഡി.എഫ്. സർക്കാർ എത്തിയത്. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റ്

അധികാരത്തിൽ വന്നപ്പോൾ പഞ്ചായത്തിനുള്ള ആ തീരുമാനത്തെ അട്ടിമറിച്ചും ആ അധികാരത്തെ കവർന്നെടുത്തും വീണ്ടും അത് സർക്കാരിൽ നിക്ഷിപ്തമാക്കി. ഇപ്പോൾ ആർക്കും എവിടെ വേണമെങ്കിലും മദ്യഷാപ്പ് ആരംഭിക്കാമെന്ന സ്ഥിതിയായി. ഈ മദ്യനിരോധനാധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുമ്പ് 965 ദിവസം സമരം ചെയ്തിരുന്ന കേരള മദ്യനിരോധന സമിതിയുടെ പ്രസിഡന്റ് ഇയ്യാച്ചേരി കുഞ്ഞികൃഷ്ണൻ മാസ്റ്ററിന്റെ നേതൃത്വത്തിലുള്ള സമരം മലപ്പുറം കളക്ടറേറ്റിനുമുമ്പിൽ കഴിഞ്ഞ ആറുമാസമായി നടക്കുകയാണ്. മദ്യനിരോധനാധികാരം കഴിഞ്ഞ കാലങ്ങളിലേതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് സമരം നടത്തുന്നത്. ഇത്തരം അധികാരങ്ങൾ വീണ്ടും പഞ്ചായത്തിന് കൈമാറുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ഈ പദ്ധതികളെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെമേൽ അമിതമായ ജോലിഭാരം വീണ്ടും

അടിച്ചേൽപ്പിക്കുകയാണ്. ജീവനക്കാരുടെമേൽ ജോലിഭാരം അടിച്ചേൽപ്പിക്കുകയും അവരുടെ ആനുകൂല്യങ്ങൾ നൽകാതിരിക്കുകയും ചെയ്യുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. കേരളത്തിലെ സർക്കാർ ജീവനക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുമുൾപ്പെടെയുള്ളവർ അസംതൃപ്തരാണ്. അവർക്ക് ലഭിക്കേണ്ട ക്ഷാമബത്ത ഏഴ് ഗഡു കുടിശ്ശികയായ ഒരു കാലഘട്ടം കേരള ചരിത്രത്തിൽ മുമ്പുണ്ടായിട്ടില്ല. ഇപ്പോൾ ഏഴ് ഗഡു ക്ഷാമബത്ത കുടിശ്ശിക ആയിരിക്കുമ്പോഴാണ് ഒരു ഗഡു നൽകുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത്. ബാക്കി ആറ് ഗഡു ക്ഷാമബത്ത എന്ന് നൽകുമെന്ന് ഇതുവരെയും പറഞ്ഞിട്ടില്ല. സർക്കാരിന് എപ്പോഴും താങ്ങായി നിൽക്കുന്ന ഒരു മേഖലയാണ് സഹകരണ മേഖല. സർക്കാർ ജീവനക്കാരെപ്പോലെതന്നെ സഹകരണ മേഖലയിലെ ജീവനക്കാർക്കും ഡി.എ. നൽകാൻ സർക്കാർ വിസമ്മതം പ്രകടിപ്പിക്കുകയാണ്. അത് നൽകുന്നതുമൂലം സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയുമില്ല, സഹകരണ സ്ഥാപനങ്ങളാണ് അവ നൽകേണ്ടത്. എന്നിട്ടുപോലും സഹകരണ മേഖലയിലെ ജീവനക്കാർക്കും

ഡി.എ. നൽകുന്നില്ല. നേരത്തെ ജില്ലാ ബാങ്ക് നിലനിന്നിരുന്ന സന്ദർഭത്തിൽ കേരളത്തിലെ പ്രാഥമിക സഹകരണ സംഘം ജീവനക്കാർക്ക് നിയമനങ്ങളിൽ 50% റിസർവേഷനുണ്ടായിരുന്നു. എന്നാൽ കേരള ബാങ്ക് ആയപ്പോൾ അത് നഷ്ടപ്പെട്ടു.

മി. സ്പീക്കർ: പ്ലീസ്..... ബില്ലിലേയ്ക്ക് വരൂ.

ശ്രീ. പി. ഉബൈദുള്ള: സർ, സഹകരണ മേഖലയിലെ ജീവനക്കാരുമായി ബന്ധപ്പെട്ട വിഷയമാണിത്. സഹകരണ ജീവനക്കാരെ ബാധിക്കുന്ന മർമ്മപ്രധാനമായ ആവശ്യങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇന്ന് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഓർഗനൈസേഷൻ സെക്രട്ടേറിയറ്റിനുമുമ്പിൽ സമരം നടത്തുകയുണ്ടായി. ഇതൊക്കെയാണ് നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി. ബില്ലുമായി ബന്ധപ്പെട്ട വിഷയത്തിലേയ്ക്ക് വരുമ്പോൾ അതാണ് എനിക്ക് വീണ്ടും പറയാനുള്ളത്. വിദേശ രാജ്യങ്ങളിലൊക്കെ ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ മാലിന്യം സംസ്കരിക്കുന്നത് എങ്ങനെയാണെന്നുള്ളത് പഠിക്കുന്നതിനായി നമ്മൾ വിദേശ രാജ്യങ്ങളിലേയ്ക്ക് പോകണം. കേരളത്തിലേതുപോലെ യൂസർ ഫീ വാങ്ങിയിട്ടല്ല തമിഴ്നാട്ടിലെ വീടുകളിൽനിന്നും മാലിന്യങ്ങൾ

കൊണ്ടുപോകുന്നതെന്നാണ് ഞാൻ മനസ്സിലാക്കിയത്. കേരളത്തിൽ യൂസർ ഫീ ഈടാക്കി പ്ലാസ്റ്റിക് മാലിന്യങ്ങൾ മാത്രമാണ് ശേഖരിക്കുന്നത്. മറ്റ് മാലിന്യങ്ങളൊന്നും സ്വീകരിക്കുന്നില്ല. പ്ലാസ്റ്റിക് മാലിന്യങ്ങൾ കഴുകി വൃത്തിയാക്കി നൽകുന്നതോടൊപ്പം യൂസർഫീയുംകൂടി നൽകിയാൽ കേരളത്തിലെ വീടുകളിൽനിന്നും മാലിന്യങ്ങൾ കൊണ്ടുപോകും. മറ്റുമാലിന്യങ്ങൾകൂടി വീടുകളിൽനിന്നും ശേഖരിക്കുന്നതിനുള്ള സംവിധാനം തമിഴ്നാട്ടിലൊക്കെയുണ്ട്. അത് എങ്ങനെയാണെന്ന് പഠിച്ച് നമ്മുടെ സംസ്ഥാനത്തും നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. യൂസർഫീ അടച്ചിട്ടില്ലെന്ന ഒറ്റകാരണംകൊണ്ട് ജനങ്ങളുടെ സേവനാവകാശങ്ങൾ നിരസിക്കാൻ പാടില്ല. എല്ലാവർക്കും യൂസർഫീ അടയ്ക്കാൻ സാധിക്കണമെന്നില്ല. യൂസർഫീ അടയ്ക്കാൻ കഴിയാത്ത ഏതെങ്കിലുമൊരു പാവപ്പെട്ടവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എന്തെങ്കിലും സേവനത്തിനുവേണ്ടി പോയാൽ ആ സേവനം നിരസിക്കാനും തടസ്സപ്പെടുത്താനും സെക്രട്ടറിക്ക് അധികാരമുണ്ടെന്ന് പറഞ്ഞാൽ അതിനോട് ഒരിക്കലും യോജിക്കാൻ കഴിയില്ല. അതുകൊണ്ട് ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് നിർത്തുന്നു.

(ശ്രീ. ടി. ജെ. വിനോദ് സീറ്റിൽ ഇല്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മാലിന്യമുക്ത നവകേരള ക്യാമ്പയിന്റെ പശ്ചാത്തലത്തിൽ 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനെയും 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനെയും ഞാൻ പിന്താങ്ങുന്നു. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ മാലിന്യസംസ്കരണം സംബന്ധിച്ച വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും അവ ലംഘിക്കുന്നവർക്ക് ശിക്ഷാവ്യവസ്ഥകൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത ആക്ടിൽ അനുയോജ്യമായ ഭേദഗതി വരുത്തുന്നതിനുമുള്ള സർക്കാർ തീരുമാനം വളരെ പ്രശംസനീയമാണ്. 1994-ലെ അവസ്ഥയല്ല

ഇന്നുള്ളതെന്ന് നമുക്കറിയാം. ജനസംഖ്യയിലുണ്ടായ വർദ്ധനവിനനുസരിച്ച് കേരളത്തിലെ ജീവിത രീതിയിലും മാറ്റങ്ങൾ വന്നു. അതോടൊപ്പം മാലിന്യവും വർദ്ധിച്ചു. മാലിന്യ നിർമ്മാർജ്ജനം ഇന്ന് വലിയൊരു പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിനായി കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുന്നതിനുള്ള വലിയൊരു ദൗത്യം സംസ്ഥാന സർക്കാർ വിവിധ ഏജൻസികളുടെ സഹകരണത്തോടുകൂടി ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ നിർമ്മാണം, സേവന സംവിധാനം ഉറപ്പാക്കൽ, സേവന ദാതാക്കളുടെ വൈവിധ്യം, നൈപുണ്യം വികസിപ്പിക്കൽ, ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന് അനുയോജ്യമായ വിധത്തിൽ ജനങ്ങളുടെ മനോഭാവവും ശീലവും വളർത്തൽ തുടങ്ങിയ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ഗവൺമെന്റ് ഏറ്റെടുത്ത് അതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയാണ്. മാലിന്യങ്ങൾ ഞങ്ങളുണ്ടാക്കും സർക്കാർ അത് സംസ്കരിച്ചുകൊള്ളണം എന്ന പഴയ ബോധത്തിൽനിന്നും വിപ്ലവകരമായ മാറ്റം ജനങ്ങളിൽ സൃഷ്ടിക്കാൻ മാലിന്യമുക്ത നവകേരളം കാമ്പയിൻമൂലം സാധിച്ചിട്ടുണ്ട്. എല്ലാ വീടുകളിലും സ്വന്തം നിലയിൽ കമ്പോസ്റ്റ് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ

ലക്ഷ്യമിടുന്ന ഈ ക്യാമ്പയിനിൽ സ്ഥലസൗകര്യം ഒട്ടുമില്ലാത്ത വീടുകളിലെ ജൈവമാലിന്യം കമ്മ്യൂണിറ്റി തലത്തിൽ സംസ്കരിക്കാനുള്ള സംവിധാനവും വിഭാവനം ചെയ്യുന്നുണ്ട്. ദീർഘവീക്ഷണത്തോടുകൂടി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ/ഒന്നാം പിണറായി സർക്കാർ കൊണ്ടുവന്ന ഹരിതകർമ്മസേന മാലിന്യമുക്ത നവകേരളം എന്ന ക്യാമ്പയിന്റെ മുന്നണിപ്പോരാളികളായി ഇന്ന് മാറിയിട്ടുണ്ട്. ഹരിതകർമ്മസേന ഏറെക്കുറെ എല്ലായിടത്തും യാഥാർത്ഥ്യമായി. അതുപോലെത്തന്നെ മാലിന്യ സംസ്കരണ പ്രവൃത്തികൾ മറ്റേതൊരു ജോലിയെയുംപോലെ മാന്യതയുള്ള ജോലിയാണെന്ന ബോധമുണ്ടാക്കാൻ ഇതിലൂടെ വലിയ അളവിൽ സാധിച്ചിട്ടുണ്ട്. തൊഴിൽ എളുപ്പമാക്കാനാവശ്യമായ വാഹനം, സുരക്ഷാ സംവിധാനങ്ങൾ, സോർട്ടിംഗ് ടേബിൾ, കൺവെയർ ബെൽറ്റ് എന്നിവയ്ക്ക് പ്രോജക്ട് സമർപ്പിക്കുന്നതനുസരിച്ച് ആവശ്യമായ സഹായങ്ങൾ നൽകിവരുന്നുണ്ട്. ഹരിതകർമ്മസേനയുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സംസ്ഥാന സർക്കാർ മുൻകയ്യെടുക്കുന്നത് സന്തോഷം നൽകുന്ന കാഴ്ചയാണ്. വീടുകളിൽ ബാർക്കോഡ് സ്കാൻ ചെയ്യുന്നതിനും മാലിന്യങ്ങളുമായി

ബന്ധപ്പെട്ട ക്രയവിക്രയങ്ങൾ നടത്തുന്നതിനുമായി സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ ഹരിതകർമ്മസേനാംഗങ്ങൾക്ക് കുറച്ചുകൂടി പരിശീലനം നൽകി സ്മാർട്ട് ഫോൺ ലഭ്യമാക്കാൻ കഴിയുന്ന രീതിയിലുള്ള പദ്ധതികൂടി ആവിഷ്കരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ബില്ലിന്റെ നാലാമത്തെ പേജിൽ അഞ്ചാമത്തെ ഖണ്ഡികയിൽ സെക്രട്ടറിക്ക് അത്യാവശ്യമുള്ള ഘട്ടങ്ങളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് തനതുഫണ്ടിൽനിന്ന് ചെലവ് ചെയ്യാവുന്നത് നിലവിൽ 2,00,000/- രൂപയാണ്. ഈ പ്രശ്നത്തിന്റെ പ്രാധാന്യം മനസ്സിലാക്കി അത് 5,00,000/- രൂപയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഹരിതകർമ്മസേന വഴിയോ മറ്റുസംവിധാനങ്ങൾ വഴിയോ ശേഖരിച്ച മാലിന്യങ്ങളുടെ വേർതിരിക്കൽ അതത് കേന്ദ്രത്തിൽവച്ചുതന്നെ തരംതിരിച്ച ശേഷം ബാക്കി വരുന്നത് ക്ലീൻ കേരള കമ്പനിക്ക് ഒരു കിലോ വേസ്റ്റിന് 11.80 രൂപവച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടതായി വരുന്നുണ്ട്. ഇത് പലപ്പോഴും മറ്റുപല സ്ഥാപനങ്ങളും ഏഴ് രൂപയ്ക്കും മറ്റുമെടുക്കാൻ കഴിയുന്ന സാഹചര്യം നിലവിലുണ്ട്. എന്നാൽ പല പഞ്ചായത്ത് സെക്രട്ടറിമാരും ഒരു സർക്കാർ

കമ്പനിയെന്നുള്ള അർത്ഥത്തിൽ ക്ലീൻ കേരള കമ്പനിക്ക് മാത്രമേ വേസ്റ്റ് നൽകാൻ താല്പര്യപ്പെടുന്നുള്ളൂ. എംപാനൽ ചെയ്ത കമ്പനികൾക്ക് നൽകാൻ വൈമുഖ്യം കാണിക്കുന്നുണ്ട്. അത് തിരുത്താൻ വേണ്ട നടപടികൂടി സ്വീകരിക്കണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ശേഖരിച്ച മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് മാത്രമായി നൽകുന്നതുകൊണ്ട് പലപ്പോഴും പ്ലാസ്റ്റിക് മാലിന്യങ്ങൾ കൃത്യസമയത്ത് നീക്കം ചെയ്യാൻ സാധിക്കുന്നില്ല. അതിനാൽ ഈ രംഗത്തേയ്ക്ക് കൂടുതൽ ഏജൻസികളെ നിയോഗിക്കേണ്ടതാണ്. എംപാനൽ ചെയ്ത കൂടുതൽ കമ്പനികൾക്ക് അതിനുള്ള അനുവാദം നൽകുകയെന്നതാണ് വളരെ പ്രധാനപ്പെട്ട കാര്യം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചൂണ്ടിക്കാണിക്കുന്ന പ്രധാനപ്പെട്ട പരാതിയാണിത്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഇതുസംബന്ധിച്ച് ഒരു സർക്കുലർ ഇറക്കിയിട്ടുണ്ട്. എംപാനൽ ചെയ്ത കമ്പനികൾ ലിസ്റ്റ് ചെയ്തിട്ടുണ്ടെങ്കിലും അത്തരം കമ്പനികളുമായി എഗ്രിമെന്റ് വയ്ക്കുന്നതിൽ ബന്ധപ്പെട്ട സെക്രട്ടറിമാർ വൈമുഖ്യം കാണിക്കുന്നുണ്ട്.

അക്കാര്യം വകുപ്പ് ശ്രദ്ധിക്കുമെന്നാണ് കരുതുന്നത്. എം.സി.എഫ്.-ലേയ്ക്ക് മാലിന്യമെത്തിക്കാൻ ഹരിതകർമ്മസേനകൾക്ക് പലപ്പോഴും വാഹന സൗകര്യമില്ലാത്തതിനാൽ ഇവർക്ക് കിട്ടുന്ന തുകയിൽനിന്നുതന്നെ ഇതിനുള്ള തുക ഏർപ്പാടാക്കി നൽകേണ്ട പ്രയാസകരമായ സാഹചര്യം നിലനിൽക്കുന്നുണ്ട്. ഒരു പഞ്ചായത്തിന്റെ പല സ്ഥലങ്ങളിലായാണ് ഇവർ ശേഖരിച്ച മാലിന്യങ്ങൾ സൂക്ഷിക്കുന്നത്. അത് അവിടെനിന്നും കൊണ്ടുവരാൻ ഇവർക്ക് മറ്റ് വാഹനങ്ങളില്ല. ചില സാഹചര്യങ്ങളിൽ ഇത് കൊണ്ടുവരേണ്ട നിർബന്ധിതാവസ്ഥ വരുമ്പോൾ അവരുടെ കയ്യിൽനിന്നും തുക ചെലവഴിക്കേണ്ടിവരുന്നു. ഹരിതകർമ്മസേനകൾക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നോ മറ്റോ വാഹനസൗകര്യം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കുമെന്നുള്ള അഭ്യർത്ഥനയാണുള്ളത്. മിക്ക എം.സി.എഫ്. കേന്ദ്രങ്ങളിലും വേസ്റ്റുകൾ കുന്നുകൂടി കിടക്കുകയാണ്. നിലവിൽ നെന്മണിക്കര പഞ്ചായത്തുപോലെ എല്ലാ മാസവും കൃത്യമായി വേസ്റ്റ് മാറ്റുന്ന പഞ്ചായത്തുകളും ഒന്നരവർഷമായിട്ടും വേസ്റ്റ് മാറ്റാത്ത പഞ്ചായത്തുകളുമുണ്ട്. കൃത്യമായ പ്രവർത്തന കലണ്ടറോ ക്രമമോ ഒന്നും പാലിക്കാൻ ചില പഞ്ചായത്ത് സെക്രട്ടറിമാർ/ബന്ധപ്പെട്ടവർ

തയ്യാറാകുന്നില്ല. അത് എങ്ങനെയാണ് കൃത്യത വരുത്തുക എന്നതുകൂടി ഉറപ്പുവരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. നിലവിൽ എല്ലാതരത്തിലുമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളും കപ്പുകളുമൊക്കെ നിരോധിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും പലയിടങ്ങളിലും അവ ലഭ്യമാകുന്നുണ്ട്. നിയമം അനുശാസിക്കുംപ്രകാരം ചില്ലറ വിൽപ്പനക്കാരിൽനിന്നുമൊക്കെ ആയിരം രൂപ ഫൈൻ ഈടാക്കുന്നുണ്ട്. പക്ഷേ ഉറവിടങ്ങളിൽനിന്നും അല്ലെങ്കിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന ഇത്തരം ക്യാരിബാഗുകൾ ചെക്ക്പോസ്റ്റുകളിൽ കാര്യക്ഷമമായി പിടിച്ചെടുക്കാനുള്ള സംവിധാനമുണ്ടെങ്കിൽ ഒരുപരിധിവരെ നമ്മുടെ സംസ്ഥാനത്ത് ഇവയുടെ ലഭ്യത നിയന്ത്രിക്കാൻ കഴിയും. സ്പിരിറ്റ് പോലുള്ളവ കൊണ്ടുവരുമ്പോൾ പിടിച്ചെടുക്കുന്നതിന് കൃത്യമായ നിയമങ്ങൾ പ്രാബല്യത്തിലുള്ളതുപോലുള്ള കാര്യങ്ങളിലേയ്ക്കുകൂടി സർക്കാർ കടക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. തനത് ഫണ്ടിൽനിന്നും പതിനായിരം രൂപയും ശുചിത്വമിഷനിൽനിന്നും പതിനായിരം രൂപയും നാഷണൽ ഹെൽത്ത് മിഷനിൽനിന്നും പതിനായിരം രൂപയും ഉൾപ്പെടെ ആകെ മുപ്പതിനായിരം രൂപയാണ് മഴക്കാല പൂർവ്വ ശുചീകരണം നടത്തുന്നതിനായി പഞ്ചായത്തുകൾക്ക് നിലവിൽ

ചെലവഴിക്കാവുന്ന ആകെ തുക. ഇത് വളരെ തുച്ഛമായ തുകയാണ്. മിക്കവാറും നമ്മൾ ആഗ്രഹിക്കുന്ന സന്നദ്ധ പ്രവർത്തനം, ബന്ധപ്പെട്ട നോൺ ഗവൺമെന്റ് ഓർഗനൈസേഷന്റെ പ്രവർത്തനവുമൊക്കെ ഇതിലുണ്ടാകുക എന്നുള്ള നല്ല കാഴ്ചപ്പാടൊക്കെ ഈ ബില്ലിൽ ഉണ്ടെങ്കിൽപോലും തനതുവരുമാനമുള്ള പഞ്ചായത്തുകൾക്ക് ഇതിന് കൂടുതൽ തുക വിനിയോഗിക്കാനുള്ള അനുവാദമുണ്ടായാൽ കുറച്ചുകൂടി നന്നായിരിക്കുമെന്നാണ് കരുതുന്നത്. മിക്കവാറും വഴിയരികിലൊക്കെ വലിയ കുറ്റിക്കാടുകൾ കാണുമ്പോൾ ആളുകൾ അതിലേയ്ക്ക് വേസ്റ്റിടാനുള്ള പ്രവണതയാണ് കാണിക്കുന്നത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഇത് വൃത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിൽപ്പോലും ഒരു പ്രാവശ്യം ചെയ്ത പ്രവൃത്തി വീണ്ടും ചെയ്യാൻ സാധിക്കാത്ത പരിമിതികളുണ്ട്. അവരുടെ തനതുഫണ്ടിൽനിന്നും കൂടുതൽ തുക ഉപയോഗിക്കാൻ അനുവദിക്കുകയാണെങ്കിൽ നന്നാകുമെന്നാണ് സൂചിപ്പിക്കാനുള്ളത്. മറ്റൊരു പ്രശ്നം ചൂണ്ടിക്കാണിക്കാനുള്ളത്, സെപ്റ്റിക്ക് ടാങ്കുമായി ബന്ധപ്പെട്ടതാണ്. പ്രത്യേകിച്ച്, തീരപ്രദേശത്തെ കോളനികളിൽ ലൈഫ് മിഷൻ പദ്ധതിയിലൂടെ നാലുലക്ഷം രൂപ ലഭിച്ച് വീട്

നിർമ്മിക്കുന്നവർക്ക് നല്ലരീതിയിൽ സെപ്റ്റിക്ക് ടാങ്ക് നിർമ്മിക്കാൻ സാധിക്കില്ല. അവർ രണ്ടോ മൂന്നോ റിംഗുകൾ സ്ഥാപിച്ച് അതിന്റെ മുകളിൽ ഒരു അടപ്പും വച്ച് അത്യാവശ്യം ഉപയോഗിക്കും. മഴക്കാലമാകുമ്പോൾ ഇതൊക്കെ പൊട്ടിപ്പൊളിഞ്ഞ് പുറത്തേയ്ക്കുപോകും. ഇത് വലിയതോതിലുള്ള പരിസര മലിനീകരണത്തിനും അന്തരീക്ഷ മലിനീകരണത്തിനും ശുദ്ധജല മലിനീകരണത്തിനൊക്കെ കാരണമാകുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ശാസ്ത്രീയമായ പഠനം ആവശ്യമുണ്ട്. അനുയോജ്യമായ സെപ്റ്റിക്ക് ടാങ്ക് സംവിധാനം എങ്ങനെ നിർമ്മിക്കാൻ കഴിയുമെന്ന ചിന്ത ഇതിന്റെ ഭാഗമായി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. 'യൂസർ ഫീ അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയാൽ, അത്, പ്രതിമാസം അമ്പത് ശതമാനം പിഴയോടുകൂടി ഈടാക്കേണ്ടതാണ്' എന്ന് ബില്ലിൽ പറഞ്ഞിട്ടുണ്ട്. അമ്പതുശതമാനം തുക കൂടുതലായിരിക്കുമോ; അതുസംബന്ധിച്ച് ഒന്നുകൂടി ആലോചിക്കേണ്ടതുണ്ടോയെന്ന് അഭ്യർത്ഥിക്കുകയാണ്. മാലിന്യ നിർമ്മാർജ്ജനത്തിനായി ക്ലീൻ കേരള കമ്പനി ആപ്പ്, എം.സി.ആർ. ആപ്പ്, ആർ.എഫ്. ആപ്പ്, കസ്റ്റമർ ആപ്പ്, ഹരിത കർമ്മസേന, ഹരിതമിത്രം, സ്മാർട്ട് ഗ്യാരേജ് തുടങ്ങിയ നിരവധി യൂണിറ്റുകളിലിപ്പോൾ നിലവിലുള്ള

പരിപാടികൾ നല്ലരീതിയിൽ മെച്ചപ്പെടുത്താൻ കഴിയും. കേരളത്തെ സമ്പൂർണ്ണ ശുചിത്വത്തിലേയ്ക്ക് എത്തിക്കാനാണ് 'മാലിന്യമുക്ത നവകേരളം' ലക്ഷ്യമിടുന്നുണ്ട്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വമെന്ന ബോധം കേരളത്തിലെ മുഴുവൻ ജനങ്ങളിലുമുണ്ടാക്കാനുള്ള ബോധവൽക്കരണ ശ്രമങ്ങൾക്ക് കൂടുതൽ ആക്കം കൂട്ടണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ഇതിനോടൊപ്പംതന്നെ അതിദരിദ്രരുടെ യൂസർ ഫീ തദ്ദേശസ്വയംഭരണ സ്ഥാപനം നൽകുന്നുവെന്നുള്ള നടപടിയും തുക വകയിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഗവൺമെന്റ് സ്വീകരിച്ചുവരുന്നു എന്നുള്ളതും വളരെ പ്രശംസനീയമായ കാര്യമാണ്. അഗതികൾക്കും ആശ്രിതർക്കുമൊക്കെ യൂസർ ഫീ മുഴുവനായി ഒഴിവാക്കിക്കൊടുത്ത് സാധാരണക്കാരുടെ പക്ഷത്താണ് ഈ ഗവൺമെന്റ് നിൽക്കുന്നുവെന്നതിന്റെ നല്ല സൂചനയായി ഇതിനെ കാണുകയാണ്. ഒറ്റപ്പെട്ട പ്രവർത്തനങ്ങളിലൂടെയും സർക്കാർ കേന്ദ്രീകൃത നിർവ്വഹണ രീതിയിലൂടെയും കേരളത്തിലെ മാലിന്യ പ്രശ്നം പരിഹരിക്കാൻ കഴിയില്ലെന്നത് പകൽപോലെ മനസ്സിലാക്കാവുന്ന കാര്യമാണ്. നിലവിലുള്ള പൗരബോധം, മനോഭാവം, ശീലം എന്നിവയൊക്കെ ഈ മാലിന്യപ്രശ്നം സങ്കീർണ്ണമാക്കുന്നുണ്ട്. ഇത്

മാറ്റിയെടുക്കാനുള്ള പ്രവർത്തനം വലിയ രാഷ്ട്രീയ പ്രവർത്തനമായി സ്വീകരിക്കേണ്ടതുണ്ട്. പുതിയ പൗരബോധവും വികസന കാഴ്ചപ്പാട് സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളും വികേന്ദ്രീകരണവും സംയോജിതമായ മാലിന്യ സംസ്കരണ രീതികൊണ്ട് നമുക്ക് സൃഷ്ടിച്ചെടുക്കാൻ കഴിയണം. കേരളത്തെ സമ്പൂർണ്ണ സാക്ഷരതയിലേയ്ക്കും അതുപോലെ ജനകീയാസൂത്രണ പ്രസ്ഥാനത്തിലേയ്ക്കുമൊക്കെ നയിച്ചപോലെയുള്ള വലിയ ജനമുന്നേറ്റങ്ങൾക്ക് മാലിന്യമുക്ത കേരളത്തിന്റെ കാമ്പയിൻ വരുന്നുണ്ടെങ്കിലും അതിലേയ്ക്ക് കുറേക്കൂടി ഊന്നൽ നൽകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ഒരുകാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. പലപ്പോഴും യൂസർ ഫീ നൽകിയില്ലെങ്കിൽ സേവനങ്ങൾ നൽകില്ലെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽപ്പോലും നിലവിൽ പല സ്ഥാപനങ്ങളും പ്രത്യേകിച്ച്, വ്യാപാര സ്ഥാപനങ്ങൾ അവരുടെ കാര്യങ്ങൾക്കെല്ലാം ഉപയോഗിക്കുന്നത് അക്ഷയ കേന്ദ്രങ്ങളെയാണ്. അക്ഷയ കേന്ദ്രങ്ങൾവഴി വ്യാപാര സ്ഥാപനങ്ങൾക്ക് സേവനം ലഭ്യമാക്കണമെങ്കിൽ യൂസർ ഫീ അടച്ച രസീത് കൂടി അപ്‌ലോഡ് ചെയ്യണമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തേണ്ടതാണ്. യൂസർ ഫീ അടച്ചില്ലെങ്കിലും അവർക്ക് ആ സേവനങ്ങളൊക്കെ ലഭിക്കും, ഒരു പ്രശ്നവുമില്ല

എന്നുള്ളതാണ് നിലവിലെ സ്ഥിതി. അതുകൊണ്ട് അത്തരമൊരു നിബന്ധനകൂടി ഉണ്ടാകുന്നത് നന്നായിരിക്കുമെന്നാണ് സൂചിപ്പിക്കാനുള്ളത്. അതുപോലെ മാലിന്യം ഒരു അസംസ്കൃത വസ്തുവായി കണക്കാക്കുന്ന കാലഘട്ടത്തിലേയ്ക്കാണ് ജനതയെ കൈപിടിച്ചുകൊണ്ടുപോയിട്ടുള്ളത്. പ്ലാസ്റ്റിക്കായാലും അതുപോലുള്ള എത്രയോ സാധനങ്ങളിൽനിന്ന് ഉപോൽപ്പന്നങ്ങൾ/റീ-യൂസ് ചെയ്യാനുള്ള വലിയ സംരംഭങ്ങൾ കേരളത്തിൽ കൊണ്ടുവരാനുള്ള ശ്രമം നടത്തണം. നവകേരള ശില്പികളായി ഹരിതകർമ്മസേനയെ അടയാളപ്പെടുത്തുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ തദ്ദേശസ്വയംഭരണ വകുപ്പും ബന്ധപ്പെട്ട മന്ത്രിയുമൊക്കെ കാണിക്കുന്ന പ്രത്യേക താൽപ്പര്യത്തിന് കൂടുതൽ ശക്തിപകരാൻ ഈ ഭേദഗതി ബില്ലുകൾക്ക് സാധിക്കുമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ

അവതരിപ്പിക്കുന്നു.

ഇന്ത്യാ രാജ്യത്ത് ഏറ്റവും സുശക്തമായ തദ്ദേശസ്വയംഭരണ സംവിധാനമാണ് നമ്മുടെ കേരളത്തിലുള്ളത്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നതോടുകൂടിയാണ് ഇന്നത്തെ അവസ്ഥയിലേയ്ക്ക് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറിയത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്ക് 100 രൂപ ചെലവഴിക്കാൻ അധികാരമില്ലാതിരുന്ന കാലത്ത് പ്രസിഡന്റായിരുന്ന ഒരു വ്യക്തിയാണ് ഞാൻ. അന്ന് എല്ലാ അധികാരങ്ങളും എക്സിക്യൂട്ടീവ് ഓഫീസർക്കായിരുന്നു. ആ കാലഘട്ടത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് ഇക്കാര്യത്തിലൊന്നും കാര്യമായ യാതൊരു പങ്കുമില്ലാതിരുന്നു. 1994-ലെ നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ 1996-ൽ അധികാരത്തിൽവന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് ഇ. കെ. നായനാരുടെ ഭരണം കാണിച്ച ഇച്ഛാശക്തി, അതോടൊപ്പം തന്നെ പദ്ധതി വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക കൂടി ചെയ്തപ്പോഴാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റവും സുശക്തമായി മാറിയത്. തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മേധാവികൾ എക്സിക്യൂട്ടീവ് അധികാരികളായി,

എക്സിക്യൂട്ടീവ് ഓഫീസർ കാര്യനിർവ്വഹണ ഓഫീസറായി മാറിയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഏത് ഭേദഗതികൾ പഞ്ചായത്ത് നഗര പാലിക ബില്ലിൽ വരുത്തുമ്പോഴും അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്തയ്ക്ക് ചേരാത്ത രൂപത്തിൽ, പോറലേല്പിക്കുന്ന രൂപത്തിലുള്ള ഒരു നടപടികളും ഉണ്ടാകാൻ പാടില്ല. ആ രൂപത്തിൽ നാം സൂക്ഷ്മത കാണിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ച ഭേദഗതിയിൽ അത്തരമൊരു സൂക്ഷ്മത കാണിച്ചുവെന്നതിൽ പ്രത്യേകം ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. എന്നാൽ ഖണ്ഡിക 5 (3)-ൽ ഖരമാലിന്യ സംസ്കരണത്തിന്റെ പൂർണ്ണമായ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തന്നെ നൽകിയിട്ടുണ്ട്. അത് സെക്രട്ടറി നടപ്പിലാക്കുകയും വേണം. എന്നാൽ 219 എബി (3)-ൽ സെക്രട്ടറി പ്രസിഡന്റിന്റെ അറിവോടുകൂടി മാലിന്യ സംസ്കരണത്തിനുവേണ്ടി പഞ്ചായത്ത് ഫണ്ടിൽ നിന്ന് രണ്ട് ലക്ഷം രൂപ വരെ ചെലവഴിക്കാമെന്ന് പറയുന്നുണ്ട്. എക്സിക്യൂട്ടീവ് അധികാരിയായ പഞ്ചായത്ത് പ്രസിഡന്റിനെ അറിയിച്ചുകൊണ്ട് ചെയ്യുക എന്ന് പറയുന്നത് അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്തയ്ക്ക് യോജിച്ചതാണോ എന്ന സംശയം എനിക്കുണ്ട്. അതിനുപകരം പഞ്ചായത്ത്

പ്രസിഡന്റിന്റെ അനുമതിയോടുകൂടി എന്ന ഭേദഗതി വേണം എന്നാണ് എനിക്ക് ഇക്കാര്യത്തിൽ നിർദ്ദേശിക്കാനുള്ളത്. പിന്നീട് പഞ്ചായത്ത് ഭരണ സമിതിയിൽ അംഗീകാരം നേടിയാൽ മതിയാകും. അല്ലാതെ പഞ്ചായത്ത് ഭരണ സമിതി ചേർന്നിട്ട് ഫണ്ട് ചെലവഴിക്കാൻ കഴിയുമോയെന്ന വ്യവസ്ഥ ആവശ്യമില്ല. 'അറിവ്' എന്നതിനുപകരം 'അംഗീകാരം' എന്നാക്കി മാറ്റണമെന്നാണ് പറയാനുള്ളത്. അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്തയ്ക്ക് നിരക്കാത്ത രൂപത്തിലുള്ള നിർദ്ദേശങ്ങളാണ് പ്രതിപക്ഷത്തുനിന്ന് ഉയർന്ന് വന്നതെന്നത് ദൗർഭാഗ്യകരമാണ്. കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ടിന്റെ ചരിത്രം പരിശോധിച്ചാൽ പഞ്ചായത്ത് രാജ് സംവിധാനം നിലവിൽവന്ന കാലം മുതൽ തന്നെ മാലിന്യ സംസ്കരണവും തെരുവുവിളക്ക് സ്ഥാപിക്കലും പഞ്ചായത്തുകളുടെ നിർബന്ധമായ ചുമതലകളായിരുന്നുവെന്ന് കാണാം. മാലിന്യ സംസ്കരണ ചുമതല പഞ്ചായത്തുകളിൽ അടിച്ചേല്പിക്കുന്നത് ശരിയല്ലെന്ന വാദഗതി അംഗീകരിക്കാൻ കഴിയില്ല; അത് പഞ്ചായത്തിന്റെ തന്നെ ചുമതലയാണ്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സുശക്തമായി മാറിയതിന്റെ ഏറ്റവും നല്ല ഉദാഹരണങ്ങളാണ് പ്രതിസന്ധി ഘട്ടങ്ങളായ

മഹാമാരി വന്നപ്പോഴും വെള്ളപ്പൊക്കം വന്നപ്പോഴും കോവിഡ്-19 വന്നപ്പോഴുമെല്ലാം തന്നെ സർക്കാരിന്റെ തീരുമാനങ്ങൾ ഫലപ്രദമായി താഴെ തട്ടിൽവരെ എത്തിക്കാനായി ഉണർന്ന് പ്രവർത്തിച്ചത്. പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ചുമതല അധികാര വികേന്ദ്രീകരണം നടത്തിയത് അതിനുവേണ്ടിത്തന്നെയാണ്. അതിന് പ്രാപ്തമാക്കുന്ന രൂപത്തിലുള്ള നിലപാടുകളും നടപടികളും തന്നെയാണ് വേണ്ടത്. അതുകൊണ്ട് എല്ലാം പഞ്ചായത്തുകളിൽ അടിച്ചേല്പിക്കുന്ന എന്നുപറയുന്ന നിലപാടുകൾ അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്തയ്ക്ക് ചേർന്നതല്ലെന്ന കാര്യം വിനയപൂർവ്വം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ചെലവിനെ സംബന്ധിച്ചാണ് പറയുന്നത്. 2023 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ എന്തായിരുന്നു പ്രചരണം? 'ട്രഷറി അടയ്ക്കാൻ പോകുന്നു, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവാക്കാൻ സാധിക്കുന്നില്ല, എല്ലാം നഷ്ടപ്പെടുകയാണ് എന്ന പ്രചാര വേലയായിരുന്നില്ലേ? ചരിത്രത്തിൽ ഇന്നേവരെ ഇല്ലാത്ത രൂപത്തിൽ കഴിഞ്ഞ മൂന്ന്-നാല് വർഷക്കാലത്തെ ചെലവ് പരിശോധിച്ചാൽ 90 ശതമാനത്തിൽ കൂടുതലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

ചെലവെന്ന് കാണാൻ കഴിയും. മാർച്ച് 31-ന് ട്രഷറി തുറക്കില്ല, ട്രഷറി അടയ്ക്കുമെന്ന് പറഞ്ഞവർ രാത്രി 12.00 മണിവരെയും ട്രഷറി തുറന്നുവച്ച് പേമെന്റുകൾ മുഴുവനും നല്കിയ ചരിത്രമാണ് കേരളത്തിലുള്ളത്. 2024 മാർച്ച് മാസത്തിലും ട്രഷറി അടയ്ക്കുമെന്ന വ്യാമോഹവുമായി നിങ്ങൾ മുന്നോട്ട് പോകേണ്ട. ആവശ്യമായ ഫണ്ട് കണ്ടെത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് നല്കാൻ ഈ സർക്കാർ പ്രത്യേക ജാഗ്രത കാണിക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. വളരെ വിനയപൂർവ്വം ചോദിക്കട്ടെ, യു.ഡി.എഫ്-ന്റെ ഭരണകാലത്ത് പദ്ധതി പ്ലാൻ ചെയ്യൽ എപ്പോഴായിരുന്നു? പദ്ധതി പ്ലാൻ ചെയ്യുന്നത് സെപ്റ്റംബർ-ഒക്ടോബർ മാസത്തിലും ആ പദ്ധതിക്ക് അംഗീകാരം നല്കുന്നത് ഒക്ടോബർ-ഡിസംബർ മാസത്തിലുമാണ്. പദ്ധതി നടപ്പിലാക്കാൻ രണ്ടോ മൂന്നോ മാസങ്ങൾ മാത്രമേ കിട്ടാറുണ്ടായിരുന്നുള്ളൂ. അന്ന് എക്സ്പെൻഡിച്ചർ എത്രയായിരുന്നു? വളരെ വളരെ ദയനീയമായ രീതിയിലായിരുന്നു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എക്സ്പെൻഡിച്ചർ. എന്നാൽ വളരെ അഭിമാനപൂർവ്വം എൽ.ഡി.എഫ്. സർക്കാരിനെയും വകുപ്പുമന്ത്രിയെയും അഭിനന്ദിച്ചുകൊണ്ട് പറയട്ടെ, ജനുവരി മാസമാകുമ്പോഴേയ്ക്കുതന്നെ തൊട്ടടുത്ത സാമ്പത്തിക

വർഷത്തിലെ പദ്ധതി രൂപീകരണം നടത്തി ഏപ്രിൽ 1-ന് പദ്ധതി നടപ്പിലാക്കാൻ കഴിയുന്ന രൂപത്തിലുള്ള സാഹചര്യമാണുണ്ടാക്കിയത്. ഇത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ഇച്ഛാശക്തിയോടുകൂടിയുള്ള ഇടപെടലാണെന്ന് വിനയപൂർവ്വം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് അധികാരങ്ങൾ കവർന്നെടുക്കുന്ന നിലപാടല്ല ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അധികാരങ്ങൾ താഴെത്തട്ടിൽ കൈമാറി പോരായ്മകൾ പരിഹരിച്ചുകൊണ്ട് സുശക്തമാക്കാൻ വേണ്ടിയുള്ള നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളതെന്നാണ് സൂചിപ്പിക്കാനുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ഭാരം കൂടുതലുണ്ടെന്നുള്ളത് വസ്തുതയാണ്. അതിനാവശ്യമായ സംവിധാനം ഇനിയും ചെയ്യേണ്ടതുണ്ട്. സർക്കാർ വകുപ്പുകളിൽ പ്രത്യേകിച്ച് ജോലിയും ചുമതലയുമൊന്നുമില്ലാത്ത ഉദ്യോഗസ്ഥർ ഇപ്പോഴുമുണ്ട്. ഇക്കാര്യത്തിലൊരു പരിശോധന വേണം. എവിടെയാണ് പ്രത്യേകമായി ജോലിയൊന്നും ചെയ്യാതെ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാരുള്ളതെന്ന് കണ്ടെത്തണം. അത്തരം ഉദ്യോഗസ്ഥരെ കണ്ടെത്തി അവരെ ഫലപ്രദമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കാനാവശ്യമായ നടപടികൾ കൂടി സ്വീകരിക്കണമെന്നാണ്

ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ഗ്രാമസഭകൾ നേരത്തെ ഫലപ്രദമായിരുന്നു. ഇപ്പോഴും പല പഞ്ചായത്തുകളിലും ഫലപ്രദമാണ്. ഇനിയും ഗ്രാമസഭകളെ ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. താഴെത്തട്ടിലുള്ള വികസന പ്രവർത്തനത്തിന് ഏറ്റവും പ്രധാനപ്പെട്ടൊരു സംയോജനം നടക്കേണ്ടത് പഞ്ചായത്തും സഹകരണ സ്ഥാപനങ്ങളും തമ്മിലാണ്. അത് ലക്ഷ്യമിടുന്നുണ്ടെങ്കിലും പ്രായോഗിക തലത്തിൽ ഇനിയും നടപ്പിലായി കഴിഞ്ഞിട്ടില്ലെന്ന വസ്തുതയുണ്ട്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സഹകരണ സ്ഥാപനങ്ങൾ വളരെ സുശക്തവും സാമ്പത്തിക ഭദ്രതയുമുണ്ടെങ്കിലും ആ സാമ്പത്തിക സ്രോതസ്സുകൾ മുഴുവനും നാട്ടിലെ പ്രാദേശിക തലത്തിലുള്ള വികസന പ്രവർത്തനത്തിന് ഫലപ്രദമായി വിനിയോഗിക്കുന്നതിനുവേണ്ടി നമുക്കിപ്പോഴും കഴിയുന്നില്ലെന്നത് വസ്തുതയാണ്. അതുകൊണ്ട് പഞ്ചായത്ത് ഭരണ സമിതിയും സഹകരണ സംഘങ്ങളും തമ്മിലുള്ള സംയോജനം എങ്ങനെ ഫലപ്രദമായി താഴെത്തട്ടിൽ നടപ്പിലാക്കാൻ കഴിയുമെന്ന് ആലോചിക്കേണ്ടതുണ്ട്. ഇതിനുള്ള പ്രായോഗികമായ വിഷമതകൾ പരിഹരിച്ചുകൊണ്ട് വികസന പരിപാടികളിൽ സഹകരണ സ്ഥാപനങ്ങളുടെ

മുഴുവൻ ഫണ്ടുകളും വിനിയോഗിക്കാൻ കഴിയുന്ന രൂപത്തിലുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വളരെ ഗൗരവകരമായ ആരോഗ്യ പ്രശ്നങ്ങളുയർത്തുന്ന മറ്റൊരു പ്രധാനപ്പെട്ട കാര്യം, നമ്മുടെ കിണറുകളിൽ 78 ശതമാനവും മലിനീകരിക്കപ്പെട്ടതാണെന്ന് ചില ഏജൻസികളുടെ പഠന റിപ്പോർട്ടുകളിൽനിന്നും വ്യക്തമാണ് എന്നതാണ്. കക്കൂസുകളും കിണറും തമ്മിലുള്ള അകലം വളരെ കുറവാണ്. അതിന്റെ ഫലമായി കോളിഫോം ബാക്ടീരിയ ഉൾപ്പെടെയുള്ള അപകടകരമായ പല വസ്തുക്കളുടെയും കൃമികളുടെയും സാന്നിദ്ധ്യം വെള്ളത്തിൽ കണ്ടുവരുന്നുണ്ട്. ഇത് എങ്ങനെ പരിഹരിക്കാൻ സാധിക്കും? ഇതിന് ശാസ്ത്രീയമായ പരിഹാര മാർഗ്ഗം കണ്ടെത്തി നമ്മുടെ കിണറുകളിലെ വെള്ളം ശുദ്ധീകരിക്കാനാവശ്യമായ സംവിധാനങ്ങൾകൂടി ഏർപ്പെടുത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ രൂപത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി മുന്നോട്ടുകൊണ്ടുപോകുന്ന നിലപാടുകൾ തന്നെയായിരിക്കണം സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടത്. അതോടൊപ്പം തന്നെ ഇത്തവണത്തെ ബഡ്ജറ്റിൽ 28.1 ശതമാനം ഫണ്ട് കൈമാറുന്ന തീരുമാനം ഉണ്ടായിരിക്കുകയാണ്. നേരത്തെ

ഉണ്ടായിരുന്നതിനേക്കാൾ വളരെ മെച്ചപ്പെട്ട സ്ഥിതിയാണിത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബഡ്ജറ്റ് വിഹിതം കണ്ട് നമ്മൾ കണ്ണീർ ഒഴുക്കേണ്ടി വരുമായിരുന്നു. ആ രൂപത്തിൽ ദയനീയമായിരുന്ന അക്കാലത്തെ കാര്യമെന്നും അപ്പുറത്തുള്ളവർ മനസ്സിലാക്കേണ്ടതാണ്.

മി. സ്പീക്കർ: യെസ്... പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, അതുകൊണ്ട് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് ആക്ടിൽ മാലിന്യസംസ്കരണം സംബന്ധിച്ച വ്യവസ്ഥകൾ പരിശോധിക്കാനും മാലിന്യം പൊതുയിടങ്ങളിൽ നിക്ഷേപിക്കുന്നവർക്കെതിരെ ശക്തമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനുമാണ് ഈ ബില്ലിൽ ചില ഭേദഗതികൾ

വരുത്തിയിട്ടുള്ളത്. മാലിന്യസംസ്കരണം എല്ലാവരുടെയും ഉത്തരവാദിത്വമാണ്. ഈ ഉത്തരവാദിത്വം കൃത്യമായി നിറവേറ്റാനും ആയതിൽ വീഴ്ച വരുത്തുന്നവരെ കണ്ടെത്തി ശിക്ഷാനടപടികൾ സ്വീകരിക്കാനും വ്യവസ്ഥ ചെയ്യുന്ന ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. മാലിന്യമാണ് ഇന്ന് നാം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി മാലിന്യസംസ്കരണമാണ്. നമുക്ക് ഇവിടെ ആവശ്യത്തിനനുസരിച്ചുള്ള മാലിന്യസംസ്കരണ പദ്ധതികളും ആവശ്യമായ സംവിധാനങ്ങളുടെ പോരായ്മയുമാണ് പ്രധാന പ്രശ്നം. ഇവിടെ നല്ലൊരു മാലിന്യസംസ്കരണം വളർത്തിയെടുക്കേണ്ടതായിട്ടുണ്ട്. മാലിന്യങ്ങൾ വലിച്ചെറിയുന്ന ശീലം ജനങ്ങളിൽനിന്ന് ഇല്ലാതാക്കാനാവശ്യമായ ബോധവൽക്കരണം നടത്തണം. മാലിന്യങ്ങൾ സംസ്കരിക്കുന്നത് നമ്മുടെ ഉത്തരവാദിത്വമാണെന്ന ചിന്തയും അത്തരത്തിലുള്ള ശീലവും ജനങ്ങളിൽ വളർത്തിയെടുത്താൽ മാലിന്യപ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും. ജർമ്മനിയിലെ കൊളോൺ എന്ന സ്ഥലത്തെ എന്റെ അനുഭവം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. ആ പട്ടണത്തിൽ ടൺ കണക്കിന് മാലിന്യം കത്തിച്ച് വൈദ്യുതിയാക്കിയശേഷം

സ്കീമാക്കി മാറ്റിയെടുക്കുന്ന പദ്ധതി ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്. അവിടെയൊക്കെ വർഷങ്ങൾക്ക് മുമ്പും ഇപ്പോഴും മാലിന്യങ്ങൾ ഈ പദ്ധതികളിലൂടെയാണ് സംസ്കരിക്കുന്നത്. മാലിന്യം എന്നത് ആവശ്യമില്ലാത്ത വസ്തുവായി കാണാതെ പ്രൊഡക്ടീവായ കാര്യങ്ങൾക്ക് എങ്ങനെ ഉപയോഗിക്കാമെന്ന് നമ്മൾ കണ്ടെത്തണം. എല്ലാ പട്ടണങ്ങളിലും ഗ്രാമങ്ങളിലും വെള്ളം കുടിച്ചശേഷം പ്ലാസ്റ്റിക് കുപ്പികൾ വലിച്ചെറിയുകയാണ് ചെയ്യുന്നത്. എല്ലാ പഞ്ചായത്തുകളിലും വാർഡുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും പ്ലാസ്റ്റിക് കുപ്പികൾ ശേഖരിക്കാനുള്ള ബിന്നുകൾ സ്ഥാപിക്കാനുള്ള നിർദ്ദേശം നിർബന്ധമായും നൽകണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്. അങ്ങനെ ശേഖരിക്കുന്ന പ്ലാസ്റ്റിക് കുപ്പികൾ ഉപയോഗിച്ച് ഇലക്ട്രിസിറ്റി പാസ് ചെയ്യുന്ന പൈപ്പ് ഉല്പാദിപ്പിക്കാൻ സാധിക്കും. അതിനായി ധാരാളം സ്ഥാപനങ്ങൾ കേരളത്തിനകത്തും പുറത്തും പ്രവർത്തിക്കുന്നുണ്ട്. അവിടത്തെ ഏറ്റവും വലിയ അസംസ്കൃത വസ്തു നാം വലിച്ചെറിയുന്ന കുപ്പികളാണെന്ന് ആളുകൾക്കറിയില്ല. തോട്ടിലും തൊടിയിലും പറമ്പിലുമെല്ലാം കുപ്പികൾ യഥേഷ്ടം വലിച്ചെറിയുകയാണ്.

മാലിന്യസംസ്കരണം മാലിന്യ ഉല്പാദകക്ഷമതയാണെന്ന് ഈ ബില്ലിൽ വ്യക്തമാക്കിയിട്ടുണ്ട്. മാലിന്യസംസ്കരണം കൃത്യമായി നടത്തുന്നതിൽ വീഴ്ച വരുത്തുന്നവർ പറയുന്നത് കേട്ടതിനുശേഷം പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. അതുപോലെ മാലിന്യ സംസ്കരണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ ബില്ലിൽ  വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വളരെ നിർബന്ധമായും ഉത്തരവാദിത്വം ഉണ്ടാകണം. ഒരു പ്രദേശം/പഞ്ചായത്ത്/ വാർഡ്/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ മാലിന്യമില്ലാതാക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ അവരുടെ ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർവ്വഹിക്കണം. എന്നാൽ ഇങ്ങനെയുള്ള കാര്യങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ  വീഴ്ച വരുത്തിയാൽ അവർക്കെതിരെ നടപടിയെടുക്കാൻ വ്യവസ്ഥ വേണം.  നൂറിലധികം ആളുകൾ പങ്കെടുക്കുന്ന പരിപാടികൾ സംഘടിപ്പിക്കുമ്പോൾ മൂന്ന് ദിവസങ്ങൾക്കുമുമ്പേ ബന്ധപ്പെട്ട പഞ്ചായത്തിനെയോ അല്ലെങ്കിൽ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയോ അറിയിക്കണമെന്ന നിബന്ധന ഈ ബില്ലിലുണ്ട്. ഇതിൽ ആളുകളുടെ എണ്ണം കൂട്ടിയാലും കുഴപ്പമില്ല.  അത് കൃത്യമായി

അറിയിക്കാനുള്ള സംവിധാനമുണ്ടാകണം. അതോടൊപ്പം അവിടെയുണ്ടാകുന്ന മാലിന്യം ശേഖരിച്ച് വേർതിരിച്ചെടുത്ത് സംസ്കരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യണമെന്ന വ്യവസ്ഥ ചെയ്യണമെന്നുള്ളത് വളരെ നല്ലൊരു കാര്യമാണ്. മാലിന്യസംസ്കരണം സംബന്ധിച്ച് എല്ലാ ഉത്തരവാദിത്വമുള്ള പഞ്ചായത്ത് സെക്രട്ടറിയോ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ നിർവ്വഹിക്കേണ്ടതാണെന്ന കാര്യം കൃത്യമായി പഞ്ചായത്തുകളെ ധരിപ്പിക്കേണ്ടതാണ്. നമുക്കെല്ലാവർക്കുമറിയാവുന്ന 'മാലിന്യമുക്ത കേരളം' എന്ന മുദ്രാവാക്യം ഉയർത്തികൊണ്ട് ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങളെ ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. ചില പഞ്ചായത്തുകൾ ഇതിനെതിരെ മുഖം തിരിഞ്ഞ് നിൽക്കുന്നുണ്ട്. അങ്ങനെ മുഖം തിരിഞ്ഞുനിൽക്കുന്ന പഞ്ചായത്തുകൾക്ക് പ്ലാൻഫണ്ട് നൽകുമ്പോൾ അവരോട് ഇതിനാവശ്യമായ വിശദീകരണം ആരായാനും നൂറ് ശതമാനം ഇക്കാര്യത്തിൽ ആത്മാർത്ഥമായി സഹകരിക്കുന്ന പഞ്ചായത്തുകൾക്ക് അതിനാവശ്യമായ സപ്പോർട്ട് കൊടുക്കാനും നമ്മൾ തയ്യാറാകണം. എങ്കിൽമാത്രമേ വളരെ നല്ലൊരു മാലിന്യ സംസ്കരണ രീതി വളർത്തിയെടുക്കാൻ നമുക്ക് കഴിയുകയുള്ളൂ.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സ്കൂൾതലം മുതൽ നല്ല പ്രചരണം നടത്തുകയും കോളേജുകളിലും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും അതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യാൻ തയ്യാറാകേണ്ടതുമാണ്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സെക്രട്ടറിക്ക് രണ്ട് ലക്ഷം രൂപയിൽ കവിയാത്ത തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ചെലവഴിക്കുന്നതിനുള്ള അനുമതി നൽകുന്നത് വളരെ നല്ലൊരു കാര്യമാണ്. അതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യാൻ അവർക്ക് ഈ തുക ഉപകരിക്കും. സ്വന്തമായി ഭൂമിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കുന്നതിനും സ്വന്തമായി ഭൂമിയില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വകാര്യഭൂമി കണ്ടെത്തി മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കേണ്ടതുമാണ്. നമ്മുടെ രാജ്യത്ത് ബി.എം.&ബി.സി. നിലവാരത്തിലുള്ള മികച്ച റോഡുകളുണ്ട്. റോഡരികിൽ താമസിക്കുന്ന വീടുകളിലെ ആളുകൾ ആ റോഡ് പരമാവധി ഉപയോഗിക്കുന്നുണ്ട്. അവരുടെ വീടിന് മുമ്പിലുള്ള സ്ഥലം വൃത്തിയായും ഭംഗിയായും സൂക്ഷിക്കാനുള്ള ഉത്തരവാദിത്വം അതത് വീട്ടുടമസ്ഥർക്ക് കൊടുക്കണം. എത്രയോ കോടിക്കണക്കിന് രൂപ മുടക്കി

ബി.എം.&ബി.സി. നിലവാരത്തിലുള്ള നല്ല റോഡുകളുണ്ടാകുമ്പോൾ അതിന്റെ അരികിൽ വീട് വച്ച് താമസിക്കുന്ന ആളുകൾ ഗേറ്റ് അടച്ച് പൂട്ടുന്നതല്ലാതെ പുറത്തേയ്ക്കിറങ്ങി വീടിന് മുന്നിലെ ഭാഗം വൃത്തിയാക്കാനോ അവിടെ വരുന്ന മാലിന്യങ്ങൾ മാറ്റാനോ തയ്യാറാകുന്നില്ല. അതുകൂടി തീർച്ചയായും ഈ ബില്ലിൽ വ്യവസ്ഥ ചെയ്യണം. അവരവരുടെ വീടിന് മുന്നിലെ സ്ഥലം നല്ല വൃത്തിയായി സൂക്ഷിക്കാമെന്നുള്ള ഉറപ്പ് അവരുടെ കയ്യിൽനിന്ന് വാങ്ങണം. മാലിന്യം വേർതിരിച്ച് സംസ്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ യൂസർഫീ നിശ്ചയിച്ച് ഈടാക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നു. യൂസർഫീ അടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്നവർക്ക് പിന്നീട് പിഴയോടുകൂടി തുക ഈടാക്കാനും നടപടി സ്വീകരിക്കുന്നുണ്ട്. അതിൽ പാവപ്പെട്ട, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ യൂസർഫീ നൽകുന്നതിൽനിന്ന് ഒഴിവാക്കണമെന്ന കാര്യംകൂടി ഞാനിവിടെ ഓർമ്മിപ്പിക്കുകയാണ്. മാലിന്യസംസ്കരണം നമ്മുടെ ഉത്തരവാദിത്വമാണെന്നും മാലിന്യം വലിച്ചെറിഞ്ഞ് വൃത്തിഹീനമാക്കുകയോ ജലാശയങ്ങൾ മലിനമാക്കുകയോ ജലാശയങ്ങളിലേയ്ക്ക് മാലിന്യങ്ങൾ ഒഴുക്കിവിടുകയോ ചെയ്താൽ നിയമനടപടി നേരിടേണ്ടിവരുമെന്ന ഒരു ബോധ്യം ജനങ്ങൾക്കിടയിലുണ്ടാക്കണം. അത്

ഈ ബില്ലിലൂടെ സാധിക്കണമെന്ന് ഞാൻ കരുതുകയാണ്. മാലിന്യമുണ്ടാക്കുന്ന വിപത്തുകൾ ബ്രഹ്മപുരത്ത് നമ്മൾ കണ്ടതാണ്. അവിടെ തീ പിടിച്ചപ്പോഴുണ്ടായ വിഷമകരമായ കാഴ്ചയും നമ്മൾ കണ്ടതാണ്. അങ്ങനെയുള്ള സ്ഥലങ്ങളിൽ താമസിക്കുന്ന ആളുകൾക്കാവശ്യമായ സംരക്ഷണം നൽകുന്നതിന് മുൻകരുതലെടുക്കണമെന്ന് ഈ ബില്ലിലൂടെ അറിയിക്കുകയാണ്. അത് ദീർഘവീക്ഷണത്തോടെ ഒന്നാം പിണറായി സർക്കാർ കൊണ്ടുവന്നതാണ്. ഹരിതകർമ്മസേന കേരളത്തിൽ നല്ലൊരു സേവനം ചെയ്യുന്ന സേനയായി മാറിക്കഴിഞ്ഞു. അവർക്കാവശ്യമായ സംരക്ഷണം നൽകാനും അവരുടെ ജോലിക്കനുസരിച്ചുള്ള വേതനം പരിഷ്കരിച്ച് നൽകുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിക്കണം. അവരുടെ സേവനം ഈ സമൂഹത്തിന് വലിയൊരു മുതൽക്കൂട്ടാണ്. ഈ അവസരത്തിൽ ഹരിത കർമ്മസേന അംഗങ്ങളെയും അവർ നൽകുന്ന പ്രവർത്തനങ്ങളെയും ഞാൻ അഭിനന്ദിക്കുകയാണ്. ചുരുങ്ങിയ കാലംകൊണ്ടുതന്നെ മാലിന്യസംസ്കരണ മേഖലയിൽ മുന്നണി പോരാളിയായി മാറാൻ നമുക്ക് സാധിച്ചുവെന്നത് ഒരു വലിയ കാര്യമാണ്. ഹരിതകർമ്മസേന ഏറെക്കുറെ എല്ലായിടത്തും യാഥാർത്ഥ്യമായി. എന്നാൽ

ചില മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലുമൊക്കെ ഹരിതകർമ്മസേനയിൽ ഇപ്പോഴും ഉദ്ദേശിക്കുന്ന രീതിലുള്ള ആളുകളെ ഡിപ്ലോയ് ചെയ്തിട്ടില്ല. അങ്ങനെ ചെയ്യാത്ത കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും ഹരിതകർമ്മസേനയുടെ ആവശ്യത്തിനനുസരിച്ചുള്ള സ്ട്രെംഗ്ത് ഉണ്ടാക്കാനുള്ള കാര്യങ്ങൾകൂടി ബില്ലിൽ ഉൾപ്പെടുത്തണമെന്നാണ് ഈ അവസരത്തിൽ പ്രത്യേകമായി ഓർമ്മപ്പെടുത്താനുള്ളത്. പ്ലാസ്റ്റിക് മാലിന്യം മാത്രമല്ല, മറ്റ് അജൈവ മാലിന്യംകൂടി ശേഖരിക്കാനുള്ള നിർദ്ദേശം ഹരിതകർമ്മസേനയ്ക്ക് നൽകണം.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, ലാപ്ടോപ്പ് എന്നിവയുൾപ്പെടെയുള്ള ഉപാധികളുടെ ഉപയോഗം വർദ്ധിച്ചതിനാൽ ഇ-വേസ്റ്റുകൾ നമ്മുടെ നാട്ടിൽ ധാരാളമായി കുമിഞ്ഞുകൂടുന്നുണ്ട്. എന്നാൽ ഇവയുടെ സംസ്കരണത്തിനാവശ്യമായ സംവിധാനം ഇഫക്ടീവായിട്ടില്ല. ഹരിതകർമ്മസേനയെ ഉപയോഗിച്ച് അതുംകൂടി നല്ല രീതിയിൽ ശേഖരിച്ച് റീ-സൈക്ലിംഗ് ചെയ്യുന്നതിനും ആ വേസ്റ്റുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ; അതിനുവേണ്ടി നടപടികൾ സ്വീകരിക്കാൻ

ആവശ്യപ്പെടുന്നുണ്ടോ?

ശ്രീ. ജോബ് മൈക്കിൾ: സർ, തീർച്ചയായും അങ്ങനെയൊരു അഭിപ്രായമുണ്ട്. ഇ-വേസ്റ്റുകൾ നമ്മുടെ നാടിന് വലിയൊരു വെല്ലുവിളിയായി മാറിയിരിക്കുകയാണ്. ഈ വിഷയം പ്രത്യേകിച്ചും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതാണ്. കളക്ടറേറ്റുകളിലോ താലൂക്കാഫീസിലോ പഞ്ചായത്താഫീസിലോ പോയാൽ മൂന്നുനാല് മുറികളിലായാണ് ഇ-വേസ്റ്റ് കുന്നുകൂട്ടിയിട്ടിരിക്കുന്നത്. ഇതെല്ലാം വിറ്റാൽ പൈസ കിട്ടുന്നതാണ്. അത് കൊടുക്കാനോ ഒഴിവാക്കാനോ യാതൊരു രീതിയിലുമുള്ള നടപടിയും അധികാരികൾ സ്വീകരിക്കുന്നില്ല. ഡിപ്പാർട്ടുമെന്റ് തലത്തിലെല്ലാം ഇ-വേസ്റ്റുണ്ടാകാതിരിക്കാനുള്ള കർശനമായ നിർദ്ദേശം നൽകണം. സെക്രട്ടേറിയറ്റിലും നിയമസഭയിലെ താഴെത്തെ നിലയിലും ഇ-വേസ്റ്റിന്റെ കൂമ്പാരം നമുക്ക് കാണാൻ കഴിയും. ഇ-വേസ്റ്റുകൾ പരമാവധി നിർമ്മാർജ്ജനം ചെയ്യണം. അതിൽനിന്ന് ഗവൺമെന്റിന് പൈസ കിട്ടുന്ന മാർഗ്ഗമുള്ളതുകൊണ്ട് തീർച്ചയായും ഇക്കാര്യങ്ങൾ ഗവൺമെന്റ് ശ്രദ്ധാപൂർവ്വം ചെയ്യണമെന്ന് മാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024 ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ കാരണം ഞാൻ സുദീർഘമായി സംസാരിക്കുന്നില്ല. അതിലൊന്ന്, സമയം വളരെ താമസിച്ചുപോയെന്നുള്ളതാണ്. മറ്റൊന്ന്, നിങ്ങളുടെ ഇവിടെയുള്ള മൃഗീയ ഭൂരിപക്ഷം ഉപയോഗിച്ച് ഞാൻ നൽകുന്ന നിർദ്ദേശത്തെ ഓവർലാപ്പ് ചെയ്യാൻ നിങ്ങൾക്ക് കഴിയും. എന്റെ സംസാരംകൊണ്ട് ഗുണമുണ്ടോയെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ റിയാക്ഷൻ കേട്ടതിനുശേഷമേ ഗുണവിചാരം നടത്താൻ കഴിയുകയുള്ളൂ. പഞ്ചായത്ത് രാജ് നിയമത്തിന്റെ പശ്ചാത്തലം ഭരണഘടന ഭേദഗതിയാണെന്നുള്ളതാണ്. 74-ാം ഭരണഘടന ഭേദഗതിയിലൂടെയാണ് പഞ്ചായത്ത് രാജ് നിയമം നിലവിൽവന്നത്. അന്ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി പാർലമെന്റിലുണ്ടായിരുന്നുകാണും എന്നാണ് എന്റെ വിശ്വാസം. അന്ന്

74-ാം ഭരണഘടന ഭേദഗതി നിയമത്തിലെ 29 വകുപ്പുകളെ സംബന്ധിച്ച് തീരുമാനമെടുക്കാൻ സ്റ്റേറ്റ് ലെജിസ്ലേച്ചറിന് അധികാരം നൽകി. അത് ഭരണഘടന നിർമ്മാണ സമിതി പാർലമെന്റിൽ ചെയ്തതാണ്. അങ്ങനെ 29 വകുപ്പുകളെ സംബന്ധിച്ച് കേരള നിയമസഭയും ചർച്ച ചെയ്തു. ആ ചർച്ചയിൽ പൊതുവായി എടുത്ത ചില തീരുമാനങ്ങളുണ്ട്. ഇന്ന് പഞ്ചായത്ത് രാജ് നിയമമെന്നാണ് ഇതിനെ പറയുന്നത്. അങ്ങ് ഉദ്ദേശിക്കുന്ന രൂപത്തിലുള്ള നിയമം പാസാക്കിയാൽ സെക്രട്ടറി, 'പഞ്ചായത്ത് സെക്രട്ടറി രാജ്' ആയി മാറും. ഇതിന്റെ രൂപവും ആശയവും മാറും. പഞ്ചായത്തിലെ മുഖ്യമന്ത്രി, ഈ നാട്ടിലെ പ്രധാനി, വളരെ എക്സിക്യൂട്ടീവ് പവറുള്ള ആൾ എന്നൊക്കെയല്ലേ പഞ്ചായത്ത് പ്രസിഡന്റിനെക്കുറിച്ച് നമ്മൾ പറയുന്നത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നുപറഞ്ഞാൽ, ജില്ലയിലെ മുഖ്യമന്ത്രിയാണ്. അങ്ങനെ 14 മുഖ്യമന്ത്രിമാർ ചേരുന്ന രൂപത്തിലുള്ള വിശാലമായ കാഴ്ചപ്പാടാണുള്ളത്. 1994-ൽ കേരള നിയമസഭയിൽ നടന്ന പൊതുചർച്ചയുടെ സാരാംശത്തിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഈ ഭേദഗതിയെ നമ്മൾ കാണണം. ഈ ഭേദഗതിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പഞ്ചായത്ത് പ്രസിഡന്റിനെ വെറും നോക്കുകുത്തിയാക്കുകയാണ്. ഞാൻ അതിലെ ഓരോ കാര്യങ്ങളായി

പറയാം. സമയക്കുറവുകാരണം ഞാൻ ദീർഘമായി പറയുന്നില്ല.

219 എബി. വകുപ്പുപ്രകാരം മാലിന്യ സംസ്കരണത്തിൽ പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവാദിത്വങ്ങൾ എന്നുപറയുന്നത്, '.....ഏതൊരു ആളിനെതിരെയും സെക്രട്ടറിക്ക് നിയമനടപടികൾ ആരംഭിക്കാവുന്നതും, എന്നാൽ ഈ ആക്ട് പ്രകാരമോ അതിൻ കീഴിലുള്ള ചട്ടങ്ങൾ പ്രകാരമോ രാജിയാക്കാവുന്ന കുറ്റകൃത്യങ്ങൾ രാജിയാക്കാവുന്നതുമാണ് എന്നാണ്. ഈ ബില്ലിൽ എല്ലാ അധികാരവും പഞ്ചായത്ത് സെക്രട്ടറിക്ക് കൊടുക്കുകയാണ്. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് മെമ്പർമാരും അവരെല്ലാംകൂടി തെരഞ്ഞെടുത്ത പഞ്ചായത്ത് പ്രസിഡന്റും അവിടെയുണ്ട്. ഇതിന്റെ അധികാരം കൈകാര്യം ചെയ്യേണ്ടത് ആരാണ്? പഞ്ചായത്ത് സെക്രട്ടറിക്ക് അധികാരം നൽകുന്നതിന്റെ ഗൂഢോദ്ദേശ്യത്തെ സംബന്ധിച്ച് ഞാൻ മനസ്സിൽ ആലോചിക്കുന്നുണ്ട്. തിരുവനന്തപുരത്തെ സെക്രട്ടേറിയറ്റിൽ ഇരുന്ന് കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളെയും നിയന്ത്രിക്കാൻ കഴിയുന്ന രൂപത്തിലുള്ള ഒരു ചൂണ്ട അങ്ങ് എറിയുകയാണോ എന്ന് ഞാൻ ശങ്കിക്കുകയാണ്. അങ്ങ് നല്ല വ്യക്തിയായതിനാൽ ചിലപ്പോൾ ആ ചൂണ്ടയായിരിക്കില്ല എന്ന് ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ

പഞ്ചായത്തുകളിൽ വിവിധ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവരാണുള്ളത്. അവിടെ ഒരു രാഷ്ട്രീയ പാർട്ടിയിലും ഉൾപ്പെടാത്ത ആളുകളും വരും. അങ്ങനെ വരുമ്പോൾ ആ പഞ്ചായത്തിൽ അധികാരമുള്ളത് സെക്രട്ടറിക്കാണ്. സെക്രട്ടറിയുടെ നിയമനാധികാരി ഗവൺമെന്റായതിനാൽ സ്വാഭാവികമായും ഗവൺമെന്റിന് ഇവിടെയിരുന്ന് കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളെയും നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ഒരു നടപടിയാണിത്. അവിടെയാണ് ഞാൻ ഭരണഘടനാ ഭേദഗതിയെക്കുറിച്ച് പറയുന്നത്. ഭരണഘടനാ ഭേദഗതിയിൽ അധികാരകേന്ദ്രീകരണമല്ല; അധികാര വികേന്ദ്രീകരണമാണുള്ളത്. ആ അധികാര വികേന്ദ്രീകരണത്തിന്റെ കടയ്ക്കൽ കത്തി വയ്ക്കുകയാണ് ഈ ഭേദഗതിയിലൂടെ ചെയ്യുന്നത്. അങ്ങ് കാണാതെപോയ ഒരു കാര്യംകൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഗ്രാമസഭയ്ക്കുകത്തുപോലും ഇത് ചർച്ച ചെയ്യണമെന്ന് പറയുന്നില്ല. ജനങ്ങളുടെ സഭയെന്ന് പറയുന്നത് ഗ്രാമസഭയല്ലേ? ആളുകൾക്ക് നേരിട്ട് പങ്കെടുക്കാൻ കഴിയുന്ന ഏകസമിതി ഗ്രാമസഭയാണ്. ബാക്കിയുള്ളവയിലെല്ലാം റെപ്രസെന്റേറ്റീവ്സ് ആണ് പങ്കെടുക്കുന്നത്. അതായത്, ഒരു നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ.-യും ഒരു

പാർലമെന്റ് മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.പി.-യുമൊക്കെ ഡെമോക്രസിയിലെ ഇൻഡയറക്ട് പ്രതിനിധികളാണ്. നേരിട്ട് ഇക്കാര്യങ്ങളിൽ ഇടപെടുന്നത് ഗ്രാമസഭയാണ്. ആ ഗ്രാമസഭയെക്കുറിച്ച് ഇതിനകത്ത് എന്തെങ്കിലും ഒരു പരാമർശമുണ്ടോ; ഗ്രാമസഭകളെ ഓവർടേക്ക് ചെയ്യുകയും undo ചെയ്യുകയുമാണ്. അതുപോലെ 219 എബി (3) വകുപ്പിൽ 'സെക്രട്ടറിക്ക്, അത്യാവശ്യഘട്ടങ്ങളിൽ, പ്രസിഡന്റിനെ അറിയിച്ചശേഷം.....' എന്നാണ് പറഞ്ഞിരിക്കുന്നത്. ഇൻഫർമേഷൻ ആണ്, സാധാരണ നമ്മൾ ഒരു കത്ത് കൊടുക്കുമ്പോൾ 'for information' എന്ന് അടിയിൽഎഴുതി കൊടുക്കാറുണ്ടല്ലോ; നമ്മൾ അങ്ങനെ ചെയ്യാറില്ലേ; അങ്ങനെ ഇൻഫോം ചെയ്താൽ മതി. പഞ്ചായത്ത് പ്രസിഡന്റാകുന്ന എല്ലാവരും പി.എച്ച്.ഡി. കഴിഞ്ഞവരൊന്നും ആയിരിക്കില്ലല്ലോ; സാധാരണക്കാർക്കും പഞ്ചായത്ത് പ്രസിഡന്റാകാം. 21 വയസ്സ് പൂർത്തിയാവുകയും സ്ഥിരബുദ്ധിയുണ്ടാവുകയും ചെയ്താൽ ഒരു ഇലക്ടഡ് ബോഡിയിലേയ്ക്ക് വ്യക്തിക്ക് ചെല്ലാനുള്ള അധികാരമുണ്ട്. ജനങ്ങൾ തെരഞ്ഞെടുത്താൽ അവർക്ക് അവിടെ ചെല്ലാം. അങ്ങനെ തെരഞ്ഞെടുക്കുന്ന പ്രസിഡന്റിനെ അറിയിച്ചശേഷം സെക്രട്ടറിക്ക് കാര്യങ്ങൾ

ചെയ്യുന്നതിനുവേണ്ടി അധികാര കേന്ദ്രീകരണത്തിന്റെ ഒരു വിഷവിത്ത് ഈ സഭയ്ക്കകത്ത് വിരിയിച്ചല്ലോ എന്നോർത്ത് ഞാൻ ദുഃഖിക്കുകയാണ്. മാലിന്യസംസ്കരണത്തിന് ഞങ്ങളാരും എതിരല്ല, ആരാണ് എതിര്; മാലിന്യം വേണമെന്ന് പറയുന്ന ആരെങ്കിലുമുണ്ടോ? ഇല്ല. പക്ഷെ മാലിന്യസംസ്കരണത്തിന്റെ പേരുപറഞ്ഞ് പഞ്ചായത്ത് പ്രസിഡന്റിന്റെ അധികാരം കവർന്നുകൊണ്ട് പോകുന്നതിനെക്കുറിച്ചാണ് നമുക്ക് തർക്കമുള്ളത്. 219 എബി (3) വകുപ്പിൽ 'സെക്രട്ടറിക്ക്, അത്യാവശ്യഘട്ടങ്ങളിൽ, പ്രസിഡന്റിനെ അറിയിച്ചശേഷം മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട്, 219-ാം വകുപ്പിലോ 219 എ മുതൽ 219 വൈ വരെയുള്ള വകുപ്പുകളിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ തന്നിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്ത് ഫണ്ടിൽനിന്ന് രണ്ടുലക്ഷം രൂപയിൽ കവിയാത്ത തുക ചെലവ് ചെയ്യാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. രണ്ടുലക്ഷം രൂപ വരെ സെക്രട്ടറിക്ക് ഡ്രോ ചെയ്യാൻ കഴിയും. ഒരു പഞ്ചായത്ത് മെമ്പർക്കോ മറ്റാർക്കെങ്കിലുമോ പഞ്ചായത്തിന്റെ ഒരു രൂപയെടുക്കാൻ സാധിക്കുമോ? എന്നാൽ രണ്ടുലക്ഷം രൂപവരെ

എടുക്കാനുള്ള അധികാരം പഞ്ചായത്ത് സെക്രട്ടറിക്ക് കൊടുക്കുകയാണ്. അതിന് പ്രസിഡന്റിന്റെയോ പഞ്ചായത്ത് കൗൺസിലിന്റെയോ അംഗീകാരം വേണ്ട. ഒരു അംഗീകാരവുമില്ലാതെ പഞ്ചായത്ത് സെക്രട്ടറിക്ക് രണ്ടുലക്ഷം രൂപവരെ കൈകാര്യം ചെയ്യാൻ കഴിയുന്ന രൂപത്തിലേയ്ക്ക് ഇതിനെയൊരു പഞ്ചായത്ത് സെക്രട്ടറി രാജ് ആക്കി മാറ്റിയിരിക്കുകയാണ്. അതാണ് ഞാൻ പറഞ്ഞത്, ഇത് പഞ്ചായത്ത് രാജ് നിയമമല്ല; പഞ്ചായത്ത് സെക്രട്ടറി രാജ് ആണ്. സെക്രട്ടറിയുടെ കീഴിലേയ്ക്ക് ഒരു സാമ്രാജ്യത്തെ മുഴുവൻ കീഴടക്കുന്നതിനുവേണ്ടി നമ്മൾ  കൂട്ടുനിൽക്കരുത്. കാരണം 1994-ൽ പഴയ നിയമസഭാ മന്ദിരത്തിൽ വച്ച് നമ്മൾ ഈ നിയമത്തെക്കുറിച്ച് threadbare ആയി ചർച്ച ചെയ്തു. വെളുപ്പാൻകാലം  മൂന്നര മണിക്ക്, പാതിരാക്കോഴി കൂവിയതിനുശേഷമാണ് ആ ചർച്ച അവസാനിപ്പിച്ച് ഞങ്ങളെല്ലാവരും അവിടെനിന്നും പോകുന്നത്. അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ളവരും ഒരുപോലെ ആ ചർച്ചയിൽ പങ്കെടുത്തു. എല്ലാവർക്കും പൊതുവായ ഉദ്ദേശ്യമുണ്ടായിരുന്നു. ഇത്  ജനങ്ങളുടെ അധികാരം സ്ഥാപിക്കലാണ്, ഉദ്യോഗസ്ഥന്മാരുടെ അധികാരം സ്ഥാപിക്കലല്ല. അതുകൊണ്ട് ആ നിയമത്തിനകത്ത് ഈ നിയമസഭ അംഗീകരിച്ചതിന് വിരുദ്ധമായ ഒരു

നിയമം കൊണ്ടുവന്ന് ഇതിനെ കീഴ്പ്പെടുത്താൻ അനുവദിക്കരുതെന്നുള്ള കാര്യം കൃത്യമായി പറയുകയാണ്. അതുകൊണ്ട് ആ പാപകർമ്മത്തിൽ അങ്ങ് കയ്യിടരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഇത് പല ഘട്ടങ്ങളിലൂടെ പോകും. ഏത് ഘട്ടത്തിലൂടെ പോയാലും ഈ രൂപത്തിൽ കൊണ്ടുപോകാൻ ഇടയാകരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

219 എസി (2)-ാം വകുപ്പിൽ '(1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു ആളിന്റെയും മേൽ, സെക്രട്ടറിക്ക് ആയിരം രൂപയിൽ കുറയാത്തതും പതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ ചുമത്താവുന്നതാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. ഏത് നിയമത്തിലെ ഏത് വ്യക്തിക്കാണ് അത് ചെയ്യാൻ കഴിയുക. പഞ്ചായത്ത് പ്രസിഡന്റിനോ പഞ്ചായത്ത് അംഗത്തിനോ പഞ്ചായത്ത് കൗൺസിലിനോ ഇല്ലാത്ത അധികാരം സെക്രട്ടറിക്ക് ഉണ്ടെന്ന് പറയുകയാണ്. ചിലപ്പോൾ പിഴ പിടിക്കുകയില്ലായിരിക്കാം. പക്ഷേ, ഇത് പറഞ്ഞ് വിരട്ടാനാണ് ശ്രമിക്കുന്നത്. വിരട്ടി പാവപ്പെട്ടവരെ ചൂഷണം ചെയ്യാനാണ്. അതിന് നമുക്ക് നിന്നുകൊടുക്കാൻ കഴിയുമോ? അതിന് ഈ നിയമസഭ ഒരിക്കലും നിന്നുകൊടുക്കില്ല എന്നുതന്നെയാണ് എന്റെ വിശ്വാസം.

യൂസർ ഫീസ് പിരിക്കുന്നതിനൊന്നും ഞങ്ങൾ എതിരല്ല. യൂസർ ഫീസ് പിരിച്ചോളൂ; പക്ഷേ അതിൽ ഉള്ളടക്കം ചെയ്തിട്ടുള്ള തെറ്റായ കാര്യവുമായി ഒരു കാരണവശാലും ഗവൺമെന്റ് മുന്നോട്ടുപോകരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. വകുപ്പ് 219 എഡി (3)-ൽ പറഞ്ഞിരിക്കുന്നത്, 'ഏതെങ്കിലും മാലിന്യ ഉൽപാദകൻ (2)-ാം ഉപവകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള യൂസർ ഫീസ് അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയാൽ, അത്, പ്രതിമാസം അൻപത് ശതമാനം പിഴയോടുകൂടി ഈടാക്കേണ്ടതാണ് എന്നാണ്. ഈ പിഴ കൊടുക്കുന്നില്ലെങ്കിൽ അയാൾക്ക് പഞ്ചായത്തിൽനിന്നും ഇനിമേലിൽ ഒരു സേവനവും ചെയ്തുകൊടുക്കരുതെന്നുകൂടി അതിനോടൊപ്പം പറഞ്ഞിട്ടുണ്ട്. അത് എന്ത് ഏർപ്പാടാണ്? കുട്ടികളെ സ്കൂളിൽ ചേർക്കാൻ ജാതി സർട്ടിഫിക്കറ്റ് വേണം. പിഴയൊടുക്കുന്നതിനുള്ള പണം കയ്യിലില്ലാതെ ഒരു പാവം പഞ്ചായത്തിൽ ചെന്നുകഴിയുമ്പോൾ അവന് ജാതിയേ ഇല്ലായെന്ന് പറയാൻ കഴിയുമോ; സർട്ടിഫിക്കറ്റ് കൊടുക്കില്ലെന്ന് പറയാൻ കഴിയുമോ; ഇത് എന്തുനിയമമാണ്; കരിനിയമമാണോ? ഇത് കരി നിയമമാണെന്ന് പറയാത്തതിന്റെ കാരണം കരി പോലും കരഞ്ഞുപോകുമെന്നതുകൊണ്ടാണ്. അത്ര തെറ്റായ ഒരു

നിയമമാണിത്. ഒരു സേവനവും നൽകില്ലെന്ന് പറയാൻ കഴിയുമോ? അതിനുള്ള അധികാരം ജനാധിപത്യത്തിൽ ആർക്കാണുള്ളത്? നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു അധികാരം.... യൂസർ ഫീസ് കൊടുക്കേണ്ടതാണ്. രണ്ട് രൂപ കൊടുക്കാൻ ഇല്ലാത്തതുകൊണ്ടല്ലേ കൊടുക്കാതെ പോയത്; അല്ലെങ്കിൽ ഓർക്കാത്തതുകൊണ്ടാകാം. അല്ലെങ്കിൽ വേറൊരു രൂപത്തിൽ അലസത കൊണ്ടാകാം. പക്ഷേ അവന് ആ പഞ്ചായത്തിൽനിന്നും ഒരു കാര്യവും ചെയ്തുകൊടുക്കില്ലെന്ന് പറഞ്ഞാൽ അവനെ വോട്ടർപട്ടികയിൽനിന്നും പുറത്താക്കുന്നതുപോലെയല്ലേ; അവന്റെ ആധാർ കാർഡ് തിരിച്ചുവാങ്ങുന്നത് പോലെയല്ലേ? യാതൊരു അധികാരവുമില്ലാത്ത ഒരു അസാധുവായി അവനെ പ്രഖ്യാപിക്കുകയല്ലേ?

മി. സ്പീക്കർ: യെസ്... യെസ്....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് 'യെസ്' എന്ന് പറഞ്ഞപ്പോൾ എനിക്ക് ആശ്വാസമായി, കാരണം അങ്ങും ഞാൻ പറഞ്ഞതിനോട് യോജിച്ചു എന്നുള്ളതുകൊണ്ട്..... ഈ തെറ്റായ പ്രവർത്തനത്തിന്, ഈ കരി നിയമത്തിന് നിയമസഭ ഒരിക്കലും കൈവയ്ക്കരുത്. അങ്ങ് വലിയൊരു ജനാധിപത്യവാദിയാണ്,

ചിലപ്പോഴൊക്കെ ഒരു കുറുമ്പൊക്കെ കാണിക്കുമെങ്കിലും ജനാധിപത്യബോധവും പൗരബോധവും അങ്ങേയ്ക്ക് വളരെ കൂടുതലുണ്ട്. അതുകൊണ്ട് ഈ കരിനിയമത്തിനകത്ത് അങ്ങയുടെ കയ്യൊപ്പ് ഉണ്ടാകരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് പഞ്ചായത്ത് രാജ് എന്ന് പാർലമെന്റ് ഉദ്ദേശിച്ച ആ വികാരത്തിന് വിരുദ്ധമായി പോകരുത്. ജനങ്ങൾക്ക് അധികാരം കൊടുക്കുന്നതിനുവേണ്ടി നമ്മൾ ശ്രമിക്കുന്നതാണ്. ഞാൻ ഇത്രയും കാര്യങ്ങൾ പറഞ്ഞതുകൊണ്ട്, മാലിന്യം കുന്നുകൂടട്ടെയെന്ന് ഞാൻ പ്രഖ്യാപിച്ചു എന്നൊക്കെ നാളെ പറയും. ദയവായി ഞാൻ അതല്ല ഉദ്ദേശിച്ചത്. മാലിന്യ നിർമ്മാർജ്ജനത്തിന് വേറെ കാര്യങ്ങൾ ചെയ്യണം. മാലിന്യത്തിന്റെ പേര് പറഞ്ഞുകൊണ്ട് ജനാധിപത്യ അധികാരം അടിച്ചുകൊണ്ടുപോകുന്നതിനെക്കുറിച്ചാണ് എനിക്ക് അഭിപ്രായ വ്യത്യാസം. അതുകൊണ്ട് അങ്ങ് ഇതിനെക്കുറിച്ച് പുനർചിന്തനം നടത്തണമെന്ന് ഞാൻ വിനയപൂർവ്വം ഓർമ്മിപ്പിക്കുകയാണ്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, നേരത്തെതന്നെ ഈ ബില്ലിനെ സംബന്ധിച്ച് സഭയിൽ വിശദമായ ചർച്ച നടന്നതാണ്. ഞാൻ വിശദമായ മറുപടിയും പറഞ്ഞതാണ്.

അന്ന് ഉന്നയിച്ച കുറെ കാര്യങ്ങൾ തന്നെയാണ് ഇന്നും ഉയർന്നുവന്നിട്ടുള്ളത്. പറഞ്ഞ എല്ലാകാര്യങ്ങളും വീണ്ടും ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട ശ്രീ. പി. ഉബൈദുള്ള മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപന ജനപ്രതിനിധിയായിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മാലിന്യസംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കുമ്പോൾ ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കണം. ജനവാസ കേന്ദ്രങ്ങളിൽ ആരംഭിക്കുന്നതാണ് എതിർപ്പുണ്ടാകുന്നതിന് കാരണമെന്നാണ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അദ്ദേഹം ഇവിടെ പറഞ്ഞത്. അദ്ദേഹം പറഞ്ഞ കാര്യങ്ങൾക്കുതന്നെ ആദ്യം മറുപടി പറഞ്ഞ് തുടങ്ങാമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഇന്ത്യയിൽ ഏറ്റവും ജനസാന്ദ്രത കൂടിയ പ്രദേശമായ കേരളത്തിൽ മാലിന്യസംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിൽനിന്നും ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കണമെന്ന് പറയുന്നത് അപ്രായോഗികമാണ്. മാലിന്യ സംസ്കരണ കേന്ദ്രമെന്നുപറഞ്ഞാൽ പലരുടെയും മനസ്സിൽ ഇപ്പോഴുമുള്ളത് പഴയ വിളപ്പിൽ ശാല, ബ്രഹ്മപുരം തുടങ്ങിയ സ്ഥലങ്ങളാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നേരത്തെ മേയറായിരുന്നു. അദ്ദേഹത്തിന് അതിനെക്കുറിച്ച് കൂടുതൽ അറിയാമായിരിക്കും. ബ്രഹ്മപുരത്തിന്റെ കാര്യം

നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ബ്രഹ്മപുരത്ത് യഥാർത്ഥത്തിൽ മാലിന്യ സംസ്കരണ പ്ലാന്റില്ല. അതൊരു ഡമ്പിംഗ് യാർഡ് മാത്രമാണ്. മാലിന്യം കൊണ്ടുപോയി ഡമ്പ് ചെയ്തിട്ടുള്ള കുറെ സ്ഥലങ്ങൾ കേരളത്തിലുണ്ട്. ലെഗസ്സി വേസ്റ്റ് എന്ന് നമ്മൾ അതിനെ വിശേഷിപ്പിക്കും. അതുമുഴുവൻ ഇപ്പോൾ ബയോമൈനിംഗിലൂടെ നീക്കം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ബ്രഹ്മപുരത്തും ബയോമൈനിംഗ് ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇന്നത്തെ കാലഘട്ടത്തിലെ മാലിന്യ സംസ്കരണ കേന്ദ്രം എന്നത് അതല്ല. സാങ്കേതിക വിദ്യ വലിയരീതിയിൽ മാറിയിട്ടുണ്ട്. ഞങ്ങളാരും മാലിന്യ സംസ്കരണത്തിന് എതിരല്ല, പക്ഷേ ഈ നിയമത്തിലെ വ്യവസ്ഥകളൊന്നും പറ്റില്ല എന്നാണ് പ്രതിപക്ഷത്തുനിന്നും സംസാരിച്ച അംഗങ്ങൾ പറഞ്ഞത്. മാലിന്യ സംസ്കരണത്തിന് എതിരാണെന്ന് പരസ്യമായി പറയാൻ കഴിയാത്തതുകൊണ്ട് പ്രസംഗിക്കുമ്പോൾ എല്ലാവരും അതിനെ അനുകൂലിക്കും. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അതിനുവേണ്ടി ഉറച്ചുനിൽക്കുന്നൊരു ആളാണ്, പക്ഷേ ഈ നിയമം പറ്റില്ലെന്നാണ് അദ്ദേഹം പറയുന്നത്.

ശ്രീ. ജോബ് മൈക്കിൾ, എം.എൽ.എ. ജർമ്മനിയിലെ കൊളോണിൽ

പോയപ്പോഴുണ്ടായ അനുഭവം ചൂണ്ടിക്കാണിച്ചു. അവിടെ എങ്ങനെയാണ് ജൈവമാലിന്യത്തിൽനിന്നും വൈദ്യുതിയും വാതകവും ഉൽപ്പാദിപ്പിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ആ സംവിധാനങ്ങൾ നമ്മുടെ നാട്ടിലും വരാൻ പോകുകയാണ്. ബി.പി.സി.എൽ.-ന് സർക്കാർ അനുമതി കൊടുക്കുകയും അവർ ടെണ്ടർ വിളിക്കുകകയും ചെയ്തുകഴിഞ്ഞു. അത് പൂർത്തിയാക്കാൻ 18 മാസം സമയമാണ് അവർ പറഞ്ഞിട്ടുള്ളത്. കൊച്ചി നഗരത്തിലെ ജൈവമാലിന്യം ഉപയോഗിച്ചുകൊണ്ട് കംപ്രസ്ഡ് ബയോഗ്യാസ് ഉൽപ്പാദിപ്പിക്കുന്ന പ്ലാന്റ് കൊച്ചിയിൽ വരാൻ പോകുകയാണ്. തിരുവനന്തപുരത്തും സ്ഥലം നോക്കിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള ആളുകളുമായി സംസാരിച്ച് സ്ഥലം കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്. കൊച്ചിയിൽ 18 മാസത്തിനകം ആ പ്ലാന്റ് വരും. വിദേശത്തുള്ളതെല്ലാം നല്ലതാണ്. പക്ഷെ നമ്മുടെ നാട്ടിൽ അതുവരുമ്പോൾ സംശയങ്ങൾ ഉണ്ടാകുകയാണ്. ശ്രീ. ജോബ് മൈക്കിൾ പറഞ്ഞതിനെ പിന്തുണച്ചുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഇത്തരം കാര്യങ്ങളെക്കുറിച്ച് ജനപ്രതിനിധികൾതന്നെ വേണ്ടത്ര ബോധവാന്മാരല്ലെന്നത് ഈ ചർച്ച തെളിയിച്ച കാര്യമാണ്. നമ്മുടെ

നിയമസഭാംഗങ്ങൾപോലും മാലിന്യസംസ്കരണത്തിലെ ഏറ്റവും പുതിയ സാങ്കേതിക വിദ്യയെക്കുറിച്ച് വേണ്ടത്ര ബോധവാന്മാരല്ലെന്നത് ഒരു പ്രശ്നമാണ്. അത് അവരുടെ കുറവുകൊണ്ടാണെന്ന് ഞാൻ പറയില്ല. അത് നമ്മുടെ പൊതുവായ കുറവാണ്. ഞാനും ഇക്കാര്യങ്ങൾ മനസ്സിലാക്കിയത് മന്ത്രിയായി ഇത്തരം കാര്യങ്ങളെക്കുറിച്ച് കൂടുതൽ പഠിക്കാൻ നിർബന്ധിതനായപ്പോഴാണ്. ബോധവൽക്കരണവും അതോടൊപ്പം വലിയൊരു വിദ്യാഭ്യാസ പ്രവർത്തനവും നമുക്ക് നടത്തണം. മാലിന്യ സംസ്കരണ പ്ലാന്റ് വരുന്നുവെന്ന് പറഞ്ഞാൽ എന്തോ വലിയ ആപത്ത് വരുന്നുവെന്നതാണ് ജനങ്ങളുടെ തെറ്റിദ്ധാരണ. ആ തെറ്റിദ്ധാരണയെ അന്ധവിശ്വാസം എന്നുതന്നെ പറയാം. പണ്ട് മുംബൈയിൽനിന്നും താനയിലേയ്ക്ക് ആദ്യത്തെ തീവണ്ടി ഓടിച്ചപ്പോൾ, ആപത്തുണ്ടാകുമെന്ന് പറഞ്ഞ് ആളുകൾ വലിയതോതിൽ കൂട്ടത്തോടെ വന്ന് അതിനെ എതിർക്കാൻ ശ്രമിച്ചതായി നമ്മൾ വായിച്ചിട്ടുണ്ട്. അതുപോലെ ഇപ്പോൾ മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ ഒരു അന്ധവിശ്വാസം നിലനിൽക്കുകയാണ്. കുറ്റിപ്പുറത്ത് ഒരു പ്ലാസ്റ്റിക്ക് റീസൈക്ലിംഗ് പ്ലാന്റ് വരികയാണ്. ഒരു വ്യവസായമാണത്. അത് സ്ഥാപിക്കാൻ പാടില്ലെന്നും

വലിയ അപകടമുണ്ടാക്കുമെന്നും പറഞ്ഞ് അവിടെനിന്നും എല്ലാ പാർട്ടിയുടെയും ആളുകൾ ഇവിടെ വന്നിരിക്കുകയാണ്. അവരെ വന്നവഴിക്കുതന്നെ പറഞ്ഞയച്ചിട്ടുമുണ്ട്. ബഹുമാന്യനായ എം.എൽ.എ.-യും അന്നുണ്ടായിരുന്നു. മാലിന്യസംസ്കരണ പ്ലാന്റ് വരുന്നത് എന്തോ അപകടമാണ് എന്നതാണ് നമ്മുടെ മനോഭാവം. എന്നാൽ മറിച്ചാണ് സ്ഥിതി. മാലിന്യ സംസ്കരണ പ്ലാന്റ് വന്നില്ലെങ്കിലാണ് അപകടമെന്നതാണ് നമ്മൾ മനസ്സിലാക്കേണ്ടത്. ലോകത്ത് ഇങ്ങനെ വിചിത്രമായ രീതി നിലനിൽക്കുന്ന മറ്റൊരു സ്ഥലമുണ്ടോയെന്നുള്ളത് സംശയമാണ്. വീടുകളിലെ കിണറുകളിൽ 78 ശതമാനവും മലിനമാണെന്ന് ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ നേരത്തെ ഇവിടെ പറഞ്ഞു. 78 ശതമാനം കിണറുകളിലും 82 ശതമാനം പൊതുജലാശയങ്ങളിലും കോളിഫോം ബാക്ടീരിയ കണ്ടെത്തിയിട്ടുണ്ട്. ആ വെള്ളം കുടിക്കുന്നതിന് നമുക്കൊരു പരാതിയുമില്ല. പക്ഷേ ആ വെള്ളം ശുദ്ധീകരിക്കാൻ സഹായിക്കുന്ന തരത്തിൽ ശുചിമുറി മാലിന്യം സംസ്കരിക്കാനുള്ള പ്ലാന്റ് വന്നാൽ അതിനെ ജീവൻ നൽകിയും എതിർക്കുമെന്നാണ് സമീപനം. വിചിത്രമായ തലതിരിഞ്ഞൊരു രീതിയാണ്. നിർഭാഗ്യവശാൽ ജനങ്ങൾക്കിടയിൽ

ഇക്കാര്യത്തിൽ നിലനിൽക്കുന്ന വേണ്ടത്ര ബോധ്യമില്ലായ്മയെ സ്ഥാപിത താൽപര്യക്കാരായ പല ആളുകളും ദുരുപയോഗിക്കുന്നു. രാഷ്ട്രീയ പാർട്ടികളും ജനപ്രതിനിധികളും പലപ്പോഴും  സ്വീകരിക്കുന്ന സമീപനമെന്താണ്? ഗ്യാലറിക്കുവേണ്ടി കളിക്കുക എന്ന ഏറ്റവും എളുപ്പമുള്ള സമീപനമാണ് അവർ സ്വീകരിക്കുന്നത്. എതിർപ്പിന്റെ കൂടെ കൂടുക എന്നത് എളുപ്പമുള്ള കാര്യമാണ്. അങ്ങനെയല്ലാത്ത നിലപാടുകൾ സ്വീകരിച്ച അപൂർവ്വം ചിലയാളുകളുമുണ്ട്. ഞാൻ അവരെ മാനിക്കുകയും ചെയ്യുന്നു. ജനങ്ങളെ പറഞ്ഞ് ബോധ്യപ്പെടുത്താനും വിശ്വാസത്തിലെടുക്കാനും ശ്രമിച്ചിട്ടുള്ള അനുഭവവുമുണ്ട്. അങ്ങനെ ശ്രമിച്ച സ്ഥലത്തെല്ലാം ആളുകൾക്ക് വസ്തുത ബോധ്യപ്പെട്ടിട്ടുമുണ്ട്. ഞാൻ ഒരു ഉദാഹരണം പറയാം, ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി ഇവിടെ ഇരിപ്പുണ്ട്. ചേർത്തലയിൽ ഒരു കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രൊപ്പോസൽ വന്നു. അവിടെ വലിയ എതിർപ്പുണ്ടാകുകയും സമര സമിതിയുണ്ടാക്കുകയും ചെയ്തു. സമര സമിതിക്കാരെ ചർച്ചയ്ക്ക് വിളിച്ചു. ആദ്യം കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടത്തിയാണ് പ്രവർത്തനം ആരംഭിച്ചത്. എന്നാൽ  വീണ്ടും എതിർപ്പുവന്നു. തുടർന്ന് ചർച്ചയ്ക്ക് വിളിച്ച് എന്താണ്  എതിർപ്പിന്റെ കാരണമെന്ന് ചോദിച്ചു. നാല് ജില്ലയിലെ കക്കൂസ്

മാലിന്യം മുഴുവൻ ചേർത്തലയിൽ കൊണ്ടുവന്ന് തള്ളുകയാണെന്നും അത് ഞങ്ങൾ അനുവദിക്കുന്ന പ്രശ്നമില്ലെന്നുമാണ് സമര സമിതിയുടെ കൺവീനർ പറഞ്ഞത്. അങ്ങനെ എവിടെയാണ് പറഞ്ഞിട്ടുള്ളതെന്ന് ഞാൻ ചോദിച്ചു. കോടതിയിൽ മുനിസിപ്പാലിറ്റി നൽകിയ അഫിഡവിറ്റിൽ അക്കാര്യം പറഞ്ഞിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ അഫിഡവിറ്റ് എടുത്തുനൽകി, നിങ്ങൾ ഈ പറഞ്ഞ കാര്യം അഫിഡവിറ്റിൽ കാണിച്ചുതരാൻ ആവശ്യപ്പെട്ടു. അദ്ദേഹം മുകളിൽനിന്നും താഴെയ്ക്കും താഴെനിന്ന് മുകളിലേയ്ക്കും വായിച്ചതിനുശേഷം ഇതിൽ കാണാനില്ലെന്ന് പറഞ്ഞു. ഇങ്ങനെയാണ് പ്രചരണം നടത്തുന്നത്. ഇക്കാര്യങ്ങൾ പറഞ്ഞാണ് അവിടെ ആളുകളെ കൂട്ടുന്നത്. എതിർക്കുന്നവരുടെ വാദങ്ങളെല്ലാം പരാജയപ്പെട്ടപ്പോൾ അവർ പറഞ്ഞത്, നിങ്ങൾ പറഞ്ഞ കാര്യങ്ങളാണ് ശരിയെങ്കിൽ അവിടെ മാലിന്യ പ്ലാന്റ് ആകാം, പക്ഷേ അതിനുമുമ്പ് മന്ത്രി അവിടെ സന്ദർശിക്കണമെന്ന് പറഞ്ഞു. ഞാൻ അവിടെ വരാം, പക്ഷേ അതിനുമുമ്പ് നിങ്ങൾ മുട്ടത്തറ പ്ലാന്റ് സന്ദർശിക്കണമെന്ന് ഞാനും പറഞ്ഞു. ഞങ്ങൾ ബസ് ഏർപ്പാടാക്കി നൽകി. ഒരു ബസിൽ ചേർത്തലയിൽനിന്നും ഒരു സംഘം വന്ന് തിരുവനന്തപുരത്തെ മുട്ടത്തറ പ്ലാന്റ് സന്ദർശിച്ചു. അവിടെ കൊണ്ടുപോയി

അവരെ കാണിച്ചു. അവിടെയുള്ളത് പഴയ ടെക്നോളജിയാണ്, അതിനെക്കാൾ പുതിയ ടെക്നോളജി ഇപ്പോൾ വരുന്നുണ്ട്. അതുപോയി കണ്ടതിനുശേഷം അവരുടെ എതിർപ്പ് ഇല്ലാതായി മാത്രമല്ല, ചേർത്തലയിലെ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാകാറുമായി. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അതിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ഗ്യാലറിക്കുവേണ്ടി കളിക്കുകയല്ലാതെ ജനങ്ങളെ ബോധ്യപ്പെടുത്താനും ജനങ്ങളെ ഒപ്പം നിർത്താനും ശ്രമിച്ച ജനപ്രതിനിധികളുള്ള സ്ഥലത്ത് ഈ പ്രശ്നം പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, സഭ വളരെ ഗൗരവതരമായി കാണേണ്ടൊരു കാര്യമാണ് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞത്. എന്തുകൊണ്ട് ചേർത്തലയുടെ കാര്യത്തിൽ ഞാൻ ഇത്രയും താൽപ്പര്യം എടുത്തുവെന്നുചോദിച്ചാൽ, പാതിരാത്രികളിലും കൊച്ചുവെളുപ്പാൻ കാലത്തും കക്കൂസ് മാലിന്യങ്ങൾ തോട്ടിൽ കൊണ്ടുപോയി നിക്ഷേപിച്ചിട്ട് പോകുന്നതാണ് അവിടെ പതിവായി നടക്കുന്ന പ്രധാനപ്പെട്ട പ്രശ്നം. വളരെ അപകടകരമായ സ്ഥിതിവിശേഷത്തിലേയ്ക്ക് നമ്മുടെ ജലാശയങ്ങളെയും

തോടുകളെയും കുളങ്ങളെയുമെല്ലാം മാറ്റിത്തീർക്കുന്നുവെന്നുള്ള ഗൗരവതരമായ കാര്യത്തെക്കൂടി മനസ്സിലാക്കിക്കൊണ്ട് ഇക്കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ് എന്നാണ് ഇതോടൊപ്പം ചേർത്തുവയ്ക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം.

(തുടരും........ശ്രീ. എം. ബി. രാജേഷ്)

P 13-02-2024
BL-AN-3
05.50 -06.00

(തുടർച്ച.....ശ്രീ. എം. ബി. രാജേഷ്)

ശ്രീ. എം. ബി. രാജേഷ്: സർ, ജനങ്ങളുടെ എതിർപ്പ് വരുമ്പോൾ, ജനപ്രതിനിധികൾ എതിർപ്പിന്റെ വക്താക്കളായി മാറിയിട്ട് ആരെയും മുഷിപ്പിക്കണ്ട എന്നൊരു സമീപനം സ്വീകരിക്കുന്നത് നമ്മുടെ നാടിനോടുതന്നെ ചെയ്യുന്നൊരു വഞ്ചനയാണെന്ന് തിരിച്ചറിയണം. ചിലപ്പോൾ ബോധപൂർവ്വമാകില്ല അങ്ങനെ ചെയ്യുന്നത്. ഞാൻ പറഞ്ഞത് എം.എൽ.എ.-മാരെക്കുറിച്ച് മാത്രമല്ല, അതിന് താഴെയും ജനപ്രതിനിധികളുണ്ടല്ലോ; എല്ലാ ജനപ്രതിനിധികളെയും സംബന്ധിക്കുന്ന വിഷയമാണ്. നിലവിൽ ഈ പ്രതിസന്ധി തൽക്കാലം തള്ളിനീക്കാനേ സാധിക്കൂ. ഗുരുതരമായ സാഹചര്യമാണെന്ന് മനസ്സിലാക്കണം. എത്രകാലം തള്ളിനീക്കികൊണ്ടുപോകും. എവിടെവരെ നമ്മൾ തള്ളിനീക്കും. ബ്രഹ്മപുരത്തുണ്ടായ അനുഭവത്തെക്കുറിച്ച് കഴിഞ്ഞതവണ വിശദമായി പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. ബ്രഹ്മപുരത്തെ മാലിന്യ പ്ലാന്റിന് തീപിടിച്ചപ്പോൾ എന്തൊരു കോലാഹലമാണുണ്ടായത്. ഏറ്റവും എളുപ്പം ചെയ്യാവുന്ന കാര്യമെന്താണ്? കൊച്ചിവിട്ട് പോകുകയാണെന്ന്

ഫേസ്ബുക്കിൽ പോസ്റ്റിടുകയാണ്. തീ അണഞ്ഞു, പുക അടങ്ങി, ശ്വാസം കിട്ടാൻ തുടങ്ങി... അതുവരെ ശ്വാസം കിട്ടിയിരുന്നില്ല. അപ്പോൾ പഴയപണി വീണ്ടും തുടങ്ങുകയാണ്. മാലിന്യം വലിച്ചെറിയുക എന്ന പ്രവൃത്തിയാണ് വീണ്ടും തുടങ്ങിയത്. കൊച്ചി നഗരത്തിലെ അപ്പാർട്ട്മെന്റുകളുടെയും ഫ്ലാറ്റുകളുടെയും കണക്കെടുത്തപ്പോൾ 579 എണ്ണമുണ്ട്. എത്ര സ്ഥലത്ത് മാലിന്യ സംസ്കരണ ഉപാധിയുണ്ട്. ചട്ടപ്രകാരം അത് വേണ്ടതാണ്. എന്നാൽ 60 ശതമാനം സ്ഥലത്തുമില്ല. ഈ സംവിധാനം ഏർപ്പെടുത്തണമെന്ന് പറഞ്ഞപ്പോൾ അവരുടെ നിലപാട് എന്തായിരുന്നു? കൊച്ചി വിട്ടുപോകുമെന്ന് ഭീഷണിപ്പെടുത്തിയ പലരുടെയും നിലപാട് അത് സാധിക്കില്ലെന്നാണ്. അങ്ങനെ പറഞ്ഞാൽ പറ്റില്ലെന്നാണ് ഞങ്ങൾ പറഞ്ഞത്. ഗവൺമെന്റ് ശക്തമായ നിലപാട് എടുക്കുകയും പരിശോധനകൾ നടത്തുകയും ചെയ്തു. 33000-ത്തിലധികം പരിശോധനകൾ കേരളത്തിലാകെ നടത്തി. പതിനായിരത്തോളം നിയമലംഘനങ്ങൾ കണ്ടെത്തി. 3.96 കോടി രൂപ പിഴ ചുമത്തി. അത് വേണ്ടായെന്നാണോ പറയുന്നത്? വേണമെങ്കിൽ അതിനെയും വ്യാഖ്യാനിക്കാം. ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നല്ല വാക്സാമർത്ഥ്യവും ദീർഘമായ പാർലമെന്ററി

പരിചയവുമുള്ള വ്യക്തിയാണ്. അദ്ദേഹം ഇവിടെ പറഞ്ഞതുപോലെ വ്യാഖ്യാനിക്കാവുന്നതാണ്. അങ്ങയുടെ ഈ വൈഭവം യഥാർത്ഥത്തിൽ മാലിന്യമുക്തമായ ഒരു നവകേരളം കെട്ടിപ്പടുക്കാനുള്ള ശ്രമങ്ങളെ സഹായിക്കാനാണ് ഉപയോഗിക്കേണ്ടതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് അവസാനം പറഞ്ഞ വാക്കും എന്നെ തെറ്റിദ്ധരിച്ച് പറയുന്നതാണ്. അല്ലെങ്കിൽ എന്നെ ചാരി മറ്റാർക്കോ എതിരെ പറയുന്നതാണ്. മാലിന്യ സംസ്കരണത്തിനുവേണ്ടി മോഡേണായ കാഴ്ചപ്പാട് വേണമെന്ന കാര്യത്തിൽ തർക്കമില്ല. അങ്ങ് പറഞ്ഞതുപോലെ ജനപ്രതിനിധികളെ പൂർണ്ണമായും വിശ്വാസത്തിലെടുക്കുമെങ്കിൽ പഞ്ചായത്തിന്റെ എക്സിക്യൂട്ടീവ് അധികാരമുള്ള പ്രസിഡന്റിനെ ഇതിന് ചുമതലപ്പെടുത്തിയാലെന്താണ് പ്രശ്നം; അതാണ് എന്റെ ചോദ്യം. എന്തിനാണ് സെക്രട്ടറിയിലേയ്ക്ക് പോകുന്നത്?

ശ്രീ. എം. ബി. രാജേഷ്: സർ, അതിനെക്കുറിച്ച് ഞാൻ പറയാൻ പോകുന്നതേയുള്ളൂ.

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട അങ്ങ് എല്ലാവരുടെയും സഹകരണം ആവശ്യമുണ്ടെന്ന് പറഞ്ഞു. അതിന് രാഷ്ട്രീയ പാർട്ടികളും

തീരുമാനമെടുക്കേണ്ടതാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്ത് അതിന് ശക്തമായൊരു തീരുമാനമെടുത്തപ്പോൾ, ഞങ്ങളുടെ കൂടെയുള്ള ഒരു കക്ഷി എതിർത്തപ്പോൾ, നിങ്ങളുടെ പാർട്ടി ആ പഞ്ചായത്ത് പ്രസിഡന്റിനെതിരായി അവിശ്വാസപ്രമേയം കൊടുക്കുകയാണ് ചെയ്തത്. ഒരു ഭാഗത്ത് ഗവൺമെന്റ് തീരുമാനം നടപ്പാക്കണമെന്ന ഇച്ഛാശക്തിയോടുകൂടി മുന്നോട്ടുപോകുമ്പോൾ ആ ഭരണം അട്ടിമറിക്കാൻ വേണ്ടിയാണ് ശ്രമിക്കുന്നത്. മാലിന്യസംസ്കരണത്തിന്റെ കാര്യത്തിൽ രാഷ്ട്രീയം പാടില്ലായെന്നാണ് എന്റെ വാദം.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, അങ്ങ് പറഞ്ഞ അവിശ്വാസ പ്രമേയത്തിന്റെ കാര്യം എനിക്കറിയില്ല. പക്ഷെ ഒരു കാര്യം ശരിയാണ്. ഇതിൽ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ഉത്തരവാദിത്വമുണ്ട്. എല്ലാ രാഷ്ട്രീയ പാർട്ടികളിലും പലപ്പോഴും, എപ്പോഴെന്ന് ഞാൻ പറയുന്നില്ല.... അങ്ങനെയല്ലാത്ത സമീപനം സ്വീകരിക്കുന്നവരുമുണ്ട്. നേരത്തേ പറഞ്ഞതുപോലെ, പലപ്പോഴും ഇത്തരം കാര്യങ്ങളിൽ പൊതുവായ പ്രതിഷേധം ഉയർന്നുവരുമ്പോൾ ആ പ്രതിഷേധത്തിന്റെ കൂടെക്കൂടി രാഷ്ട്രീയ നേട്ടമുണ്ടാക്കാൻ കഴിയുമോയെന്നുള്ള ശ്രമം സ്വീകരിക്കുന്നുണ്ട്. അത്

ശരിയായ സമീപനമല്ല, ഞാനേതെങ്കിലും ഒരു പാർട്ടിയെക്കുറിച്ചല്ല പറഞ്ഞത്. പൊതുവായി നമ്മൾ സ്വീകരിക്കേണ്ട സമീപനത്തെക്കുറിച്ചാണ് പറഞ്ഞത്. നാടിനോട് ഒരു ഉത്തവാദിത്വം നമുക്കെല്ലാവർക്കുമുണ്ട് എന്ന കാര്യം ഓർമ്മിപ്പിക്കുകയാണ് ചെയ്തത്.

യൂസർ ഫീ അടച്ചില്ലെങ്കിൽ സേവനം നിഷേധിക്കുന്നതിനെക്കുറിച്ച് കഴിഞ്ഞതവണ പറഞ്ഞതാണ്. സേവനം നിഷേധിക്കുകയല്ല ചെയ്യുന്നത്. സാധാരണ നോ ഡ്യൂസ് ഹാജരാക്കേണ്ടി വരാറില്ലേ; തെരഞ്ഞെടുപ്പിന് മത്സരിക്കുന്ന സമയത്ത് നോമിനേഷൻ സമർപ്പിക്കണമെങ്കിൽ നോ ഡ്യൂസ് സർട്ടിഫിക്കറ്റ് വേണ്ടേ; ഇതും അതുപോലെയാണ്. ഇതൊരു നിസാരമായ കാര്യമാണെന്ന ധാരണയിലാണ് യൂസർ ഫീ അടയ്ക്കാത്തവർക്ക് സേവനം നിഷേധിക്കുന്നത് പാവപ്പെട്ടവരോട് ചെയ്യുന്ന അന്യായമല്ലേ എന്നൊക്കെ പറയുന്നത്. എന്നുപറഞ്ഞാൽ, യൂസർ ഫീ നൽകുകയെന്നതിന് അത്ര പ്രാധാന്യമേ നൽകുന്നുള്ളൂ. ഒരോ വ്യക്തിയും മാലിന്യം ഉല്പാദിപ്പിക്കുന്നവരാണ്. അത് സംസ്കരിക്കാനുള്ള ഉത്തരവാദിത്വം സർക്കാരിനും തദ്ദേശസ്വയംഭരണം സ്ഥാപനത്തിനും മാത്രമല്ല, ഓരോ വ്യക്തിക്കുമുള്ളതാണ്. ആ പ്രാഥമിക തത്വം ഉൾക്കൊള്ളാത്തതുകൊണ്ടാണ്

ഇതെന്തോ വലിയ അന്യായമാണെന്ന് നാം പറയുന്നത്. യൂസർ ഫീ കൊടുക്കുകയെന്നത് എല്ലാവരുടെയും ഉത്തരവാദിത്വമാണ്. ആ ഉത്തരവാദിത്വം നിറവേറ്റാതിരിക്കുന്നത് ശരിയല്ല. പൗരബോധത്തിന്റെ കാര്യത്തെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ പറഞ്ഞു. നികുതി കൊടുക്കുകയെന്നത് നമ്മുടെ ഉത്തരവാദിത്വമല്ലേ. നികുതി അടയ്ക്കാത്തവരിൽനിന്നും അത് ഈടാക്കുന്നത് ജനവിരുദ്ധമാണെന്നോ ജനാധിപത്യ വിരുദ്ധമാണെന്നോ പറയാൻ കഴിയുമോ; അതുപോലൊരു കാര്യമാണ് യൂസർ ഫീ ഈടാക്കുകയെന്നതും. യൂസർ ഫീ അടയ്ക്കാൻ കഴിയാത്തവരെക്കുറിച്ച് നേരത്തെതന്നെ പറഞ്ഞിട്ടുള്ള കാര്യമാണ്. അതിദരിദ്രരെ അതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. മറ്റാരെയെങ്കിലും ഒഴിവാക്കണമെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് തീരുമാനിക്കാം. പക്ഷെ അവരുടെ വിഹിതം കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള ഹരിത കർമ്മസേനയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം നൽകണം. അത്രയേയുള്ളൂ. ഒരു പഞ്ചായത്തിൽ യൂസർ ഫീ കൊടുക്കാൻ കഴിയാത്തവരായി 10 പേരെ കണ്ടെത്തിയാൽ അവരുടെ വിഹിതം പഞ്ചായത്തോ മുനിസിപ്പാലിറ്റിയോ ആരാണെങ്കിലും കൊടുക്കണം. അതാണ്

അതിലെ വ്യവസ്ഥ. സഭ ആകെ അറിയാൻവേണ്ടി പറയുന്നതാണ്. സാധാരണക്കാരല്ല യൂസർ ഫീ കൊടുക്കാൻ മടിക്കുന്നത്, സാമ്പത്തികമായി മെച്ചപ്പെട്ട നിലയിലുള്ളവരും സൗകര്യമുള്ളവരുമാണ് യൂസർ ഫീ കൊടുക്കാൻ മടിക്കുന്നത് എന്നാണ് പരിശോധനയിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്. ഹരിത കർമ്മസേനക്കാർ എന്നുപറഞ്ഞാൽ വേസ്റ്റ് ശേഖരിക്കാൻ വരുന്ന ആളുകളെന്ന ഒരു ഉപരിവർഗ്ഗ മനോഭാവവും ഈ പാവപ്പെട്ട ആളുകളോടുള്ള പുച്ഛവുംകൊണ്ടാണ് ഇത് കൊടുക്കാതിരിക്കുന്നത്. ഹരിത കർമ്മസേനക്കാർ പിടിച്ചുപറിക്കാരാണെന്നും പൈസകൊടുക്കരുതെന്നും പറഞ്ഞ് സോഷ്യൽ മീഡിയ ഉപയോഗിച്ച് സംഘടിതമായി ക്യാമ്പയിൻ നടത്തിയില്ലേ; അതിനെതിരെ ഡി.ജി.പി.-ക്ക് പരാതി കൊടുക്കുകയും ശക്തമായ നിയമനടപടി സ്വീകരിക്കുകയും ചെയ്തപ്പോഴല്ലേ അത് അടങ്ങിയത്. അത്തരമൊരു ക്യാമ്പയിന്റെ വക്താക്കളായി നമ്മളാരും മാറാൻ പാടില്ലെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ഇവർക്ക് പണം കൊടുക്കുന്നത് എന്തിനാണെന്ന ചോദ്യം നമ്മുടെ സമൂഹത്തിലെ ഒരുതരം വരേണ്യമനോഭാവത്തിൽ നിന്നുണ്ടാകുന്നതാണ്. ഹരിത കർമ്മസേനയോടൊപ്പം നിൽക്കുകയാണ് ചെയ്യേണ്ടത്. കാരണം ഹരിത

കർമ്മസേനയെന്നുപറയുന്നത് മാലിന്യമുക്ത നവകേരളത്തിന്റെ, ശുചിത്വ കേരളത്തിന്റെ സേനയാണെന്ന് പ്രഖ്യാപിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവർക്കാവശ്യമായ എല്ലാ പിന്തുണയും സർക്കാർ കൊടുക്കും. സുരക്ഷാ ഉപകരണങ്ങളും കൊടുക്കും. വാഹനങ്ങൾ കൊടുക്കാൻ ഇപ്പോൾ തീരുമാനമായിട്ടുണ്ട്. വാഹനങ്ങൾ കൊടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ട് വച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ കൂടുതൽ ഏജൻസികൾ വേണമെന്ന് പറഞ്ഞു. സ്വകാര്യ ഏൻസികളെക്കുറിച്ചും മറ്റാരോ ഇവിടെ പരാമർശിക്കുകയുണ്ടായി. അത് വേണമെന്നുതന്നെയാണ് സർക്കാരിന്റെ അഭിപ്രായം. സമയമില്ലാത്തതുകൊണ്ട് കണക്കുകളിലേയ്ക്ക് പോകുന്നില്ല. ഏതാണ്ട് എൺപതോളം ഏജൻസികൾ വേറെയും എംപാനൽ ചെയ്തിട്ടുണ്ട്. ക്ലീൻ കേരള കമ്പനി മാത്രം മതിയെന്ന അഭിപ്രായമില്ല. സ്വകാര്യ ഏജൻസികളും വേണം. അതിനെ പ്രോത്സാഹിപ്പിക്കണമെന്നതുതന്നെയാണ് സർക്കാരിന്റെ നിലപാട്. യൂസർ ഫീയുടെ കാര്യത്തിൽ, 50 ശതമാനം പിഴ കൂടുതലല്ലേയെന്ന് ചോദിച്ചു. ആകെ 50 രൂപയാണ് യൂസർ ഫീ. യഥാസമയം അടയ്ക്കുന്നുവെന്ന് ഉറപ്പാക്കാൻ വേണ്ടിയാണ് പിഴ കൂട്ടിവച്ചത്. വ്യാപാര

സ്ഥാപനങ്ങളുടെ യൂസർ ഫീ-ക്ക് വ്യവസ്ഥ വേണമെന്ന് ഇവിടെ പറഞ്ഞു. ലൈസൻസ് പുതുക്കുന്ന സമയത്ത് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരമുള്ള ക്രമീകരണങ്ങൾ വ്യാപാര സ്ഥാപനങ്ങളുണ്ടാക്കിയാൽ മാത്രമേ ലൈസൻസ് പുതുക്കി നൽകുവെന്ന് സർക്കാർ ഇപ്പോൾ ഒരു ഉത്തരവ് ഇറക്കിയിട്ടുണ്ട്. അത് വ്യാപാര സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. ഇതെല്ലാം നിയമത്തിന്റെ അടിസ്ഥാനത്തിൽ ചെയ്യുന്നതാണ്. 2016-ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസിന്റെ അടിസ്ഥാനത്തിലാണ് ചെയ്യുന്നത്. നിയമ ഭേദഗതി വരുത്തേണ്ടതാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടുള്ളതിനാൽ അതിപ്പോൾ കൊണ്ടുവരികയാണ്. മാലിന്യ സംസ്കരണം ശരിയായി നടപ്പാക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാനങ്ങൾക്കെതിരെയും അതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിക്കണമെന്ന് ഹൈക്കോടതിതന്നെ പറഞ്ഞിട്ടുള്ളതാണ്. അപ്രകാരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെങ്കിൽ ഉദ്യോഗസ്ഥരുടെ ചുമതല കൃത്യമായി നിർവ്വചിക്കണം. അതാണ് ഇവിടെ ചെയ്തിട്ടുള്ളത്. അല്ലാതെ സെക്രട്ടറി രാജ്-ലേയ്ക്ക് നയിക്കുകയല്ല ചെയ്തിട്ടുള്ളത് എന്നാണ്

ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോട് പറയാനുള്ളത്. സെക്രട്ടറിയുടെ ചുമതല കൃത്യമായി നിർവ്വചിക്കുകയാണ് ഇതിൽ ചെയ്തിരിക്കുന്നത്. ഇതിൽ വീഴ്ച വരുത്തിയാൽ സെക്രട്ടറിക്കെതിരെ നടപടിയുണ്ടാകും. വീഴ്ച വരുത്തിയോയെന്ന് അറിയണമെങ്കിൽ ചുമതല എന്താണെന്ന് കൃത്യമായി നിർവ്വചിക്കണം. അതാണിവിടെ ചെയ്തിട്ടുള്ളത്. സെക്രട്ടറിക്ക് 2 ലക്ഷം രൂപവരെ ചെലവഴിക്കാമെന്നത് വളരെ നാടകീയമായിട്ടാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ അവതരിപ്പിച്ചത്. സെക്രട്ടറിക്ക് രണ്ടുലക്ഷം രൂപ ചെലവഴിക്കാൻ പ്രസിഡന്റിനെ അറിയിച്ചാൽ മാത്രം മതി, പ്രസിഡന്റിന് ചെയ്യാൻ പറ്റുമോ എന്ന് അദ്ദേഹം ഇവിടെ ചോദിച്ചു. അത് വളരെ അത്യാവശ്യഘട്ടത്തിൽ മാത്രമാണ്. ഞാനൊരു ഉദാഹരണം പറയാം, മംഗൽപാടിയിൽ തീപിടിച്ചുവെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. എ. കെ. എം. അഷ്റഫ് പറയുകയുണ്ടായി. അത് തീപിടുത്തമല്ല, നാലുഭാഗത്തുനിന്നും തീയിട്ടതായാണ് പോലീസ് എത്തിച്ചേർന്നിരിക്കുന്ന പ്രാഥമിക നിഗമനം. ആ വിഷയം പോലീസ് അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്യും. അത്തരം പ്രവണത ഇപ്പോൾ ശക്തിപ്പെട്ട് വരുന്നുണ്ട്. ഒരു ഭാഗത്തുനിന്നല്ല

നാലുഭാഗത്തുനിന്നും തീയിട്ടു എന്നാണ്. തീപിടുത്തമുണ്ടാകുമ്പോൾ അത് അണയ്ക്കുന്നതിനായി സെക്രട്ടറിക്ക് അടിയന്തരമായി കൗൺസിൽകൂടി അല്ലെങ്കിൽ ബോർഡുകൂടി തീരുമാനിക്കാനുള്ള സാവകാശമുണ്ടോ? അതുകൊണ്ടാണ് ഇത്തരം അടിയന്തരഘട്ടത്തിൽ പണം ചെലവഴിക്കാനുള്ള അധികാരം സെക്രട്ടറിക്ക് നൽകിയിട്ടുള്ളത്. മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം കണക്കിലെടുത്താണ് ഇത്തരമൊരു ചെറിയ വിവേചനാധികാരം നൽകിയിട്ടുള്ളത്. അതുതന്നെ അറിവോടുകൂടി ചെയ്യണമെന്ന വ്യവസ്ഥയും നിശ്ചയിച്ചിട്ടുള്ളതാണ്.

(തുടരും)

**P 13.02.2024**

TB - AY(III)-ബി.സി.
6.00 - 6.10

(ശ്രീ. എം. ബി. രാജേഷ് തുടർച്ച ......)

സെക്രട്ടറിയുടെ അധികാരം എന്നുപറഞ്ഞാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതിയുടെ നിയന്ത്രണത്തിന് വിധേയമാണ്. അപരിമിതമായ അധികാരം സെക്രട്ടറിക്കില്ല. ഭരണ സമിതിയുടെയും ഓംബുഡ്സ്മാന്റെയും ട്രൈബ്യൂണലിന്റെയുമൊക്കെ മേൽനോട്ടത്തിന്

വിധേയമാണ് സെക്രട്ടറിയുടെ അധികാരം. മാത്രമല്ല, നിലവിൽ കേരള മുനിസിപ്പാലിറ്റി നിയമപ്രകാരം നഗരസഭ സെക്രട്ടറിക്ക് 25,000 രൂപ വരെ അത്യാവശ്യത്തിന് ചെലവഴിക്കാൻ അധികാരമുണ്ടെന്ന് 1994-ൽ അങ്ങ് പറഞ്ഞ അതേ നിയമത്തിൽ വ്യവസ്ഥ ചെയ്തതാണ്. 1994-ൽ 25000 രൂപ വ്യവസ്ഥ ചെയ്യാമെങ്കിൽ 2024-ൽ അത് രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിൽ എന്താണ് തെറ്റുള്ളത്. അതിനെയാണ് അങ്ങ് നാടകീയമായി പെരുപ്പിച്ച് 'സെക്രട്ടറി രാജ്' ആണെന്നൊക്കെ ഇവിടെ അവതരിപ്പിച്ചത്. അങ്ങയുടെ ശൈലിയായി മാത്രമെ അതിനെ കാണുന്നുള്ളൂ. അങ്ങ് പറഞ്ഞതിൽ ദുരുദ്ദേശ്യമൊന്നുമില്ല, പറയുമ്പോൾ ഇരിക്കട്ടെ, ഒട്ടും കുറയ്ക്കേണ്ടെന്ന മട്ടിൽ പറഞ്ഞതായിട്ടാണ് അതിനെ കാണുന്നത്. ചെയർ 'എസ്' എന്ന് പറഞ്ഞപ്പോൾ ചെയറും അതിനോട് യോജിച്ചുവെന്ന് വ്യാഖ്യാനിച്ചത് അങ്ങയുടെ ഒരു സാമർത്ഥ്യമാണ്. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, യഥാർത്ഥത്തിൽ ചില ആളുകൾ വളരെ നീണ്ട പ്രസംഗം നടത്തിയാൽ സദസ്സിലുള്ള ഏതാനും വിദ്വാൻമാരിരുന്ന് കൈയ്യടിക്കുന്നത് എന്തിനാണെന്ന് അറിയാമോ; കൈയ്യടിക്കുന്നത് പ്രസംഗം മെച്ചപ്പെട്ടതുകൊണ്ടല്ല; നിർത്താൻ വേണ്ടിയാണ്. അതുപോലെ

സമയത്തെക്കുറിച്ച് ഓർമ്മിപ്പിച്ചിട്ടാണ് 'എസ്' എന്ന് ചെയറിൽനിന്ന് പറഞ്ഞത്. അങ്ങ് എങ്ങനെയാണതിനെ വ്യാഖ്യാനിച്ചത്.

മി. സ്പീക്കർ: അദ്ദേഹം തുടങ്ങുമ്പോൾ സൂചിപ്പിച്ചത് ഞാൻ പതിവുപോലെ സമയമെടുക്കില്ല, ചുരുക്കി സംസാരിക്കുമെന്നും രണ്ട് പോയിന്റ്സ് മാത്രമെ പറയാനുള്ളൂവെന്നുമാണ്. പത്ത് മിനിട്ട് സമയമെടുത്തപ്പോഴാണ് ചെയർ ഇടപെട്ടത്.

ശ്രീ. എം. ബി. രാജേഷ്: സർ, അദ്ദേഹം യഥാർത്ഥത്തിൽ ഒരു പോയിന്റ് മാത്രമേ പറഞ്ഞുള്ളൂ. അത് പതിവിലുംകൂടുതൽ സമയമെടുത്ത് വിശദീകരിച്ചതാണ്. സെക്രട്ടറിക്ക് അമിതാധികാരം നൽകിയെന്ന ഒരു പോയിന്റാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹത്തിന് സമയമെടുക്കാൻ പോയിന്റ് പ്രശ്നമേയല്ല. ഒരു പോയിന്റാണെങ്കിലും അര മണിക്കൂറോ ഒരു മണിക്കൂറോ പ്രസംഗിക്കാൻ വൈഭവമുള്ള ആളാണ്.

മി. സ്പീക്കർ: അങ്ങ് അതിനെ സരസമായെടുത്താൽ മതി.

ശ്രീ. എം. ബി. രാജേഷ്: സർ, അങ്ങ് വളരെ സാമർത്ഥ്യത്തോടുകൂടി ഈ ബില്ലിനെ വളച്ചൊടിച്ച് വ്യാഖ്യാനിച്ചതുകൊണ്ട് അതിന് മറുപടി പറയുന്നുവെന്ന് മാത്രമേയുള്ളൂ.

മി. സ്പീക്കർ: അദ്ദേഹം നല്ല ഹ്യൂമർ സെൻസുള്ള ആളാണ്.

ശ്രീ. എം. ബി. രാജേഷ്: സർ, നമ്മുടെ നാട്ടിൽ വലിയ മാറ്റം വന്നിട്ടുള്ളത് നമ്മൾ കാണേണ്ടതാണ്. ഇവിടെ ബിന്നുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് പറയുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബിന്നുകൾ സ്ഥാപിക്കാൻ ഇപ്പോൾ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ബിന്നുകൾ സ്ഥാപിക്കാൻ 22000-ത്തിലധികം കേന്ദ്രങ്ങൾ ഐഡന്റിഫൈ ചെയ്ത് പ്രോജക്ട് വച്ചിരിക്കുകയാണ്. നിങ്ങൾ യാത്ര ചെയ്യുമ്പോൾ തിരുവനന്തപുരം നഗരത്തിലൂടെ എല്ലായിടത്തും കാണാം പ്ലാസ്റ്റിക്ക് കുപ്പികൾ ശേഖരിക്കാൻ വച്ചിരിക്കുന്ന ബോട്ടിൽ ബൂത്തുകൾ. ഇതെല്ലാം വേഗത്തിലാക്കണമെന്നുള്ളതിന് ഒരു സംശയവുമില്ല.

ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖം തിരിഞ്ഞ് നിൽക്കുന്നുവെന്ന ഒരു പ്രധാനപ്പെട്ട നിർദ്ദേശം ഇവിടെ ഉന്നയിക്കുകയുണ്ടായി. അങ്ങനെ മുഖം തിരിഞ്ഞുനിൽക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിൽനിന്ന് തുക അനുവദിക്കുമ്പോൾ അതുകൂടി പരിഗണിക്കണമെന്ന ഒരു നിർദ്ദേശം വരികയുണ്ടായി. സർക്കാർ അതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്ന്

പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാതിൽപ്പടി മാലിന്യ ശേഖരണത്തിന്റെ കണക്ക് നോക്കിയാൽ 76 ശതമാനമാണ് നമുക്ക് ആർജ്ജിക്കാൻ കഴിഞ്ഞിട്ടുള്ളത്. 100 ശതമാനം വാതിൽപ്പടി മാലിന്യ ശേഖരണത്തിലെത്തിച്ചേർന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 231 എണ്ണവും 90 ശതമാനത്തിനും 99 ശതമാനത്തിനും ഇടയിൽ 321 എണ്ണവുമാണ്. എന്നാൽ 50 ശതമാനത്തിൽ താഴെയുള്ള 46 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 30 ശതമാനത്തിൽ താഴെയുള്ള 11 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമുണ്ട്. മാലിന്യ സംസ്കരണത്തിൽ കൈവരിച്ചിട്ടുള്ള പുരോഗതിയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പിഴ ചുമത്താനുള്ള ഒരു തീരുമാനം സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അത് പ്ലാൻ ഫണ്ടിൽനിന്ന് കട്ടുചെയ്യുന്ന തരത്തിലാണ് നിശ്ചയിച്ചിട്ടുള്ളത്. മാലിന്യ ശേഖരണത്തിൽ വീഴ്ച വരുത്തിയാൽ ഗ്രീൻ ട്രൈബ്യൂണൽ സംസ്ഥാന സർക്കാരിന് പിഴ ചുമത്തുന്നതുപോലെ മാലിന്യ ശേഖരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഉത്തരവാദിത്വമുണ്ട്. എല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലയിൽ അടിച്ചേൽപ്പിക്കുകയാണെന്നാണ് ശ്രീ. പി. ഉബൈദുള്ള പറഞ്ഞത്.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ജനപ്രതിനിധിയായിരുന്ന അങ്ങ് ഇത് പറഞ്ഞത് എന്നെ അതിശയിപ്പിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാഥമിക ഉത്തരവാദിത്വങ്ങളിലൊന്നാണ് മാലിന്യ സംസ്കരണം. നമ്മളൊന്നും പുതിയതായി അടിച്ചേൽപ്പിക്കുന്നതല്ല. ഹരിത കർമ്മ സേന, എം.സി.എഫ്., മിനി എം.സി.എഫ്., ഗാർബേജ് വൾണറബിൾ പോയിന്റ് എന്നീ മാനദണ്ഡങ്ങളെല്ലാം കണക്കിലെടുത്ത് പ്ലാൻ ഫണ്ട് അനുവദിക്കുന്നതിൽ ആനുപാതികമായ കുറവുവരും. മാലിന്യ ശേഖരണത്തിൽ വീഴ്ച വരുത്തുന്നവർക്ക് കുറവുവരുമെന്നുമാത്രമല്ല, മെച്ചപ്പെട്ട പ്രകടനം നടത്തുന്നവർക്ക് ആ തുക ഇൻസെന്റീവായി ലഭിക്കുകയും ചെയ്യും. അടുത്ത സാമ്പത്തികവർഷം മുതൽ സർക്കാർ അത് നടപ്പാക്കാൻ പോകുകയാണ്. അല്ലെങ്കിൽ ചില സ്ഥാപനങ്ങൾ നന്നായി ചെയ്യുകയും കുറച്ച് സ്ഥാപനങ്ങൾ ഒന്നും ചെയ്യാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവരും. തീർച്ചയായും അക്കാര്യത്തിൽ മാറ്റം വരേണ്ടതുണ്ട്.

ഇപ്പോൾ നല്ല മാറ്റം വന്നുകൊണ്ടിരിക്കുന്നു; അതിനുദാഹരണമാണ്, നാഷണൽ സർവ്വീസ് സ്കീമിന്റെ നേതൃത്വത്തിലുള്ള മൂവായിരത്തോളം സ്നേഹാരാമങ്ങൾ. ബഹുമാന്യയായ ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി

വകുപ്പുമന്ത്രി പ്രത്യേക താൽപ്പര്യം അക്കാര്യത്തിലെടുത്തിരുന്നു. കേരളത്തിൽ മാലിന്യം കുമിഞ്ഞുകൂടിയിരുന്ന തെരുവോരങ്ങളിലെ 3000 സ്ഥലങ്ങൾ കണ്ടെത്തി സ്നേഹാരാമങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി നാഷണൽ സർവ്വീസ് സ്കീമും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് നടപ്പാക്കിയിട്ടുണ്ട്. ഇപ്പോൾ ആയിരത്തിഅറുന്നൂറിലധികം കേന്ദ്രങ്ങളിൽ അത് പൂർത്തിയായിട്ടുണ്ട്. മലിനമായി കിടന്നിരുന്ന 1600-ഓളം കേന്ദ്രങ്ങൾ ഇന്ന് ആരാമങ്ങളായി അല്ലെങ്കിൽ വളരെ മനോഹരമായ പ്രദേശങ്ങളായി മാറ്റിയെടുക്കാൻ സാധിച്ചു. അതിന് നാഷണൽ സർവ്വീസ് സ്കീം നൽകിയത് വളരെ ഉചിതമായ ഒരു പേരാണ് 'സ്നേഹാരാമങ്ങൾ'. ബഹുമാന്യനായ സ്പീക്കറുടെ നിയോജകമണ്ഡലത്തിലുള്ള തിരുവങ്ങാട് ഹയർ സെക്കന്ററി സ്കൂളിലെ നാഷണൽ സർവ്വീസ് സ്കീം യൂണിറ്റ് ഈ പദ്ധതിയുടെ ഭാഗമായി, ഉപയോഗിച്ച പ്ലാസ്റ്റിക് വസ്തുക്കൾക്കൊണ്ട് മനോഹരമായ ഒരു പാർക്ക് നിർമ്മിച്ചിട്ടുള്ള കാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി.സ്പീക്കർ: യഥാർത്ഥത്തിൽ അത് ക്രിസ്തുമസ് അവധിക്കാലത്തെ എൻ.എസ്.എസ്.-ന്റെ പത്ത് ദിവസത്തെ ക്യാമ്പിൽ ഒരു സ്ഥലം മനോഹരമാക്കാനുള്ള ചുമതലയിലുൾപ്പെട്ടതായിരുന്നു. തലശ്ശേരി ഹെറിറ്റേജ്

പ്രോജക്ടിന്റെ ഭാഗമായ അവിടം യഥാർത്ഥത്തിൽ മറ്റ് സംവിധാനങ്ങളൊന്നുമില്ലാത്ത ഒരു പാർക്കിംഗ് സ്ഥലമായിരുന്നു. അവിടെയാണ് എൻ.എസ്.എസ്. വോളന്റിയർമാർ പത്ത് ദിവസം കൊണ്ട് കണ്ണിന് കൗതുകം നൽകുന്ന ടൂറിസം ഡെസ്റ്റിനേഷനാക്കിമാറ്റിയത്. ഒരുപക്ഷെ എല്ലാ അംഗങ്ങൾക്കും സ്കൂളുകളെയുപയോഗിച്ച് എല്ലാ സ്ഥലത്തും ചെയ്യാൻ സാധിക്കുന്ന ഒരു കാര്യമാണിത്. അത് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയെന്നേയുള്ളൂ.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): എൻ.എസ്.എസ്.-ന്റെ ഭാഗമായി 3000 യൂണിറ്റുകൾ ഇക്കാര്യം ചെയ്യുന്നുണ്ട്.

ശ്രീ. എം. ബി. രാജേഷ്: സർ, ചെയറിന്റെ ഈ വാക്കുകൾ വളരെ പ്രചോദനം നൽകുന്നതാണ്. നമ്മുടെ സഭയിലെ എല്ലാ അംഗങ്ങൾക്കും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് അതൊരു പ്രചോദനമായിത്തീരുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. എൻ.എസ്.എസ്.-ന്റെ കുട്ടികൾക്കും ഇത് വലിയ പ്രചോദനമായിരിക്കും. കാരണം എൻ.എസ്.എസ്. വഹിച്ച പങ്ക് വിലമതിക്കാനാവാത്തതാണെന്ന്

പ്രത്യേകം എടുത്തുപറയുകയാണ്. ക്ലീൻ കേരള കമ്പനിവഴി നിയോജകമണ്ഡലാടിസ്ഥാനത്തിൽ മാലിന്യങ്ങൾ സമാഹരിച്ച് നീക്കം ചെയ്യുന്ന ഒരു പ്രവർത്തനം ആലോചിച്ചിരുന്നു. പക്ഷേ രണ്ട് ഡസനിൽ താഴെയുള്ള എം.എൽ.എ.-മാർ മാത്രമെ അതിൽ മുന്നോട്ടുവന്നിട്ടുള്ളൂ. അവരവരുടെ നിയോജകമണ്ഡലങ്ങളിൽനിന്ന് ജനകീയമായി മാലിന്യം ശേഖരിച്ച് സംഭരിച്ച് ക്ലീൻ കേരള കമ്പനി വഴി നീക്കം ചെയ്യണമെന്ന് ബഹുമാന്യരായ എല്ലാ അംഗങ്ങളോടും അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ എന്റെ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുണ്ട്. അതിനുമുമ്പ് മറ്റ് പല നിയോജകമണ്ഡലങ്ങളിലും ഇത് നടപ്പാക്കിയിരുന്നു. ആലപ്പുഴ, കാട്ടാക്കട എന്നിങ്ങനെ പല സ്ഥലങ്ങളിലും നടപ്പാക്കിയിട്ടുണ്ട്. ഏതാണ്ട് 400 ടൺ മാലിന്യമാണ് നീക്കം ചെയ്തിട്ടുള്ളത്. എം.എൽ.എ.-മാർ മുൻകയ്യെടുത്ത് അവരവരുടെ നിയോജകമണ്ഡലങ്ങളിൽ ഇക്കാര്യം നടപ്പാക്കാൻ ഒരു പ്രയാസവുമില്ല. അക്കാര്യത്തിൽ ഒരു ചെലവും വരുന്നില്ല. ക്ലീൻ കേരള കമ്പനി അത് ഏറ്റെടുത്തോളുമെന്നാണ് പറയുവാനുള്ളത്. പല എം.എൽ.എ.-മാരും ഇത് നടപ്പാക്കിയിട്ടുണ്ട്. പേര് പറഞ്ഞാൽ ചിലരുടെ പേര് വിട്ടുപോകും എന്നതുകൊണ്ടാണ് പറയാഞ്ഞത്. ആലപ്പുഴ, കാട്ടാക്കട, ഏറ്റുമാനൂർ,

ചങ്ങനാശ്ശേരി എന്നിവിടങ്ങളിലും ഏറ്റുമാനൂരിൽ ബഹുമാനപ്പെട്ട തുറമുഖ-സഹകരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലും നല്ല പ്രവർത്തനം നടന്നിട്ടുണ്ട്. ഇത് കക്ഷി-രാഷ്ട്രീയത്തിന് അതീതമായും ഭരണ-പ്രതിപക്ഷ ഭേദമെന്യേ .....

ശ്രീ. സജീവ് ജോസഫ്: സർ, പബ്ലിക് ടോയ്‌ലറ്റ് സിസ്റ്റം കുറച്ചുകൂടി ഫലപ്രദമാക്കുന്നതിനുവേണ്ടി 'Take a Break' പല സ്ഥലങ്ങളിലും നിർമ്മാണ രീതികൊണ്ടുതന്നെ ഒരു ഭാഗത്ത് ടോയ്‌ലറ്റ് അതിനോടുചേർന്നുതന്നെ റ്റീ ഷോപ്പുമാണ്. അതിൽ പ്രായോഗികമായി വലിയ പ്രയാസം അനുഭവിക്കുന്നുണ്ട്. അത് ഫലപ്രദമാക്കാനും അതിന്റെ മെയിന്റനൻസിന് കൃത്യമായുള്ള ഒരു സംവിധാനം ഒരുക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, 'Take a Break' 945 എണ്ണം നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. അതിൽ പലതും വേണ്ടത്ര രീതിയിൽ പ്രവർത്തിക്കുന്നില്ല. അത് കുടുംബശ്രീയെ ഏൽപ്പിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിക്കഴിഞ്ഞിട്ടുണ്ട്.

ഈ നിയമത്തെക്കുറിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ച കാര്യം ഒരിക്കൽ കൂടി ഞാൻ എടുത്തുപറയുകയാണ്. കരിനിയമം

എന്നൊക്കെയാണ് അദ്ദേഹം ഇതിനെ വിശേഷിപ്പിച്ചത്. അത് കുറച്ച് കടന്നുപോയെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്. അദ്ദേഹം മാത്രമാണ് ഇത്രയും രൂക്ഷമായ രീതിയിൽ സംസാരിച്ചത്. മറ്റ് അംഗങ്ങളാരും ഇത്രത്തോളം പറഞ്ഞിട്ടില്ല. അവർ ചില വിമർശനങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്; അത് സ്വാഭാവികമാണ്. കൂടാതെ, ഈ നിയമഭേദഗതിയിലൂടെ കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളെയും തിരുവനന്തപുരത്തിരുന്ന് നിയന്ത്രിക്കാനുള്ള ഗൂഢോദ്ദേശ്യമാണെന്നാണ് അദ്ദേഹം പറഞ്ഞത്. അതും കുറച്ച് അധികമായിപ്പോയെന്ന് ഞാൻ അങ്ങയോട് വിനീതമായി സൂചിപ്പിക്കുകയാണ്. കേരളത്തെ മാലിന്യമുക്തമാക്കുക എന്ന ഒരേയൊരു ഉദ്ദേശ്യം മാത്രമേ ഇക്കാര്യത്തിലുള്ളൂ. അതല്ലാതെ മറ്റൊരു തരത്തിലുള്ള ഗൂഢോദ്ദേശ്യവും ഈ നിയമ ഭേദഗതിക്കില്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിരീക്ഷണങ്ങളുടെ കൂടെ അടിസ്ഥാനത്തിലാണ് സർക്കാർ ഇത്തരം നടപടികൾ സ്വീകരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ മാലിന്യമുക്തമാക്കണമെങ്കിൽ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കണം. ബഹുമാനപ്പെട്ട ഒരംഗം ചൂണ്ടിക്കാണിച്ചതുപോലെ സാക്ഷരതാ പ്രവർത്തനങ്ങൾ, ജനകീയാസൂത്രണ പ്രവർത്തനങ്ങൾ എന്നിവ

നടത്തുന്നതുപോലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും നടക്കണം. കക്ഷിരാഷ്ട്രീയത്തിനതീതമായി ജനങ്ങളാകെ അണിനിരക്കുന്ന വിപുലമായ ഒരു ജനകീയ പ്രസ്ഥാനമായി മാറുമ്പോഴാണ് മാലിന്യ മുക്ത നവകേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിയുന്നത്. അതിന് ഈ നിയമം ഒരു പ്രധാനപ്പെട്ട ഉപാധിയാണ്. നിയമം കൊണ്ടുമാത്രം എല്ലാമാകില്ലെന്ന് സർക്കാരിന് വ്യക്തമായ ബോധ്യമുണ്ട്. ബഹുമാന്യരായ എല്ലാ അംഗങ്ങളുടേയും കക്ഷി രാഷ്ട്രീയത്തിന് അതീതമായ പിന്തുണയും നേതൃത്വപരമായ ഇടപെടലും ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ മറുപടി പ്രസംഗം അവസാനിപ്പിക്കുന്നു.

മി.സ്പീക്കർ: ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി.സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

(വകുപ്പ് തിരിച്ചുള്ള പരിഗണന)

2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

148. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 58(1)-ൽ "ക്ഷേമപരിപാടികൾ" എന്നതിന് പകരം "പരിസ്ഥിതി സൗഹൃദ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

149. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 58(1)-ൽ "ക്ഷേമപരിപാടികൾ പരിസ്ഥിതി നിയന്ത്രണം" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "ക്ഷേമപരിപാടികൾ, മാലിന്യസംസ്കരണം, പരിസ്ഥിതി സംരക്ഷണം" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

മി.സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

160. ഖണ്ഡം 3-ൽ "മാലിന്യം" എന്നതിന് പകരം

"മാലിന്യങ്ങൾ"എന്ന് ചേർക്കുക.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

161. ഖണ്ഡം 3-എൽ "മാലിന്യം കൈകാര്യം ചെയ്യൽ" എന്നതിന് പകരം "മാലിന്യ സംസ്കരണം" എന്ന് ചേർക്കുക.

മി.സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. എം. നൗഷാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

163. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 325 എ-യുടെ നിർവ്വചനത്തിൽ "ഗതാഗതം" എന്നതിന് പകരം "നീക്കം" എന്ന് ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

164. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 325 എ-യുടെ നിർവ്വചനത്തിൽ "ഗതാഗതം" എന്നതിന് പകരം "കടത്തൽ" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

165. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 325 എ-യുടെ നിർവ്വചനത്തിൽ "ഗതാഗതം" എന്നതിന് പകരം

"കൊണ്ടു പോകൽ" എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

168. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 325 എ-യുടെ നിർവ്വചനത്തിൽ "കയ്യൊഴിയൽ" എന്നതിന് മുൻപ് "സംസ്കരണത്തിനായി ചുമതലപ്പെടുത്തി" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

173. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 325 എ-യുടെ വിശദീകരണത്തിൽ "എന്നാൽ" എന്നതിന് ശേഷം "1974-ലെ ജലമലിനീകരണ നിയന്ത്രണ ആക്റ്റിലും (1974-ലെ 6-ാം കേന്ദ്ര ആക്റ്റ്)" എന്ന് ചേർക്കുക.

175. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 325(എ)-യുടെ വിശദീകരണത്തിൽ "അതിൻ" എന്നതിന് മുൻപ് "2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റ് (2003-ലെ 31-ാം ആക്റ്റ്)" എന്ന് ചേർക്കുക.

177. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 325(എ)-യുടെ വിശദീകരണത്തിൽ "അതിൻ" എന്നതിന് പകരം "എന്നിവയിൻ" എന്ന് ചേർക്കുക.

179. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 325(എ)-യുടെ വിശദീകരണത്തിൽ "ആക്റ്റിലും" എന്നതിന് പകരം "ആക്റ്റുകളിലും" എന്ന് ചേർക്കുക.

മി.സ്പീക്കർ: 166-ാം നമ്പർ ഭേദഗതി 165-ാം നമ്പർ ഭേദഗതിക്കും 169, 170, 171 എന്നീ നമ്പർ ഭേദഗതികൾ 168-ാം നമ്പർ ഭേദഗതിക്കും 174-ാം നമ്പർ ഭേദഗതി 173-ാം നമ്പർ ഭേദഗതിക്കും 176-ാം നമ്പർ ഭേദഗതി 175-ാം നമ്പർ ഭേദഗതിക്കും 178-ാം നമ്പർ ഭേദഗതി 177-ാം നമ്പർ ഭേദഗതിക്കും 180-ാം നമ്പർ ഭേദഗതി 179-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി

സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 173, 175, 177, 179 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

തികൂലിക്കുന്നവർ...........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>അഞ്ചാം വകുപ്പ്</u>

<u>ശ്രീമതി ഉമ തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

181. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(1 എ)-ൽ,

(i)"ചട്ടങ്ങളിലും" എന്നതിന് ശേഷം "1974-ലെ ജലമലിനീകരണ നിയന്ത്രണ ആക്റ്റിലും (1974-ലെ 6-ാം കേന്ദ്ര ആക്റ്റ്)" എന്നും

(ii) "അതിൻ" എന്നതിന് മുൻപായി "2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റ് (2003-ലെ 31-ാം കേന്ദ്ര ആക്റ്റ്)"എന്നും

(iii) "അതിൻ" എന്നതിന് പകരം "എന്നിവയിൻ"എന്നും ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

186. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(1എ)-ൽ "ഉത്തരവാദിത്വങ്ങളും" എന്ന് വരുന്നിടത്തെല്ലാം ആയതിന് പകരം "ഉത്തരവാദിത്തങ്ങളും"എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

188. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(1എ)യിൽ "അതിന്റെ" എന്നതിന് പകരം "പ്രസ്തുത"എന്ന് ചേർക്കുക.

207. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(1എഎ)യിൽ "കടമകൾ, ഉത്തരവാദിത്വങ്ങൾ, ചുമതലകൾ" എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "കടമകളും ഉത്തരവാദിത്വങ്ങളും ചുമതലകളും " എന്ന വാക്കുകൾ

ചേർക്കുക.

210. ഖണ്ഡം 5(iii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(3)-ൽ "ഏതെങ്കിലും ആൾവഴിയോ ഏജൻസി വഴിയോ കരാർ അടിസ്ഥാനത്തിലോ, അല്ലാതെയോ"എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "കരാർ അടിസ്ഥാനത്തിൽ ഏതെങ്കിലും ആൾ വഴിയോ ഏജൻസി വഴിയോ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

191. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(1 എ)-ൽ "സെക്രട്ടറി" എന്നതിനു മുൻപ് "ഭരണസമിതിയുടെ തീരുമാനപ്രകാരം"എന്ന് ചേർക്കുക.

217. ഖണ്ഡം 5(iii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(3)-ൽ "അല്ലാതെയോ" എന്നതിന് പകരം "നിർണ്ണയിക്കപ്പെടാവുന്ന മറ്റു മാർഗ്ഗങ്ങളിലൂടെയോ" എന്ന് ചേർക്കുക.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീമതി ഉമ തോമസ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

193. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(1 എ)-ൽ "സെക്രട്ടറി" എന്നതിനു ശേഷം "അല്ലെങ്കിൽ സെക്രട്ടറിയുടെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

619. ഖണ്ഡം 13 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 334 സി(3)-ൽ ഇനം (ഡി)ക്ക് ശേഷം താഴെപ്പറയുന്നവ (ഇ), (എഫ്) എന്നീ ഇനങ്ങളായി ചേർക്കുക:
" (ഇ) മാലിന്യ സംസ്കരണ പ്രവർത്തകരുടെ ചികിത്സാ

സഹായത്തിനും;
(എഫ്) മാലിന്യസംസ്കരണ പ്രവർത്തകരുടെ ഇൻഷ്വറൻസ് പരിരക്ഷക്കും;"

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

608. ഖണ്ഡം 13 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 334 സി(3)(എ)-ൽ " എന്നാൽ ഇതിൽ മാത്രം പരിമിതപ്പെടുത്താതെ," എന്ന വാക്കുകളും ചിഹ്നങ്ങളും ഒഴിവാക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

612. ഖണ്ഡം 13 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 334 സി(3)(എ)യിൽ " പരിമിതപ്പെടുത്താതെ" എന്നതിനു ശേഷം " നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

615. ഖണ്ഡം 13 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 334 സി(3)(ബി)ക്ക് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക:

" (സി) മാലിന്യസംസ്കരണത്തിനോ സംഭരണത്തിനോ ആവശ്യമായ ഭൂമി വാങ്ങുന്നതിനോ പാട്ടത്തിനെടുക്കുന്നതിനും;"

മി. സ്പീക്കർ: 602-ാം നമ്പർ ഭേദഗതി 601-ാം നമ്പർ ഭേദഗതിക്കും

609 മുതൽ 611 വരെയുള്ള ഭേദഗതികൾ 608-ാം നമ്പർ ഭേദഗതിക്കും 613-ാം നമ്പർ ഭേദഗതി 612-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 596, 604, 616 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 597, 600, 617 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 601-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 603, 605, 619 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 608-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 612-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 615-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാലാം വകുപ്പ്

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

622. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 335(1)-ൽ " വലിച്ചെറിയുകയോ" എന്നതിന് ശേഷം " ഒഴുക്കി വിടുകയോ" എന്ന് ചേർക്കുക.

624. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 335(1)-ൽ " വലിച്ചെറിയാനോ" എന്നതിന് ശേഷം

" ഒഴുക്കിവിടാനോ" എന്ന് ചേർക്കുക.

645. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 335 (3)-ൽ " പതിനഞ്ച് ദിവസത്തിനുള്ളിൽ" എന്നതിന് പകരം " പതിനഞ്ച് പ്രവർത്തി ദിവസത്തിനുള്ളിൽ" എന്ന് ചേർക്കുക.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

625. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 335(1)-ൽ " തള്ളാനോ" എന്നതിന് ശേഷം " നിക്ഷേപിക്കുവാനോ" എന്ന് ചേർക്കുക.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

627. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 335(1)ൽ" ഉത്തരവാദിത്വമായിരിക്കുന്നതാണ്." എന്നതിന് പകരം " ഉത്തരവാദിത്തമായിരിക്കുന്നതാണ്." എന്ന് ചേർക്കുക.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

633. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 335(2)-ൽ " ചുമതലപ്പെടുത്തിയ" എന്നതിന് പകരം " അധികാരപ്പെടുത്തിയ" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

646. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 335 (3)-ൽ “ അടയ്ക്കേണ്ടതും” എന്നതിന് പകരം “ ഒടുക്കേണ്ടതും” എന്നത് ചേർക്കുക.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

647. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 335 (3)-ൽ “ അടയ്ക്കുന്നതിൽ” എന്നതിന് പകരം “ ഒടുക്കുന്നതിൽ” എന്ന് ചേർക്കുക.

മി. സ്പീക്കർ: 628, 629 എന്നീ നമ്പർ ഭേദഗതികൾ 627-ാം നമ്പർ ഭേദഗതിക്കും 634 മുതൽ 636 വരെയുള്ള ഭേദഗതികൾ 633-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 622, 624, 645 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 625-ാം നമ്പർ ഭേദഗതി

സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 627-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 633-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 646-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 647-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനഞ്ചാം വകുപ്പ്</u>

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

649. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 337 (1)-ൽ" യാതൊരാളും" എന്നതിന് പകരം " ഏതൊരാളും" എന്ന് ചേർക്കുക.

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

650. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 337 (1)-ൽ " സിങ്ക്, ചാൽ" എന്നത് ഒഴിവാക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

652. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 337 (1)-ൽ " വ്യവസായ" എന്നതിന് പകരം " വ്യപാര - വ്യവസായ" എന്നത് ചേർക്കുക.

ശ്രീമതി ഉമ തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

654. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 337 (1)-ൽ " ഉപയോഗിച്ച വെള്ളം" എന്നതിന് പകരം " മലിനജലം" എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

656. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 337 (2)-ൽ " അയ്യായിരം" എന്നതിന് പകരം " ആയിരം" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

660. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 337 (2)-ൽ " അയ്യായിരം" എന്നതിന് പകരം " പ്രസ്തുത ലംഘനത്തിന്റെ തോതോ ഗൗരവമോ സ്വഭാവമോ അനുസരിച്ച് ആയിരം" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ഉമ തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

663. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കുവാനുദ്ദേശിക്കുന്ന വകുപ്പ് 337(3) താഴെപറയും പ്രകാരം മാറ്റുക.

" ഏതെങ്കിലും പൊതു റോഡിലേക്കോ ഓടയിലേക്കോ തെരുവിലേക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും പൊതുസ്ഥലത്തേക്കോ അല്ലെങ്കിൽ ജലാശയങ്ങളിലേക്കോ മലിനജലം ഒഴുക്കാൻ അനുവദിക്കുന്ന ഏതെങ്കിലും പൈപ്പോ ട്യൂബോ അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗ്ഗമോ അടയ്ക്കുവാനോ മൂടുവാനോ അല്ലെങ്കിൽ നീക്കം ചെയ്യുവാനോ സെക്രട്ടറിക്ക് രേഖാമൂലമുള്ള നോട്ടീസ് മുഖേന അത്തരം പരിസരത്തിന്റെ ഉടമയോടോ കൈവശക്കാരനോടോ നിർദ്ദേശിക്കാവുന്നതാണ്."

664. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന

വകുപ്പ് 337(4)-ൽ " ഏതൊരാളും" എന്ന വാക്കിന് ശേഷം വരുന്ന " നിർദ്ദേശം" എന്ന വാക്കിനു പകരം " നോട്ടീസ്" എന്ന വാക്ക് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

665. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 337(4)-ൽ " ഏഴ്" എന്നതിനു പകരം " മൂന്ന്" എന്ന് ചേർക്കുക.

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

666. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 337(4)-ൽ " ഈടാക്കേണ്ടതുമാണ്" എന്നതിന് പകരം " വസൂലാക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 655-ാം നമ്പർ ഭേദഗതി 654-ാം നമ്പർ ഭേദഗതിക്കും 657 മുതൽ 659 വരെയുള്ള ഭേദഗതികൾ 656-ാം നമ്പർ ഭേദഗതിക്കും 667 മുതൽ 669 വരെയുള്ള ഭേദഗതികൾ 666-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി.

രാജേഷ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച 649-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 650-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 652-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 654-ാം നമ്പർ ഭേദഗതിയും ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 663, 664 എന്നീ നമ്പർ ഭേദഗതികളും സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 656-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 660-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 665 നമ്പർ ഭേദഗതി സഭ

നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 666-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാറാം വകുപ്പ്

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

670. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340(1)-ൽ " ഇടുന്നതിനുവേണ്ടി" എന്നതിന് പകരം " നിക്ഷേപിക്കുന്നതിനുവേണ്ടി" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

671. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340(1)-ൽ " ഉദ്ദേശിക്കപ്പെട്ട" എന്നതിന് പകരം " നിർദ്ദേശിക്കപ്പെട്ട" എന്ന് ചേർക്കുക.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

672. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340(1)-ൽ " ഉദ്ദേശിക്കപ്പെട്ട" എന്നതിന് പകരം " സെക്രട്ടറി പൊതു നോട്ടീസിലൂടെ നിർദ്ദേശിച്ച പ്രകാരമുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

674. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340(1)-ൽ " യാതൊരാളും" എന്നതിന് പകരം " ഏതൊരാളും" എന്ന് ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

675. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340(1)-ൽ " കത്തിക്കുകയോ" എന്നതിന് ശേഷം " ഒഴുക്കിവിടുകയോ" എന്ന് ചേർക്കുക.

682. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340(2)-ൽ " കത്തിക്കുകയോ" എന്നതിന് ശേഷം

“ ഒഴുക്കിവിടുകയോ” എന്ന് ചേർക്കുക.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

680. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340(2)-ൽ “ വലിച്ചെറിയുകയോ വലിച്ചെറിഞ്ഞ് വൃത്തികേടാക്കുകയോ” എന്നത് ഒഴിവാക്കുക.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

681. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340(2)-ൽ “ വലിച്ചെറിയുകയോ വലിച്ചെറിഞ്ഞ് വൃത്തികേടാക്കുകയോ തള്ളുകയോ” എന്നതിന് പകരം “ നിക്ഷേപിക്കുകയോ” എന്ന് ചേർക്കുക.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

683. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340(2)-ൽ “ അല്ലെങ്കിൽ അത്തരം പ്രവർത്തി ചെയ്യുന്നതിന് കാരണമാവുകയോ” എന്നത് ഒഴിവാക്കുക.

704. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340(4)-ൽ “ പ്രോസിക്യൂഷൻ” എന്നതിനു പകരം “ നിയമ” എന്ന് ചേർക്കുക.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ഉമ തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

687. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340(2)-ൽ " പ്രവർത്തി" എന്നതിന് പകരം " പ്രവൃത്തി" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

690. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340(3)-ൽ " അധികാരപ്പെടുത്തിയ" എന്നതിന് പകരം " ചുമതലപ്പെടുത്തിയ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 673-ാം നമ്പർ ഭേദഗതി 672-ാം നമ്പർ ഭേദഗതിക്കും 684 മുതൽ 686 വരെയുള്ള ഭേദഗതികൾ 683-ാം നമ്പർ ഭേദഗതിക്കും 691 മുതൽ 693 വരെയുള്ള ഭേദഗതികൾ 690-ാം നമ്പർ ഭേദഗതിക്കും 705 മുതൽ 707 വരെയുള്ള ഭേദഗതികൾ 704-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

"ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340(1)-ൽ " പ്രവർത്തികൾ" എന്നതിനുപകരം " പ്രവൃത്തികൾ" എന്ന് ചേർക്കുക. "

സർ, ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 687-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 687-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ച 670-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 671-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 672-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച 674-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 675, 682 എന്നീ നമ്പർ

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല അവതരിപ്പിച്ച 680-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 681-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 683, 704 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 687-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 690-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനേഴാം വകുപ്പ്

ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

708. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340 എ(1)-ൽ "യാതൊരാളും" എന്നതിനു പകരം "ഏതൊരാളും" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

712. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340 എ(3)-ൽ "ഏതൊരാളും" എന്നതിന് പകരം "യാതൊരാളും" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

713. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340 എ(3)-ൽ "ഏതൊരാളും" എന്നതിന് പകരം

" ഏതൊരാളെയും" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

714. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 340 എ(3)-ൽ " പതിനായിരം" എന്നതിന് പകരം " ആയിരം" എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

722. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340 എ(3)-ൽ "ഒരു വർഷത്തിൽ " എന്നതിന് പകരം "ആറു മാസത്തിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 715 മുതൽ 717 വരെയുള്ള ഭേദഗതികൾ 714-ാം നമ്പർ ഭേദഗതിക്കും 723 മുതൽ 725 വരെയുള്ള ഭേദഗതികൾ 722-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച 708-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 712-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 713-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 714-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 722-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനെട്ടാം വകുപ്പ്</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

727. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340 ബി(1)-ൽ "ഈ അദ്ധ്യായത്തിന് " എന്നതിന് പകരം "ഇതിനു" എന്ന് ചേർക്കുക.

743. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340 ബി(4)-ൽ “ സെക്രട്ടറി” എന്ന് വരുന്നിടത്തെല്ലാം ആയത് ഒഴിവാക്കുക.

749. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340 ബി(5)-ൽ “ തുക” എന്നതിന് ശേഷം “ 334 സി വകുപ്പ് പ്രകാരം രൂപീകരിച്ച” എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

728. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340 ബി(1)-ൽ "കുറ്റകൃത്യം" എന്നതിന് ശേഷം "ചെയ്തതോ" എന്നത് ചേർക്കുക.

744. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340 ബി(4)-ൽ “ സെക്രട്ടറി നീക്കം ചെയ്യേണ്ടതും” എന്നതിന് പകരം “ നീക്കം ചെയ്യുന്നതിന് സെക്രട്ടറി വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതും” എന്നത് ചേർക്കുക.

<u>ശ്രീ. സി. എച്ച് കുഞ്ഞമ്പു</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

729. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന

വകുപ്പ് 340 ബി(1)-ൽ "അപ്രകാരം നിക്ഷേപിക്കുന്നതിന് ഉപയോഗിച്ചതിനുശേഷം " എന്നതിന് പകരം "അപ്രകാരമുള്ള കുറ്റകൃത്യം നടത്തിയതിനുശേഷം" എന്നത് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

733. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340 ബി(2)-ൽ " കണ്ടുകെട്ടാവുന്നതും, അല്ലാത്തപക്ഷം, ആയത് വിട്ടു നൽകേണ്ടതുമാണ്" എന്നതിന് പകരം " കണ്ടുകെട്ടാവുന്നതാണ്" എന്നത് ചേർക്കുക.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ഉമ തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

737. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340 ബി(3)(ii)-ൽ " വ്യക്തമാക്കിയിട്ടുള്ള" എന്നതിന് ശേഷം വരുന്ന " ന്യായമായ" എന്നത് ഒഴിവാക്കുക.

742. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340 ബി(3)(ii)-ൽ " അവസരം" എന്ന വാക്കിന് മുമ്പായി " ഒരു" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

745. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340 ബി(4)-ൽ " സെക്രട്ടറി നീക്കം ചെയ്യേണ്ടതും" എന്നതിന് പകരം " നീക്കം ചെയ്യുന്നതിന് സെക്രട്ടറി നടപടി

സ്വീകരിക്കേണ്ടതും”  എന്നത് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

746. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340 ബി(4)-ൽ “ അയ്യായിരം രൂപയിൽ കവിയാത്ത പിഴയും”  എന്ന വാക്കുകൾ ഒഴിവാക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

750. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340 ബി(5)-ൽ “ വരവു വയ്ക്കേണ്ടതുമാണ് എന്നതിന് പകരം “ മുതൽ കൂട്ടേണ്ടതുമാണ് ” എന്നത് ചേർക്കുക.

മി. സ്പീക്കർ: 734 മുതൽ 736 വരെയുള്ള ഭേദഗതികൾ 733-ാം നമ്പർ ഭേദഗതിക്കും 751 മുതൽ 753 വരെയുള്ള ഭേദഗതികൾ 750-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാലും 748-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യേണ്ടതാകയാൽ ക്രമപ്രകാരമല്ലാത്തതിനാലും അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 745-ാം നമ്പർ

ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 745-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 727, 743, 749 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 728, 744 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 729-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 733-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 737, 742 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 746-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 750-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പത്തൊമ്പതാം വകുപ്പ്</u>

(ഭേദഗതികളില്ല)

പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചിരിക്കുന്നു.

പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപതാം വകുപ്പ്

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ഉമ തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

754. ഖണ്ഡം 20 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 345 എ(1)(ii)-ൽ "ന്യായമായ" എന്നത് ഒഴിവാക്കുക.

759. ഖണ്ഡം 20 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 345 എ(1)(ii)-ൽ "പറയുവാൻ" എന്നതിന് ശേഷം "ന്യായമായ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

760. ഖണ്ഡം 20 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 345 എ(2)-ൽ "മാലിന്യത്തിന്റെ" എന്നതിന് ശേഷം "തരം," എന്ന വാക്കും ചിഹ്നവും ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

761. ഖണ്ഡം 20 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്

345 എ(2)-ൽ "ഹോട്ടൽ" എന്നതിന് ശേഷം "റസ്റ്റോറന്റ്," എന്നും "വ്യവസായം" എന്നതിന് ശേഷം "ആശുപത്രി അല്ലെങ്കിൽ" എന്നും ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

762. ഖണ്ഡം 20 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 345 എ(2)-ൽ "വലുപ്പം" എന്നതിന് പകരം "വലിപ്പം" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 754, 759 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 760-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 761-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 762-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപതാം അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിയൊന്നാം വകുപ്പ്</u>

(ഭേദഗതികളില്ല)

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

768. ഖണ്ഡം 22(i) പ്രകാരം പ്രധാന ആക്റ്റിൽ പുതിയതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 565(2)(ഡബ്ല്യൂ)-ൽ “ ശുചിത്വ” എന്നതിന് പകരം “ ശുചിമുറി” എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

773. ഖണ്ഡം 22 (ii) ൽ "പതിനായിരം " എന്നതിന് പകരം "രണ്ടായിരം" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 768-ാം നമ്പർ

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 773-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ഇരുപത്തിമൂന്നാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

778. ഖണ്ഡം 23(i)-ൽ " ഇരുനൂറ്" എന്നതിന് പകരം " ഇരുന്നൂറ്" എന്ന് ചേർക്കുക.

779. ഖണ്ഡം 23(ii)-ൽ " ഇരുനൂറ്" എന്നതിന് പകരം " ഇരുന്നൂറ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 774, 775, 776 എന്നീ നമ്പർ ഭേദഗതികൾ ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 778, 779 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ഇരുപത്തിനാലാം വകുപ്പ്

മി. സ്പീക്കർ: ഭേദഗതികൾ അവതരിപ്പിച്ചില്ല.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ്

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

785. ഖണ്ഡം 25(ii)(എ)-ൽ " സൂക്ഷിക്കാനുള്ള ഉത്തരവാദിത്വം" എന്നതിന് പകരം " സൂക്ഷിക്കാതിരിക്കൽ" എന്നത് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

786. ഖണ്ഡം 25(ii)(എ)-ൽ " ഉത്തരവാദിത്വം" എന്നതിന് പകരം " ഉത്തരവാദിത്തം ലംഘിക്കുന്നതിന് " എന്ന് ചേർക്കുക.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ഉമ തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

787. ഖണ്ഡം 25(ii)(എ)-ൽ " ഉത്തരവാദിത്വം" എന്നതിന് പകരം " ഉത്തരവാദിത്തം" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

792. ഖണ്ഡം 25(ii) (ബി)-ൽ " പതിനായിരം " എന്നതിന് പകരം " അയ്യായിരം" എന്ന് ചേർക്കുക.

799. ഖണ്ഡം 25(v)-ൽ " പതിനായിരം" എന്നതിന് പകരം " അയ്യായിരം" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

795. ഖണ്ഡം 25(iv)-ൽ " അയ്യായിരം" എന്നതിന് പകരം " അഞ്ഞൂറ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 793, 794 എന്നീ നമ്പർ ഭേദഗതികൾ 792-ാം നമ്പർ ഭേദഗതിക്കും 796, 797, 798 എന്നീ നമ്പർ ഭേദഗതികൾ 795-ാം നമ്പർ ഭേദഗതിക്കും 800 മുതൽ 805-ാം നമ്പർ ഭേദഗതികൾ 799-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 785-ാം നമ്പർ

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 786-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 787-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 792, 799 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 795-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ഇരുപത്തിയാറാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

806. ഖണ്ഡം 26(2)-ൽ "കാര്യമോ" എന്നതിന് ശേഷം "കാര്യങ്ങളോ" എന്ന് ചേർക്കുക.

807. ഖണ്ഡം 26(2)-ൽ "നടപടിയോ" എന്നതിന് ശേഷം "നടപടികളോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 806, 807 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. കെ. പി. എ. മജീദ്: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

109. ദീർഘശീർഷകത്തിൽ " വീണ്ടും" എന്നത് ഒഴിവാക്കുക.

139. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക.
" (2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്."

ഡോ. എൻ. ജയരാജ്: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

114. പീഠികയിൽ " ആക്റ്റ്" എന്നതിനു ശേഷം "(1994-ലെ 20)" എന്ന് ചേർക്കുക.

ശ്രീമതി ഉമ തോമസ്: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

117. പീഠികയിൽ " ഇതിനുശേഷം കാണുന്ന" എന്നതിന് പകരം "താഴെപ്പറയുന്ന" എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

122. പീഠികയിൽ " ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി" എന്നതിനു പകരം " ഇനി പരാമർശിക്കുന്ന കാര്യങ്ങൾക്കായി"

എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

125. പീഠികയിൽ " വീണ്ടും" എന്നത് ഒഴിവാക്കുക.

136. ഖണ്ഡം 1(2)ൽ, " തീയതി" എന്നതിന് ശേഷം " മുതൽ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

130. പീഠികയിൽ " യുക്തമായിരിക്കുകയാലും" എന്നതിനു പകരം " യുക്തമായിരിക്കുകയാൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 110, 111, 112 എന്നീ നമ്പർ ഭേദഗതികൾ 109-ാം നമ്പർ ഭേദഗതിക്കും 118 മുതൽ 121 വരെയുള്ള ഭേദഗതികൾ 117-ാം നമ്പർ ഭേദഗതിക്കും 126, 127, 128 എന്നീ നമ്പർ ഭേദഗതികൾ 125-ാം നമ്പർ ഭേദഗതിക്കും 135, 137, 138 എന്നീ നമ്പർ ഭേദഗതികൾ 136-ാം നമ്പർ ഭേദഗതിക്കും 140, 141, 142 വരെയുള്ള ഭേദഗതികൾ 139-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്):

സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 109, 139 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 125, 136 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു

ബിൽ പാസ്സാക്കിയിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ
കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

162 എ. ഖണ്ഡം 2-ൽ "മാലിന്യസംസ്കരണം" എന്നതിനുപകരം "മാലിന്യസംസ്കരണം, പരിസ്ഥിതി സംരക്ഷണം" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 162 എ നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

170. ഖണ്ഡം 3-ൽ " മാലിന്യസംസ്കരണവും" എന്നതിനുപകരം " മാലിന്യ ശേഖരണവും സംസ്കരണവും" എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

174. ഖണ്ഡം 3-ൽ " മാലിന്യസംസ്കരണം" എന്നതിന് പകരം " പരിസ്ഥിതി സൗഹൃദ മാലിന്യസംസ്കരണം" എന്ന് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

175. ഖണ്ഡം 3-ൽ " മാലിന്യസംസ്കരണവും" എന്നതിന് പകരം " പൊതുജനാരോഗ്യവും മാലിന്യസംസ്കരണവും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 171-ാം നമ്പർ ഭേദഗതി 170-ാം ഭേദഗതിക്ക്

തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

189. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ൽ " യാതൊരാളും" എന്ന വാക്കിനു പകരം " ഏതൊരാളും" എന്ന് ചേർക്കുക.

219. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ൽ " സ്ഥലത്ത്" എന്നതിന് ശേഷം " ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യുന്ന" എന്ന് ചേർക്കുക.

233. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ൽ " ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന" എന്നതിന് പകരം " സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

191. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ൽ " യാതൊരാളും" എന്നതിന് പകരം " ഏതൊരു വ്യക്തിയും" എന്ന് ചേർക്കുക.

218. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ൽ " ലൈസൻസില്ലാത്ത" എന്നതിന് പകരം " അനുമതിയില്ലാത്ത" എന്ന് ചേർക്കുക. 220. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ൽ " ആളുകളുടെ" എന്നതിന് പകരം " ആളുകൾ ചേർന്ന" എന്ന് ചേർക്കുക.

220. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ൽ " ആളുകളുടെ" എന്നതിന് പകരം " ആളുകൾ ചേർന്ന" എന്ന് ചേർക്കുക.

225. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ൽ " ഒത്തു ചേരലോ" എന്നതിന് പകരം " കൂടിച്ചേരലോ" എന്ന് ചേർക്കുക.227. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ൽ " സംഘാടകനോ" എന്നതിന് പകരം " സംഘാടകരോ" എന്ന് ചേർക്കുക.

227. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ൽ " സംഘാടകനോ" എന്നതിന് പകരം " സംഘാടകരോ" എന്ന് ചേർക്കുക.

232. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ൽ " ഗ്രാമപഞ്ചായത്ത്" എന്നതിന് ശേഷം " അതതു സമയം" എന്ന് ചേർക്കുക.

234. ഖണ്ഡം 4(ii)പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)ൽ "നിശ്ചയിക്കുന്ന" എന്നതിന് ശേഷം "നിരക്കിലുള്ള" എന്ന് ചേർക്കുക.

239. ഖണ്ഡം 4(ii)പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)ൽ "ശേഖരിക്കുന്നവർക്കോ" എന്നതിന് ശേഷം "അല്ലെങ്കിൽ" എന്ന് ചേർക്കുക.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

193. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ൽ " മൂന്ന് " എന്നതിന് പകരം " രണ്ട്" എന്ന് ചേർക്കുക.

248. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ന്റെ ക്ലിപ്തനിബന്ധനയിൽ " നിർദ്ദേശിക്കും പ്രകാരം" എന്നതിന് പകരം " ആവശ്യപ്പെടും പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

198. ഖണ്ഡം 4(ii) പ്രകാരം, പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ൽ, " മൂന്ന്" എന്ന വാക്കിന് പകരം " നാല്" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

199. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ൽ, " മൂന്ന്" എന്ന വാക്കിന് പകരം " അഞ്ച്" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

200. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ൽ, " മൂന്ന്" എന്ന വാക്കിന് പകരം " ആറ്" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

202. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ൽ, " മൂന്ന്" എന്ന വാക്കിന് പകരം " എട്ട്" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

203. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ൽ, " മൂന്ന്" എന്ന വാക്കിന് പകരം " ഒൻപത്" എന്ന വാക്ക് ചേർക്കുക.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ഉമ തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

205. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ൽ, " ദിവസം" എന്നതിന് പകരം " ദിവസങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

214. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219(2)ൽ, " ഗ്രാമ പഞ്ചായത്തിനെ" എന്നതിന് ശേഷം " രേഖാമൂലം" എന്നത് ചേർക്കുക.

266. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ന്റെ വിശദീകരണം 2-ൽ, " എന്നാൽ" എന്നതിന് ശേഷം " 1974-ലെ ജലമലിനീകരണ നിയന്ത്രണ ആക്റ്റിലും (1974-ലെ 6-ാം കേന്ദ്ര ആക്റ്റ്)" എന്നതും " അതിൻ" എന്നതിന് മുൻപായി " 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റ് (2003-ലെ 31-ാം ആക്റ്റ്)" എന്നതും " അതിൻ" എന്നതിന് പകരം " എന്നിവയിൻ" എന്നതും " ആക്റ്റിലും" എന്നതിന് പകരം " ആക്റ്റുകളിലും" എന്നത് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

216. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ൽ " പഞ്ചായത്തിനെ അറിയിക്കാതെ" എന്നതിന് പകരം " പഞ്ചായത്തിന്റെ മുൻകൂർ അനുമതിയില്ലാതെ" എന്ന് ചേർക്കുക.

ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

221. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ൽ " ആളുകളുടെ ഒരു" എന്നതിന് പകരം " ആളുകൾ പങ്കെടുക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

228. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ൽ " വേർതിരിക്കുന്നുവെന്ന്" എന്നതിന് പകരം

“ വേർതിരിച്ച് സൂക്ഷിക്കുന്നുവെന്ന്” എന്ന് ചേർക്കുക.

235. ഖണ്ഡം 4(ii)പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)ൽ, "ഫീസ് നൽകി ഗ്രാമപഞ്ചായത്ത് " എന്നതിനു ശേഷം "രേഖാമൂലം " എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

240. ഖണ്ഡം 4(ii)പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)ന്റെ ക്ലിപ്തനിബന്ധനയിലെ "യഥാർത്ഥ" എന്ന വാക്ക് ഒഴിവാക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

245. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ന്റെ ക്ലിപ്തനിബന്ധനയിൽ “ നിരക്കാകാൻ” എന്നതിന് പകരം “ നിരക്കിലുള്ളതാകാൻ” എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

251. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ന്റെ ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക;
“ എന്നാൽ, ഇപ്രകാരമുള്ള പരിപാടിയ്ക്കും ഒത്തുചേരലിനും ശേഷം ഏറ്റവും അടുത്ത ദിവസം തന്നെ ഗ്രാമപഞ്ചായത്ത് ഈ മാലിന്യം നീക്കം ചെയ്യേണ്ടതാണ്.”

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

258. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ന്റെ വിശദീകരണം 1-ൽ " ഗതാഗതം" എന്നതിന് പകരം " കൊണ്ടുപോകൽ" എന്ന് ചേർക്കുക.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

267. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ന്റെ വിശദീകരണം 2-ൽ, " പ്രസ്തുത" എന്നതിന് പകരം " ഈ" എന്ന് ചേർക്കുക.

ശ്രീമതി ദെലീമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

269. ഖണ്ഡം 4(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219(2)-ന്റെ വിശദീകരണം 2-ൽ, " ആക്റ്റിലും" എന്ന വാക്കിന് ശേഷം " ഇതു സംബന്ധിച്ച്" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: 176 മുതൽ 186 വരെയുള്ള ഭേദഗതികൾ മാർജിനൽ ശീർഷകത്തിലാകയാൽ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല. 190-ാം നമ്പർ ഭേദഗതി 189-ാം നമ്പർ ഭേദഗതിക്കും 194 മുതൽ 197 വരെ 193-ാം നമ്പർ ഭേദഗതിക്കും 215-ാം

നമ്പർ ഭേദഗതി 214-ാം നമ്പർ ഭേദഗതിക്കും 216-ാം നമ്പർ ഭേദഗതി 217-ാം നമ്പർ ഭേദഗതിക്കും 229-ാം നമ്പർ ഭേദഗതി 228-ാം നമ്പർ ഭേദഗതിക്കും 236-ാം നമ്പർ ഭേദഗതി 235-ാം നമ്പർ ഭേദഗതിക്കും 241, 242, 243 എന്നീ നമ്പർ ഭേദഗതികൾ 240-ാം നമ്പർ ഭേദഗതിക്കും 265-ാം നമ്പർ ഭേദഗതി 266-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 189, 219, 233 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 191, 218, 220, 225, 227, 232, 234, 239 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 193, 248 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 205-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 214, 266 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച 221-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 228, 235 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 240-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 245-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 267-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 269-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## അഞ്ചാം വകുപ്പ്

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

270. ഖണ്ഡം 5(i)-ൽ " (4)" എന്നതിനു ശേഷം " (5)" എന്നത് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

283. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ (2)ൽ, " അതിന്റെ" എന്നതിന് പകരം " പ്രസ്തുത" എന്ന് ചേർക്കുക.

303. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(3)ൽ, " എന്നിവ അവരെക്കൊണ്ട് കൃത്യമായി നിർവ്വഹിപ്പിക്കേണ്ടതുമാണ്" എന്നതിന് പകരം " അവർ കൃത്യമായി നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്" എന്ന് ചേർക്കുക.

364. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എ (7)-ൽ " ഏതെങ്കിലും ആൾ വഴിയോ ഏജൻസി വഴിയോ കരാർ അടിസ്ഥാനത്തിലോ അല്ലാതെയോ" എന്നതിന് പകരം " കരാർ അടിസ്ഥാനത്തിൽ ഏതെങ്കിലും ആൾ വഴിയോ ഏജൻസി വഴിയോ" എന്ന് ചേർക്കുക.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ഉമ തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

289. ഖണ്ഡം 5(i) പ്രകാരം, പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(2)-ൽ, " സെക്രട്ടറി" എന്നതിനു ശേഷം " അല്ലെങ്കിൽ സെക്രട്ടറിയുടെ ചാർജ് വഹിക്കുന്ന മറ്റൊരുദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

296. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ (3)ൽ " ശുചിത്വം" എന്നതിന് പകരം " ശുചീകരണം" എന്ന് ചേർക്കുക.

318. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(4)-ൽ " നിയോജകമണ്ഡലത്തിന്റെ" എന്നതിന് പകരം " വാർഡിന്റെ" എന്ന് ചേർക്കുക.

351. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ (5)-നു ശേഷം, താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

" എന്നാൽ അപ്രകാരം നടപടി സ്വീകരിക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകേണ്ടതാണ്."

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

295. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ (3)ൽ " രേഖാമൂലമുള്ള ഉത്തരവ് മുഖേന" എന്നതിന് പകരം " രേഖാമൂലം" എന്ന് ചേർക്കുക.

304. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(3)ൽ, " അവരെക്കൊണ്ട് കൃത്യമായി നിർവ്വഹിപ്പിക്കേണ്ടതുമാണ്" എന്നതിന് പകരം " അവർ കൃത്യമായി നിർവ്വഹിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

352. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ (5)-ന ശേഷം, താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

" എന്നാൽ അത്തരം ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനു മുൻപായി സെക്രട്ടറിയ്ക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകേണ്ടതാണ്.

"

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

297. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ (3)ൽ " എന്നിവയുടെ ചുമതലയുള്ള" എന്നതിന് ശേഷം " അതത് ഗ്രാമ പഞ്ചായത്തിലെ" എന്ന് ചേർക്കുക.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

300. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(3)ൽ, " അടിസ്ഥാനത്തിൽ" എന്നതിനു ശേഷം " ബന്ധപ്പെട്ട സർവീസ് ചട്ടങ്ങൾക്ക് വിരുദ്ധമാകാതെ" എന്ന് ചേർക്കുക.

394. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എ(8)-ൽ, "മറ്റു വിധത്തിലോ" എന്നതിന് പകരം "നിർണയിക്കപ്പെടാവുന്ന മറ്റു മാർഗ്ഗങ്ങളിലൂടെയോ" എന്ന് ചേർക്കുക.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

302. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(3)ൽ, " ഏൽപ്പിച്ച് നൽകാവുന്നതും" എന്നതിന് പകരം " ചുമതലപ്പെടുത്താവുന്നതും" എന്ന് ചേർക്കുക.

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

305. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(3)-ൽ " അവരെക്കൊണ്ട് കൃത്യമായി നിർവ്വഹിപ്പിക്കേണ്ടതുമാണ്" എന്നതിന് പകരം " അവരുടെ കൃത്യനിർവ്വഹണം ഉറപ്പുവരുത്തേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

306. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന

വകുപ്പ് 219 എ(3)-ൽ " അവരെക്കൊണ്ട് കൃത്യമായി നിർവ്വഹിപ്പിക്കേണ്ടതുമാണ്" എന്നതിനു പകരം " അവർ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്" എന്ന് ചേർക്കുക.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

308. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(4) ഒഴിവാക്കുക.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

320. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(4)-ൽ " നിയോജകമണ്ഡലത്തിന്റെ" എന്നതിന് പകരം " വാർഡ്" എന്നത് ചേർക്കുക.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

321. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(4)-ൽ " നിയോജകമണ്ഡലത്തിന്റെ" എന്നതിന് പകരം " ഗ്രാമപഞ്ചായത്ത് വാർഡിൽ" എന്ന് ചേർക്കുക.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

323. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(4)-ൽ " നിന്നുള്ള" എന്നതിന് പകരം " ഉത്പാദിപ്പിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

324. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(4)-ൽ, " ചപ്പുചവറുകളും മറ്റ് മാലിന്യങ്ങളും" എന്നതിന് പകരം " ഖരമാലിന്യം ഉൾപ്പെടെ വിവിധ ഇനത്തിലുള്ള മുഴുവൻ മാലിന്യങ്ങളും" എന്നത് ചേർക്കുക.

408. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(8)-ൽ " ഗണ്യമായ ചെലവു വരുന്ന ഏതെങ്കിലും" എന്നതിന് പകരം " അനുയോജ്യമായ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

326. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(4)-ൽ, " മറ്റ് മാലിന്യങ്ങളും" എന്നതിന് ശേഷം " വേർതിരിക്കുകയും, ശേഖരിക്കുകയും, സംഭരിക്കുകയും, സംസ്കരിക്കുകയും ചെയ്യുന്ന" എന്ന് ചേർക്കുക.

329. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(4)-ൽ, " ശേഖരിച്ച്

നീക്കംചെയ്യുന്ന" എന്നത് ഒഴിവാക്കുക.

388. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എ(8)-ൽ " ശേഖരിക്കുകയും" എന്ന് വരുന്നിടത്തെല്ലാം അതിന് ശേഷം " സംഭരിക്കുകയും" എന്ന് ചേർക്കുക.

417. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(9)-ൽ, " കൈവശത്തിലുള്ളതുമായ" എന്നതിന് പകരം " കൈവശത്തിലുള്ളതും എന്നാൽ മറ്റേതെങ്കിലും വികസന ആവശ്യത്തിന് മാറ്റി വയ്ക്കാൻ തീരുമാനിച്ചിട്ടില്ലാത്തതുമായ" എന്ന് ചേർക്കുക.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

336. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(5)-ൽ " തന്മൂലം" എന്ന വാക്കിന് ശേഷം " തന്റെ ചുമതലയിലുള്ള ഗ്രാമപഞ്ചായത്തിന്റെ" എന്നത് ചേർക്കുക.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

337. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(5)-ൽ " മലിനീകരണവും" എന്നതിന് ശേഷം " പൊതുജനാരോഗ്യ പ്രശ്നങ്ങളും" എന്ന് ചേർക്കുക.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

338. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(5)-ൽ " ചെയ്യുന്നപക്ഷം" എന്നതിന് മുമ്പായി " ചെയ്യുതായി ഭരണ സമിതിക്ക് ബോദ്ധ്യപ്പെടുകയോ ക്ഷമതയുള്ള ഏതെങ്കിലും ഏജൻസി കണ്ടെത്തുകയോ" എന്നത് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

342. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(5)-ൽ " ഗ്രാമപഞ്ചായത്തിനോ സർക്കാരിനോ" എന്നതിന് പകരം " ഗ്രാമപഞ്ചായത്തിന്റെ ശിപാർശ പ്രകാരം സർക്കാരിന്" എന്നത് ചേർക്കുക.

349. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ (5)-ൽ, " ശിക്ഷണ നടപടികൾ" എന്നതിന് പകരം " ശിക്ഷാ നടപടികൾ" എന്ന് ചേർക്കുക.

353. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ (5)-ന ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.
" എന്നാൽ, ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് മുൻപ് സെക്രട്ടറിയ്ക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകേണ്ടതാണ്."

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

344. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(5)-ൽ " കർത്തവ്യ"

എന്ന വാക്കിന് പകരം “ ഔദ്യോഗിക ജോലി” എന്ന് ചേർക്കുക.

379. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(8)-ൽ “ തത്സമയം” എന്നതിന് പകരം “ നിലവിൽ” എന്ന് ചേർക്കുക.

414. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എ(9)-ൽ, “ വ്യക്തമാക്കിയിട്ടുള്ള” എന്നതിന് ശേഷം “ മാലിന്യസംസ്കരണ” എന്ന് ചേർക്കുക.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

360. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എ(7)-ൽ “ ഏതെങ്കിലും” എന്നതിന് മുമ്പായി “ അധികാരപ്പെടുത്തിയ” എന്ന് ചേർക്കുക.

385. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എ(8)-ൽ “ ബോദ്ധ്യപ്പെടുന്നപക്ഷം” എന്നതിന് പകരം “ തോന്നുന്നപക്ഷം” എന്ന് ചേർക്കുക.

420. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എ(9)-ൽ, “ ഏതെങ്കിലും” എന്നത് ഒഴിവാക്കുക.

<u>ശ്രീ. എം. എം. മണി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

369. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന

വകുപ്പ് 219 എ (7)ൽ " ചട്ടങ്ങളിലോ ഉള്ള" എന്നതിനു പകരം " ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള" എന്ന് ചേർക്കുക.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

370. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ (7)ൽ " ഉള്ള" എന്നതിന് പകരം " വ്യവസ്ഥ ചെയ്തിട്ടുള്ള" എന്ന് ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

375. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ (7)ൽ " മുഴുവനായോ ഭാഗികമായോ" എന്നതിന് പകരം " കരാർ വ്യവസ്ഥകൾക്കനുസരിച്ച്" എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

391. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(8)-ൽ " കൈയൊഴിക്കുകയും" എന്നു വരുന്നിടത്തെല്ലാം " കയ്യൊഴിക്കുകയും" എന്നത് ചേർക്കുക.

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

395. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(8)-ൽ, "ചെയ്യാവുന്നതും" എന്നതിന് പകരം "ഏർപ്പെടുത്താവുന്നതും" എന്ന് ചേർക്കുക.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

407. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(8)-ൽ " ഗണ്യമായ ചെലവ്" എന്നതിന് പകരം " നിശ്ചിതചെലവ്" എന്ന് ചേർക്കുക.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

410. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(8)-ൽ " വരുന്ന" എന്ന വാക്കിന് ശേഷം " പക്ഷം" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

428. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(9)-ൽ " ഏറ്റെടുക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്" എന്നതിന് പകരം " ഏറ്റെടുക്കാവുന്നതാണ് " എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 301-ാം നമ്പർ ഭേദഗതി 300-ാം നമ്പർ ഭേദഗതിക്കും

317, 319 എന്നീ നമ്പർ ഭേദഗതികൾ 318-ാം നമ്പർ ഭേദഗതിക്കും 325-ാം നമ്പർ ഭേദഗതി 324-ാം നമ്പർ ഭേദഗതിക്കും 338-ാം നമ്പർ ഭേദഗതി 339-ാം നമ്പർ ഭേദഗതിക്കും 345 മുതൽ 347 വരെയുള്ള ഭേദഗതികൾ 344-ാം നമ്പർ ഭേദഗതിക്കും 350-ാം നമ്പർ ഭേദഗതി 349-ാം നമ്പർ ഭേദഗതിക്കും 361 മുതൽ 363 വരെയുള്ള ഭേദഗതികൾ 360-ാം നമ്പർ ഭേദഗതിക്കും 378 മുതൽ 381 വരെയുള്ള ഭേദഗതികൾ 379-ാം നമ്പർ ഭേദഗതിക്കും 382 മുതൽ 384 വരെയുള്ള ഭേദഗതികൾ 385-ാം നമ്പർ ഭേദഗതിക്കും 393-ാം നമ്പർ ഭേദഗതി 394-ാം നമ്പർ ഭേദഗതിക്കും 396-ാം നമ്പർ ഭേദഗതി 395-ാം നമ്പർ ഭേദഗതിക്കും 409-ാം നമ്പർ ഭേദഗതി 408-ാം നമ്പർ ഭേദഗതിക്കും 411 മുതൽ 413 വരെയുള്ള ഭേദഗതികൾ 414-ാം നമ്പർ ഭേദഗതിക്കും 418, 419, 421 എന്നീ നമ്പർ ഭേദഗതികൾ 420-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 270-ാം നമ്പർ

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 283, 303, 364 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 289, 296, 318, 351 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 295, 304, 352 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 297-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 300, 394 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 302-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി. കാനത്തിൽ ജമീല അവതരിപ്പിച്ച 305-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 306-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 320-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 321-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 323-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 324, 408 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 326, 329, 388, 417 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ച 336-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 337-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 338-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 342, 349, 353 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 344, 379, 414 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 360, 385, 420 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി.ടി.എ. റഹീം അവതരിപ്പിച്ച 370-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 375-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 391-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 395-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 407-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 410-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 428-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ആറാം വകുപ്പ്</u>

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

430. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഎ(1)-ൽ " അതിനു" എന്നതിന് പകരം " അതിൻ" എന്ന് ചേർക്കുക.

433. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഎ(1)-ൽ " ഖരമാലിന്യ" എന്നതിന് പകരം " മാലിന്യ" എന്ന് ചേർക്കുക.

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

431. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഎ(1)-ൽ " അതിനു" എന്നതിന് പകരം " ആയതിനു" എന്ന് ചേർക്കുക.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ഉമ തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

435. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഎ(1)-ൽ " സർക്കാർ" എന്നതിന് ശേഷം " കാലാകാലങ്ങളിൽ" എന്ന് ചേർക്കുക.

454. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എഎ (2)-ൽ, " വയ്ക്കുന്നുവെന്ന്" എന്നതിന് പകരം " അവതരിപ്പിക്കുന്നുവെന്ന്" എന്ന് ചേർക്കുക.

486. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്

219 എഎ(4)-ൽ “ പരാജയമോ വീഴ്ചയോ ഉണ്ടായിട്ടുണ്ടെങ്കിൽ” എന്നതിന് പകരം “ മന:പൂർവ്വമായ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ” എന്ന് ചേർക്കുക.

499. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഎ(4)-യ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക. “ എന്നാൽ അപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകേണ്ടതാണ്.”

512. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഎ(5)-ന്റെ ക്ലിപ്ത നിബന്ധനയിൽ “ ന്യായമായ” എന്നതിന് ശേഷം “ ഒരു” എന്ന് ചേർക്കുക.

635. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(3)-ൽ "പിഴയോടുകൂടി " എന്നതിന് ശേഷം " ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ " എന്ന് ചേർക്കുക.

636. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(3)-ൽ "ഈടാക്കേണ്ടതാണ് " എന്നതിന് പകരം " അടവാക്കേണ്ടതാണ് " എന്ന് ചേർക്കുക.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

439. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഎ(1)-ൽ “ പുറപ്പെടുവിക്കുന്ന” എന്നതിന് മുമ്പായി “ കാലാകാലങ്ങളിൽ” എന്ന് ചേർക്കുക.

490. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഎ(4)-ൽ “ ഉണ്ടായിട്ടുണ്ടെങ്കിൽ” എന്നതിനു പകരം

“ ഉണ്ടാകുന്നപക്ഷം” എന്ന് ചേർക്കുക.

506. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എഎ(5)-ന്റെ ക്ലിപ്ത നിബന്ധനയിൽ “ പറയുവാനുള്ളത് പറയുവാൻ” എന്നതിന് പകരം “ അവരുടെ ഭാഗം വ്യക്തമാക്കുവാൻ” എന്ന് ചേർക്കുക.

536. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എബി(2)-ൽ “ തത്സമയം” എന്നതിനു പകരം “ നിലവിൽ” എന്ന് ചേർക്കുക.

590. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എസി (2)- ൽ “ ആയിരം” എന്നതിന് പകരം “ അഞ്ഞൂറ്” എന്ന് ചേർക്കുക.

629. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(3)-ൽ "അമ്പത് " എന്നതിന് പകരം "അഞ്ച് " എന്ന് ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

445. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഎ (1)-ൽ, “ നിർദ്ദേശങ്ങൾ” എന്നതിന് മുൻപ് “ മാർഗ്ഗ” എന്ന് ചേർക്കുക.

452. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എഎ (2)-ൽ, “ അജണ്ട” എന്നതിന് പകരം “ കാര്യവിവരപ്പട്ടിക” എന്ന് ചേർക്കുക.

455. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന

വകുപ്പ് 219 എഎ (2)-ൽ, " വയ്ക്കുന്നവെന്ന്" എന്നതിന് പകരം " ഉൾപ്പെടുത്തുന്നവെന്ന്" എന്ന് ചേർക്കുക.

458. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഎ(2)-ൽ " അജണ്ടയിൽ" എന്നതിന് പകരം " കാര്യവിവരപ്പട്ടികയിൽ" എന്ന് ചേർക്കുക.

473. ഖണ്ഡം (6) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഎ(3)-ൽ " നിർദ്ദേശങ്ങൾ" എന്നതിന് മുൻപായി " മാർഗ്ഗ" എന്ന് ചേർക്കുക.

500. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഎ(4)-യ്ക്ക് ശേഷം ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.
" എന്നാൽ അച്ചടക്ക നടപടി നേരിടുന്ന സെക്രട്ടറിക്കോ അല്ലെങ്കിൽ ഉദ്യോഗസ്ഥനോ പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്" .

569. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എബി(3)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.
" എന്നാൽ 3-ാം ഉപവകുപ്പ് പ്രകാരം ചെലവഴിക്കപ്പെടുന്ന തുക ഒരു സാമ്പത്തിക വർഷം 3-ാം ഉപവകുപ്പിൽ പറഞ്ഞ തുകയിൽ അധികരിക്കാത്തതും, തുകയുടെ വിനിയോഗം സംബന്ധിച്ച വിശദമായ കണക്കും ഒറിജിനൽ രേഖകളും സഹിതം തൊട്ടടുത്ത യോഗത്തിൽ സമർപ്പിക്കേണ്ടതും, ആയതിന് ഗ്രാമപഞ്ചായത്തിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്."

620. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(1) ന്റെ ക്ലിപ്ത നിബന്ധനയിൽ " നിരക്ക്" എന്നതിന് പകരം " നിരക്കോ, കൂടിയ നിരക്കോ" എന്ന് ചേർക്കുക.

624. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(2) ചുവടെപ്പറയും പ്രകാരം മാറ്റുക.
" ഓരോ മാലിന്യ ഉൽപാദകനും യൂസർ ഫീസ് ഗ്രാമപഞ്ചായത്തിന് നൽകേണ്ടതും, നൽകേണ്ട കാലയളവ് നിർണയിക്കപ്പെടാവുന്ന തരത്തിൽ തീരുമാനിക്കേണ്ടതുമാണ്" .

653. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(6) ഒഴിവാക്കുക.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

446. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഐ (1)-ൽ, " പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ" എന്നതിന് ശേഷം " അതത് സമയത്തുതന്നെ" എന്നത് ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

447. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഐ (1)-ൽ, " ഉത്തരവാദിത്വമായിരിക്കുന്നതാണ്" എന്നതിന് പകരം " ഉത്തരവാദിത്തമായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

634. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(3)-ൽ "അമ്പത് ശതമാനം പിഴയോടുകൂടി ഈടാക്കേണ്ടതാണ്" എന്നതിന് പകരം "നിയമാനുസൃതം അതത് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിട്ടുള്ള പിഴ ഈടാക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

451. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എഎ (2)-ൽ, " നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ അജണ്ട" എന്നതിന് പകരം " നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ അജണ്ടയുടെ അടിസ്ഥാനത്തിൽ" എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

456. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എഎ (2)-ൽ, " അദ്ധ്യക്ഷൻ ഉറപ്പാക്കേണ്ടതും" എന്നതിന് ശേഷം " ആവശ്യമെങ്കിൽ അടിയന്തരമായി ഗ്രാമപഞ്ചായത്ത് യോഗം വിളിച്ചു ചേർത്തും" എന്ന് ചേർക്കുക.

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

457. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എഎ (2)-ൽ, " അജണ്ടയിൽ" എന്നതിന് പകരം " നിർദ്ദേശങ്ങളിൽ" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

459. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഎ (2)-ൽ “ ഗ്രാമപഞ്ചായത്ത്” എന്നതിനു ശേഷം “ ഉചിതമായ” എന്ന് ചേർക്കുക.

544. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എബി(2)-ൽ, “ പ്രകാരമുള്ളതുമായ” എന്നതിന് പകരം “ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നതുമായ” എന്ന് ചേർക്കുക.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

468. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എഎ (3)-ൽ, “ പഞ്ചായത്ത് പരാജയപ്പെടുന്ന സന്ദർഭങ്ങളിൽ” എന്നതിന് പകരം “ പഞ്ചായത്തിന് കഴിയാതെ വരുന്ന സാഹചര്യത്തിൽ” എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

474. ഖണ്ഡം (6) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഎ(3)-ൽ “ അനുമതി” എന്നതിന് പകരം “ നിർദ്ദേശങ്ങൾ” എന്ന് ചേർക്കുക.

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

476. ഖണ്ഡം (6) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഐ(3)-ൽ " അംഗീകരിച്ചതായോ നൽകിയതായോ" എന്നതിനു പകരം " അംഗീകരിച്ചതായി കരുതപ്പെടാവുന്നതാണ്" എന്ന് ചേർക്കുക.

626. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(3)-ൽ " അടയ്ക്കുന്നതിൽ" എന്നതിന് പകരം " നൽകുന്നതിൽ" എന്ന് ചേർക്കുക.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

477. ഖണ്ഡം (6) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഐ(3)-ൽ " അംഗീകരിച്ചതായോ നൽകിയതായോ" എന്നതിനു പകരം " അംഗീകാരം നൽകിയതായി" എന്ന് ചേർക്കുക.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

479. ഖണ്ഡം (6) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എഐ(4)-ൽ " അത്തരം തീരുമാനങ്ങൾ" എന്നതിനു ശേഷം " ഭരണസമിതിയെ രേഖാമൂലം അറിയിച്ച ശേഷം" എന്ന് ചേർക്കുക.

521. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എബി(1)ൽ, "സെക്രട്ടറിക്ക്" എന്നതിന് ശേഷം "രേഖാമൂലം നോട്ടീസ് നൽകി" എന്ന് ചേർക്കുക.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

491. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഎ(4)-ൽ " അല്ലെങ്കിൽ അത്തരം" എന്നതിനു പകരം " അല്ലെങ്കിൽ ചുമതലപ്പെടുത്തിയ" എന്ന് ചേർക്കുക.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

496. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഎ(4)-ൽ " സർക്കാരിന്" എന്നതിന് ശേഷം " നിയമാനുസൃതമായി" എന്ന് ചേർക്കുക.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന

ഭേദഗതി അവതരിപ്പിക്കുന്നു.

497. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഎ(4)-യ്ക്ക് ശേഷം ചുവടെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക. " എന്നാൽ സെക്രട്ടറിക്കോ മറ്റേതെങ്കിലും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനോ അവരുടെ നിയന്ത്രണത്തിനതീതമായ കാരണങ്ങളാൽ അത്തരം തീരുമാനങ്ങൾ നടപ്പാക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ അതിനെ കൃത്യവിലോപമായി കണക്കാക്കേണ്ടതില്ല."

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

498. ഖണ്ഡം 6(4) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഎ(4)-യ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന

ചേർക്കുക. " എന്നാൽ, അപ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന് മുമ്പ്, സെക്രട്ടറിയ്ക്കും അല്ലെങ്കിൽ അത്തരം ഉദ്യോഗസ്ഥനും പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകേണ്ടതാണ്."

546. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എബി(3)-ൽ, " അത്യാവശ്യഘട്ടങ്ങളിൽ," എന്നതിന് ശേഷം " ഗ്രാമപഞ്ചായത്ത്" എന്ന് ചേർക്കുക.

553. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എബി(3)-ൽ, " പ്രസിഡന്റിനെ അറിയിച്ച ശേഷം" എന്നതിനുപകരം " പ്രസിഡന്റിന്റെ അനുമതിയോടെ" എന്ന് ചേർക്കുക.

575. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എസി(1)-ൽ " നിർദ്ദിഷ്ട" എന്നതിന് ശേഷം " സംഭരണ" എന്ന് ചേർക്കുക.

589. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എസി (2)-ൽ, " ആളിന്റെയും" എന്ന വാക്കിന് പകരം " ആളിന്റെയോ ഉടമസ്ഥന്റെയോ കൈവശക്കാരന്റെയോ" എന്നീ വാക്കുകൾ ചേർക്കുക.

618. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(1)-ന്റെ ക്ലിപ്തനിബന്ധനയിൽ " കുറഞ്ഞ" എന്നതിന് പകരം " കുറഞ്ഞതോ കൂടിയതോ ആയ" എന്നത് ചേർക്കുക.

632. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(3)-ൽ "അമ്പത്" എന്നതിന് പകരം "പത്ത്" എന്ന് ചേർക്കുക.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

511. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഎ(5)-ന്റെ ക്ലിപ്തനിബന്ധനയിൽ " പറയുവാനുള്ളത് പറയുവാൻ" എന്നതിന് പകരം " പറയുവാനുള്ളത് കേൾക്കുന്നതിന്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

513. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഎ(5)-ന്റെ ക്ലിപ്തനിബന്ധനയിൽ " അവസരം നൽകേണ്ടതാണ്" എന്നതിന് പകരം " അവസരം നൽകേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ യുക്തമെന്നു തോന്നുന്ന നടപടി സ്വീകരിക്കാവുന്നതുമാണ്" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

514. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഎ(5) താഴെപ്പറയും പ്രകാരം മാറ്റുക :
" (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുന്ന ഗ്രാമപഞ്ചായത്തുകൾക്കെതിരെ, മറ്റു നടപടികൾക്കൊന്നും ഭംഗം വരാത്തവിധം സർക്കാരിന് അത്തരം വീഴ്ചവരുത്തുന്ന ഗ്രാമപഞ്ചായത്തിന്മേൽ പിഴ ചുമത്താവുന്നതാണ്, എന്നാൽ അപ്രകാരം പിഴ ചുമത്തുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്തിന് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകേണ്ടതാണ്."

587. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എസി (2)-ൽ, " ഏതൊരു ആളിന്റെയും" എന്നതിന് പകരം " ഏതൊരാളിന്റെയും" എന്ന് ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

519. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എബി(1)-ൽ "ഏതൊരു ആളിനെതിരെയും" എന്നതിന് ശേഷം "ഏതൊരു ഏജൻസിക്ക് എതിരെയും" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

523. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എബി(1)ൽ, "രാജിയാക്കാവുന്ന" എന്നതിന് പകരം "സാധൂകരിക്കാവുന്ന" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

535. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എബി(1)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക. " എന്നാൽ രാജിയായതിനുശേഷം അതേ വ്യക്തി അതേ കുറ്റം ആവർത്തിക്കുകയാണെങ്കിൽ അപ്രകാരമുള്ള കുറ്റം രാജിയാക്കാൻ പാടില്ലാത്തതുമാകുന്നു."

558. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എബി(3)-ൽ " ബന്ധപ്പെട്ട പഞ്ചായത്ത് ഫണ്ടിൽ" എന്നതിന് പകരം " മാലിന്യസംസ്കരണ ഫണ്ടിൽ" എന്ന് ചേർക്കുക.

619. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(1) ന്റെ ക്ലിപ്ത നിബന്ധനയിൽ " കുറഞ്ഞ" എന്നതിന് പകരം " കൂടിയ" എന്ന് ചേർക്കുക.

631. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(3)-ൽ "അമ്പത്" എന്നതിന് പകരം "പത്ത്" എന്ന് ചേർക്കുക.

654. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(6)-ൽ " ഉൽപാദകനെ" എന്നതിന് പകരം " ഉത്പാദകനെ" എന്ന് ചേർക്കുക.

663. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(6)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.
" എന്നാൽ അത്തരം ആൾക്കാർ പൊതുസമൂഹത്തിന് ദ്രോഹകരമാം വിധത്തിൽ മാലിന്യങ്ങൾ നിക്ഷേപിക്കുകയോ തള്ളുകയോ വലിച്ചെറിയുകയോ വലിച്ചെറിഞ്ഞ് വൃത്തികേടാക്കുകയോ അല്ലെങ്കിൽ കത്തിക്കുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്."

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

542. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എബി(2)-ൽ, " നിയമപ്രകാരമുള്ളതുമായ" എന്നതിന് പകരം " നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ളതുമായ" എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

547. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എബി(3)-ൽ, "പ്രസിഡന്റിനെ" എന്നതിന് പകരം "അദ്ധ്യക്ഷനെ" എന്ന് ചേർക്കുക.

548. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എബി(3)-ൽ, "പ്രസിഡന്റിനെ" എന്നതിന് ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

576. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എസി(1)-ൽ "നിക്ഷേപിക്കുന്നതിനോ" എന്നതിന് ശേഷം "നൽകേണ്ട നിശ്ചിത" എന്ന് ചേർക്കുക.

577. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എസി(1)-ൽ "അംഗീകൃത" എന്നതിന് മുൻപായി "സർക്കാർ" എന്ന് ചേർക്കുക.

578. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എസി(1)-ൽ "വീടുകൾക്കും" എന്നതിന് പകരം "വീടുകളുടെയും" എന്ന് ചേർക്കുക.

581. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എസി (1)-ൽ, "കൈവശക്കാർക്കും" എന്നതിന് ശേഷം "ചുമതല വഹിക്കുന്നയാൾക്കും" എന്ന് ചേർക്കുക.

621. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(2) ൽ "അംഗീകൃത" എന്നതിന് മുൻപായി "സർക്കാർ" എന്ന് ചേർക്കുക.

651. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(5)-ൽ "യൂസർ ഫീസ് അടയ്ക്കാൻ" എന്നതിന്

മുൻപായി " നിശ്ചിത തീയതി മുതൽ തൊണ്ണൂറ് ദിവസത്തിന് ശേഷവും" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

551. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എബി(3)-ൽ, " പ്രസിഡന്റിനെ അറിയിച്ച ശേഷം" എന്നതിനുപകരം " പഞ്ചായത്ത് കൗൺസിലിന്റെ അംഗീകാരത്തോടെ" എന്ന് ചേർക്കുക.

609. ഖണ്ഡം (6) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(1)-ൽ " നിശ്ചയിക്കുന്ന രീതിയിൽ" എന്നതിന് പകരം " നിർണയിക്കപ്പെടുന്ന പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

564. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എബി(3)-ൽ " തുക" എന്നതിന് ശേഷം " പഞ്ചായത്ത് കൗൺസിലിന്റെ അംഗീകാരത്തിനു വിധേയമായി" എന്ന് ചേർക്കുക.

605. ഖണ്ഡം (6) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(1)-ൽ " അതിന്റെ" എന്നതിന് പകരം " സംസ്കരണത്തിനായി ചുമതലപ്പെടുത്തിയ പ്രകാരമുള്ള" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

566. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എബി(3)-ൽ " ചെയ്യാവുന്നതാണ്" എന്നതിന് പകരം " ചെയ്യാവുന്നതും, തൊട്ടടുത്ത പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ ആയതിന് സാധൂകരണം വാങ്ങേണ്ടതുമാണ്." എന്ന് ചേർക്കുക.

<u>ശ്രീ. എം. വിജിൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

568. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എബി(3)-ൽ " ചെയ്യാവുന്നതാണ്" എന്നതിന് പകരം " ചെയ്യാവുന്നതും, ആയതിന് ശേഷം ഗ്രാമപഞ്ചായത്ത് യോഗത്തിന്റെ അംഗീകാരം തേടേണ്ടതുമാണ്." എന്ന് ചേർക്കുക.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

580. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എസി (1)-ൽ, " വീടുകൾക്കും ഏതെങ്കിലും" എന്നതിന് പകരം " വീടുകളുടെയും മറ്റിതര സ്ഥാപനങ്ങളുടെയും" എന്ന് ചേർക്കുക.

<u>ശ്രീമതി ദെലീമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

603. ഖണ്ഡം (6) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്

219 എഡി(1)-ൽ " ഗതാഗതം" എന്നതിനു പകരം " കൊണ്ടുപോകൽ" എന്നു ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

604. ഖണ്ഡം (6) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(1)-ൽ " ഗതാഗതം" എന്നതിനു പകരം " നീക്കം ചെയ്യൽ" എന്നു ചേർക്കുക.

655. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(6)-ൽ " അടയ്ക്കുന്നതിൽ" എന്നതിന് പകരം " ഒടുക്കുന്നതിൽ" എന്ന് ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

607. ഖണ്ഡം (6) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(1)-ൽ " കയ്യൊഴിയൽ" എന്നതിന് പകരം " കയ്യൊഴിക്കൽ" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

622. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(2) ൽ " തീരുമാനിച്ചേക്കാവുന്ന" എന്നതിന് പകരം " തീരുമാനിക്കാവുന്ന" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

623. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(2)-ൽ " തീരുമാനിച്ചേക്കാവുന്ന" എന്നതിന് പകരം " നിശ്ചയിച്ചേക്കാവുന്ന" എന്ന് ചേർക്കുക.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

" 650. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(5) ഒഴിവാക്കുക."

വകുപ്പ് 219 എഡി(5)-ൽ യൂസർ ഫീ അടയ്ക്കാൻ വീഴ്ച വരുത്തുന്നയാളുകൾക്കെതിരെ സ്വീകരിക്കാവുന്ന മറ്റേതെങ്കിലും നടപടികൾക്ക് ഭംഗം വരാതെ യൂസർ ഫീ അടയ്ക്കുന്നതുവരെ അത്തരത്തിൽ വീഴ്ച വരുത്തിയ ആൾക്ക് ഗ്രാമപഞ്ചായത്തിൽനിന്നുള്ള ഏതൊരു സേവനവും നൽകാൻ സെക്രട്ടറിക്ക് വിസമ്മതിക്കാവുന്നതാണെന്നുള്ളതാണ്. ഇതുസംബന്ധിച്ച് 'Olga Tellis & Ors. vs Bombay Municipal Corporation & Ors.' എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി കൃത്യമായ റൂളിംഗ് പറഞ്ഞിട്ടുണ്ട്. അതിൽ 'Right to livelihood should be treated as part of right to life as laid under the Article 21 of the Constitution' എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് ഭരണഘടനയുടെ

ആർട്ടിക്കിൾ 21-ന് എതിരാണ്. ഇതിന്റെ പേരിൽ ഭരണഘടനാപരമായ പൗരാവകാശത്തെ നിഷേധിക്കുന്നത് ശരിയല്ലാത്തതിനാൽ വകുപ്പ് 219 എഡി(5) ഡിലീറ്റ് ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി.

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

652. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഡി(5)-ൽ " നൽകാൻ സെക്രട്ടറിക്ക് വിസമ്മതിക്കാവുന്നതാണ്" എന്നതിന് പകരം "നിരസിക്കാവുന്നതാണ്" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ:</u> 432-ാം നമ്പർ ഭേദഗതി 433-ാം നമ്പർ ഭേദഗതിക്കും 436-ാം നമ്പർ ഭേദഗതി 435-ാം നമ്പർ ഭേദഗതിക്കും 440, 441, 442 എന്നീ നമ്പർ ഭേദഗതികൾ 439-ാം നമ്പർ ഭേദഗതിക്കും 448, 449 എന്നീ നമ്പർ ഭേദഗതികൾ 447-ാം നമ്പർ ഭേദഗതിക്കും 460-ാം നമ്പർ ഭേദഗതി 459-ാം നമ്പർ ഭേദഗതിക്കും 480-ാം നമ്പർ ഭേദഗതി 479-ാം നമ്പർ ഭേദഗതിക്കും 487, 488, 489 എന്നീ നമ്പർ ഭേദഗതികൾ 490-ാം നമ്പർ ഭേദഗതിക്കും 507, 508, 509 എന്നീ നമ്പർ ഭേദഗതികൾ 506-ാം നമ്പർ ഭേദഗതിക്കും 520-ാം നമ്പർ ഭേദഗതി 521-ാം നമ്പർ ഭേദഗതിക്കും 537, 538, 539 എന്നീ നമ്പർ ഭേദഗതികൾ 536-ാം നമ്പർ

ഭേദഗതിക്കും 543-ാം നമ്പർ ഭേദഗതി 544-ാം നമ്പർ ഭേദഗതിക്കും 552-ാം നമ്പർ ഭേദഗതി 551-ാം നമ്പർ ഭേദഗതിക്കും 565-ാം നമ്പർ ഭേദഗതി 564-ാം നമ്പർ ഭേദഗതിക്കും 579-ാം നമ്പർ ഭേദഗതി 578-ാം നമ്പർ ഭേദഗതിക്കും 588-ാം നമ്പർ ഭേദഗതി 587-ാം നമ്പർ ഭേദഗതിക്കും 591, 592, 594 എന്നീ നമ്പർ ഭേദഗതികൾ 590-ാം നമ്പർ ഭേദഗതിക്കും 606-ാം നമ്പർ ഭേദഗതി 605-ാം നമ്പർ ഭേദഗതിക്കും 610-ാം നമ്പർ ഭേദഗതി 609-ാം നമ്പർ ഭേദഗതിക്കും 627, 628 എന്നീ നമ്പർ ഭേദഗതികൾ 629-ാം നമ്പർ ഭേദഗതിക്കും 630, 631 എന്നീ നമ്പർ ഭേദഗതികൾ 632-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. 515 മുതൽ 518 വരെയുള്ള ഭേദഗതികളും 570, 571 എന്നീ നമ്പർ ഭേദഗതികളും മാർജിനൽ ശീർഷകത്തിലാകയാൽ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 578-ാം നമ്പർ

ഭേദഗതിയും ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 587-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച ഭേദഗതി, ബിൽ അവതരിപ്പിക്കുന്ന ഘട്ടത്തിൽ വിശദീകരിച്ചതാണ്. മറ്റുഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 430, 433 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 431-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ഉമാ തോമസ് അവതരിപ്പിച്ച 435, 454, 486, 499, 512, 635, 636 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 439, 490, 506, 536, 590, 629 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 445, 452, 455, 458, 473, 500, 569, 620, 624, 653 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 446-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 447, 634 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 451-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 456-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 457-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 459, 544 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 468-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 474-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 476, 626 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 477-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 479, 521 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 491-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 496-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 497-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 498, 546, 553, 575, 589, 618, 632 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 511-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 513-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 514-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 519-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 523-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 535, 558, 619, 631, 654, 663 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല അവതരിപ്പിച്ച 542-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 547, 548, 576, 577, 581, 621, 651 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 551, 609 എന്നീ നമ്പർ

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 564, 605 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 566-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 568-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 580-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 603-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 604, 655 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 607-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 622-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 623-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 652-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 578-ാം നമ്പർ ഭേദഗതിയും 587-ാം നമ്പർ ഭേദഗതിയും ഒഴികെ മറ്റ് ഭേദഗതികളെല്ലാം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എന്റെ 650-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 650-ാം ഭേദഗതിയെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

666. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ബി(1)-ൽ "നിറത്തിലുമുള്ള" എന്നതിന് പകരം "നിറത്തിലും മൂടിയുമുള്ള" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

669. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ബി(1)-ൽ "സജ്ജീകരിക്കേണ്ടത് ഓരോ മാലിന്യ ഉൽപാദകന്റെയും കടമയാണ്" എന്നതിന് പകരം "സജ്ജീകരിക്കുന്നതിന് ഓരോ മാലിന്യ ഉത്പാദകന്റെയും യൂസർ ഫീയിൽ നിന്ന് തുക വിനിയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

672. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ബി(2)-ൽ "സജ്ജീകരിക്കേണ്ടതുമാണ്" എന്നതിന് പകരം "സ്ഥാപിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

692. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 ബി (4)- ൽ "പതിനായിരം" എന്നതിന് പകരം "അയ്യായിരം" എന്ന് ചേർക്കുക.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

682. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ബി (4)-ൽ, "സെക്രട്ടറിക്ക്" എന്നതിന് ശേഷം "അന്വേഷണ വിധേയമായി" എന്ന് ചേർക്കുക.

<u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

683. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ബി (4)-ൽ, "ആയിരം" എന്നതിന് പകരം "അഞ്ഞൂറ്" എന്ന് ചേർക്കുക.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

689. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 ബി (4)- ൽ "പതിനായിരം" എന്നതിനു പകരം "മൂവായിരം" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

698. ഖണ്ഡം (7) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ബി(4)-നുശേഷം ചുവടെ ചേർത്തിരിക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.
"എന്നാൽ (4)-ാം ഉപവകുപ്പു പ്രകാരമുള്ള പിഴ ചുമത്തുന്നതിനു മുൻപായി അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്.”

മി. സ്പീക്കർ: 673, 674, 675 എന്നീ നമ്പർ ഭേദഗതികൾ 672-ാം നമ്പർ ഭേദഗതിക്കും 684, 685, 686 എന്നീ നമ്പർ ഭേദഗതികൾ 683-ാം നമ്പർ ഭേദഗതിക്കും 691, 693, 694, 695, 696 എന്നീ നമ്പർ ഭേദഗതികൾ 692-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ:</u> ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 666-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 669-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 672, 692 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 682-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 683-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 689-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 698-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ ....................

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

706. ഖണ്ഡം 8(ii) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 219 സി-ൽ "താമസക്കാരനുമായോ" എന്നതിന് ശേഷം "കൈവശക്കാരനുമായോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 699 മുതൽ 704 വരെയുള്ള ഭേദഗതികൾ മാർജിനൽ ശീർഷകത്തിൽ ആകയാൽ ക്രമപ്രകാരമല്ല. ആയതിനാൽ അവ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 706-ാം നമ്പർ

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....................

പ്രതികൂലിക്കുന്നവർ ....................

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ഒൻപതാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

713. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഡി(1)-ൽ "വലിയ" എന്നത് ഒഴിവാക്കുക.

716. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഡി(1)-ൽ "കാര്യത്തിൽ" എന്നതിന് ശേഷം "അവയുടെ" എന്ന് ചേർക്കുക.

717. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഡി(1)-ൽ "നിഷ്കർഷിച്ചിട്ടുള്ള" എന്നതിന് ശേഷം "സമീപത്തെ" എന്ന് ചേർക്കുക.

718. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഡി(1)-ൽ "വേർതിരിച്ച" എന്നതിന് ശേഷം "ഖര" എന്ന് ചേർക്കുക.

731. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഡി(2)-ന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക;
"(3) (1)-ാം ഉപവകുപ്പ് പ്രകാരം ശേഖരിച്ച മാലിന്യങ്ങൾ ഉടൻ തന്നെ കേന്ദ്രീകൃത മാലിന്യ സംസ്കരണ കേന്ദ്രത്തിലേക്കോ നിർമ്മാർജ്ജന സ്ഥലത്തേക്കോ കൊണ്ടുപോകേണ്ടതാണ്."

<u>ശ്രീ. എം. രാജഗോപാലൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

715. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഡി(1)-ൽ "മുതലായവയുടെ കാര്യത്തിൽ പ്രവേശന കവാടത്തിൽ" എന്നതിന് പകരം "മുതലായവയിൽ" എന്ന് ചേർക്കുക.

<u>ശ്രീമതി യു. പ്രതിഭ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

721. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഡി(1)-ൽ "വാതിൽപ്പടി" എന്നത് ഒഴിവാക്കുക.

<u>ശ്രീ. സജീവ് ജോസഫ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

723. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കുന്ന വകുപ്പ് 219 ഡി(1)-ൽ "ക്രമീകരണങ്ങൾ" എന്നതിനു ശേഷം

"നിർണയിക്കപ്പെടുന്ന പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

725. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഡി(1)-ൽ "ഏർപ്പാടാക്കേണ്ടതാണ്" എന്നതിന് പകരം "ഏർപ്പെടുത്തേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

730. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഡി(2)-ന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക;
"(3) ഇത്തരത്തിലുള്ള മാലിന്യശേഖരണം നിഷ്കർഷിച്ചിട്ടുള്ള കൃത്യമായ ഇടവേളകളിൽ നടക്കുന്നുണ്ടെന്ന കാര്യം സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്."

മി. സ്പീക്കർ: 714-ാം നമ്പർ ഭേദഗതി 713-ാം നമ്പർ ഭേദഗതിക്കും 724-ാം നമ്പർ ഭേദഗതി 723-ാം നമ്പർ ഭേദഗതിക്കും 726, 727, 728 എന്നീ നമ്പർ ഭേദഗതികൾ 725-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി.

<u>രാജേഷ്):</u> സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 713-ാം നമ്പർ ഭേദഗതിയും ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 725-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 713, 725 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 716, 717, 718, 731 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 715-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 721-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 723-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 730-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ .....................

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

732. ഖണ്ഡം 10(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്(1)-ൽ "ഏറ്റെടുക്കേണ്ടതാണ്" എന്നതിന് പകരം "നടപ്പാക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

733. ഖണ്ഡം 10 (i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്(1)-ൽ "ഏറ്റെടുക്കേണ്ടതാണ്" എന്നതിന് പകരം "ആരംഭിക്കേണ്ടതാണ്"

എന്ന് ചേർക്കുക.

<u>ശ്രീമതി ദെലീമ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

737. ഖണ്ഡം 10(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്(1 എ)-ൽ "അനുയോജ്യമായ"എന്നതിന് ശേഷം "സർക്കാർ" എന്ന് ചേർക്കുക.

<u>ശ്രീ. സണ്ണി ജോസഫ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

739. ഖണ്ഡം 10(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്(1 എ)-ൽ "ആർജ്ജിക്കേണ്ടതാണ്" എന്നതിന് പകരം "ആർജ്ജിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

<u>ശ്രീ. എം. നൗഷാദ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

743. ഖണ്ഡം 10(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്(1 എ)-ക്ക് ശേഷം "അതത് ഗ്രാമപഞ്ചായത്തിൽ ആവശ്യമായ ഭൂമി നിയമാനുസൃതം ഏറ്റെടുത്ത് മാലിന്യ സംസ്കരണപ്രവർത്തനം സുഗമവും കാര്യക്ഷമവുമാക്കാവുന്നതാണ്." എന്ന് ചേർക്കുക.

<u>ശ്രീ. കെ. വി. സുമേഷ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

745. ഖണ്ഡം 10(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്(1 ബി)-ൽ "(1 എ) ഉപവകുപ്പ് പ്രകാരം" എന്നതിന് പകരം "മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്കായി" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

750. ഖണ്ഡം 10(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്(1 ബി)-ൽ "ഉപയോഗിക്കാൻ" എന്നതിന് പകരം "ഉപയോഗിക്കുവാൻ" എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

757. ഖണ്ഡം 10(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്(1 ഡി)-യുടെ ക്ലിപ്തനിബന്ധനയിൽ "മുൻകൂർ" എന്നത് ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

761. ഖണ്ഡം 10(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്(1 ഡി)-യുടെ രണ്ടാം ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.

"എന്നുമാത്രമല്ല, പൊതുജനാരോഗ്യത്തിന് ഹാനികരമായ തരത്തിലുള്ള ഏതെങ്കിലും റിപ്പോർട്ടുകൾ നിലവിലുള്ളതോ ഏതെങ്കിലും കോടതിയുടെയോ മറ്റേതെങ്കിലും അധികാരസ്ഥാപനത്തിന്റെയോ ഉത്തരവുകൾ

നിലനിൽക്കുന്നതുമായ യാതൊരു ഭൂമിയിലും മാലിന്യസംസ്കരണം പുനരാരംഭിക്കാൻ പാടില്ലാത്തതുമാണ്."

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

762. ഖണ്ഡം 10(iii) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്-ൽ "(1)-ാം ഉപവകുപ്പ് പ്രകാരം" എന്നതിന് പകരം "മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്കായി" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ:</u> 740-ാം നമ്പർ ഭേദഗതി 739-ാം നമ്പർ ഭേദഗതിക്കും 758, 759, 760 എന്നീ നമ്പർ ഭേദഗതികൾ 757-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി <u>(ശ്രീ. എം. ബി. രാജേഷ്):</u> സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ 740-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

740. ഖണ്ഡം 10(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്(1 എ)-ൽ "ആർജ്ജിക്കേണ്ടതാണ്"എന്നതിന് പകരം "ആർജ്ജിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ്

ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 732-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ച 733-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 737-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 739-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 743-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 745-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 750-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 757-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 761-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 762-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ .....................

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

766. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്എ-ൽ "ചെയ്യുന്നുവെങ്കിൽ" എന്നതിന് പകരം "ചെയ്യുന്ന പക്ഷം" എന്ന് ചേർക്കുക.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

767. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്എ-ൽ "ചേർന്ന്" എന്നതിന് പകരം "സഹകരിച്ച്" എന്ന് ചേർക്കുക.

840. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്ഡി(2)-ൽ "തൊട്ടടുത്ത്" എന്നതിന് പകരം "നിശ്ചിത ദൂര പരിധിക്കുള്ളിൽ" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

781. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്ബി-യിൽ, "നടപ്പിലാക്കുന്നതെന്നും" എന്നത് ഒഴിവാക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

782. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്ബി യിൽ, " ഉറപ്പ് വരുത്തുന്നതിലേക്കായി" എന്നതിന് പകരം " ഉറപ്പു വരുത്തുന്നതിനായി" എന്നത് ചേർക്കുക.

808. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എഫ്സി (2)-ൽ " നൽകാവുന്നതാണ്" എന്നതിന് പകരം " നൽകാവുന്നതും അത്തരത്തിലുള്ള ആളുകളുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കേണ്ടതുമാണ്" എന്നത് ചേർക്കുക.

815. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എഫ്സി(3)-ൽ " ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ പതിനായിരം രൂപവരെ ആകാവുന്ന പിഴനൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്നതിന് പകരം " ഏതൊരാളെയും ഗ്രാമപഞ്ചായത്ത് മുമ്പാകെ വിളിച്ചുവരുത്താവുന്നതും തെളിവുകൾ ശേഖരിക്കാവുന്നതുമാണ്" എന്ന് ചേർക്കുക.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീമതി ഉമ തോമസ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

793. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്.സി(1)-ൽ "സെക്രട്ടറി മുൻപാകെ" എന്നതിന് പകരം "സെക്രട്ടറിക്ക്" എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

795. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്.സി(1)-ൽ "റിപ്പോർട്ട്" എന്നതിന് മുമ്പായി "തെളിവ് സഹിതം" എന്ന് ചേർക്കുക.

819. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എഫ്സി(3)-ൽ "പതിനായിരം" എന്നതിന് പകരം "അയ്യായിരം" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

803. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എഫ്സി (2)- ൽ "കുറ്റകൃത്യങ്ങളും" എന്നതിന് ശേഷം "വസ്തുതാപരമായി" എന്ന് ചേർക്കുക.

812. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എഫ്സി (3)- ൽ "തെറ്റായ" എന്നതിന് പകരം "വസ്തുതാവിരുദ്ധമായ" എന്ന് ചേർക്കുക.

830. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എഫ്ഡി(1)-ൽ "തൊട്ടടുത്ത്" എന്നതിന് പകരം "നിർണ്ണയിക്കപ്പെട്ട ദൂരപരിധിയ്ക്കുള്ളിൽ" എന്ന് ചേർക്കുക.

832. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്ഡി(1)-ൽ "നികുതി" എന്നതിന് പകരം "നികുതി/ യൂസർഫീസ്" എന്ന് ചേർക്കുക.

<u>ശ്രീ. എ. പ്രഭാകരൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

809. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എഫ്‌സി (2)-ൽ "നൽകാവുന്നതാണ്" എന്നതിന് പകരം "നൽകാവുന്നതും അത്തരത്തിലുള്ള ആളുകളുടെ വിവരങ്ങൾ പ്രസിദ്ധപ്പെടുത്താൻ പാടില്ലാത്തതുമാണ്" എന്നത് ചേർക്കുക.

<u>ശ്രീ. കെ. വി. സുമേഷ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

813. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എഫ്‌സി(3)-ൽ "ഏതൊരാളും കുറ്റ സ്ഥാപനത്തിൻമേൽ പതിനായിരം രൂപവരെ ആകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്നതിന് പകരം "ഏതൊരാളെയും ആരോപണങ്ങൾ യഥാവിധി പരിശോധിച്ച് നിജസ്ഥിതി മനസ്സിലാക്കി തെറ്റായ അരോപണമാണെന്നു ബോധ്യപ്പെടുന്നപക്ഷം മൂവായിരം രൂപവരെയുള്ള പിഴനൽകി ശിക്ഷിക്കാവുന്നതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. ഒ. ആർ. കേളു:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

814. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എഫ്‌സി (3)- ൽ "ഏതൊരാളും" എന്നതിന് പകരം "ഏതൊരാൾക്കും" എന്ന് ചേർക്കുക.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

816. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന

വകുപ്പ് 219 എഫ്സി(3)-ൽ "പതിനായിരം" എന്നതിന് പകരം "രണ്ടായിരം" എന്നത് ചേർക്കുക.

823. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എഫ്സി(3)-ൽ "പതിനായിരം രൂപ വരെ" എന്നതിന് പകരം "പരമാവധി അയ്യായിരം രൂപവരെ" എന്ന് ചേർക്കുക.

<u>ശ്രീ. പി. കെ. ബഷീർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

825. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എഫ്ഡി(1)-ൽ "ചട്ടങ്ങൾക്കോ" എന്നതിന് ശേഷം "കാലാകാലങ്ങളിൽ" എന്ന് ചേർക്കുക.

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

829. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 എഫ്ഡി(1)-ൽ "കേന്ദ്രങ്ങൾ അല്ലെങ്കിൽ നിർമ്മാർജ്ജന സ്ഥലങ്ങൾ" എന്നതിന് ശേഷം "പ്ലാന്റുകൾ അല്ലെങ്കിൽ നിർമ്മാർജ്ജന കേന്ദ്രങ്ങൾ" എന്നത് ചേർക്കുക.

<u>ശ്രീ. ഡി. കെ. മുരളി:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

831. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്ഡി(1)-ൽ "തൊട്ടടുത്ത്" എന്നതിന് പകരം "നിശ്ചിത ദൂര പരിധിയിൽ" എന്ന് ചേർക്കുക.

<u>ശ്രീ. പി. ടി. എ. റഹീം:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

834. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്ഡി(1)-ൽ "ക്ഷേമ പദ്ധതികളോ" എന്നതിന് ശേഷം "ആരോഗ്യ സുരക്ഷാ പദ്ധതികളോ, പരിശോധനകളോ" എന്ന് ചേർക്കാവുന്നതാണ്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

839. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്ഡി(2)-ൽ "കേന്ദ്രങ്ങൾ അല്ലെങ്കിൽ നിർമ്മാർജ്ജന സ്ഥലങ്ങൾ" എന്നതിന് പകരം "പ്ലാന്റുകൾ അല്ലെങ്കിൽ നിർമ്മാർജ്ജന കേന്ദ്രങ്ങൾ" എന്നത് ചേർക്കുക.

<u>ഡോ. കെ. ടി. ജലീൽ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

846. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്ഡി(2)-ൽ "ഏർപ്പെടുത്താവുന്നതാണ്" എന്നതിന് പകരം "ഏർപ്പെടുത്തേണ്ടതാണ്" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ:</u> 791-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിലാകയാൽ ക്രമപ്രകാരമല്ല. ആയതിനാൽ അവതരിപ്പിക്കേണ്ടതില്ല. 796, 797, 798 എന്നീ നമ്പർ ഭേദഗതികൾ

795-ാം നമ്പർ ഭേദഗതിക്കും 817, 818, 820, 821 എന്നീ നമ്പർ ഭേദഗതികൾ 819-ാം നമ്പർ ഭേദഗതിക്കും 826, 827, 828 എന്നീ നമ്പർ ഭേദഗതികൾ 825-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, എം. എം. മണി അവതരിപ്പിച്ച 766-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 766-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 767, 840 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 781-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 782, 808, 815 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മനുവേണ്ടി ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 793-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 795, 819 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 803, 812, 830, 832 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 809-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 813-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ച 814-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 816, 823 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 825-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ അവതരിപ്പിച്ച 829-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 831-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 834-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 839-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 846-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ .....................

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പന്ത്രണ്ടാം വകുപ്പ്</u>

<u>ശ്രീ. ടി. സിദ്ദിഖ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

850. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 ഐ(1)-ൽ "പരിസരം" എന്നതിന് പകരം "നിർണയിക്കപ്പെടുന്ന പ്രകാരമുള്ള പരിസരം" എന്ന് ചേർക്കുക.

<u>ശ്രീമതി ഒ. എസ്. അംബിക:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

852. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 ഐ(1)-ൽ "തള്ളുകയോ" എന്നതിന് ശേഷം "നിക്ഷേപിക്കുകയോ" എന്ന് ചേർക്കുക.

<u>ഡോ. കെ. ടി. ജലീൽ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

853. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 ഐ(1)-ൽ "തള്ളാനോ" എന്നതിന് ശേഷം "നിക്ഷേപിക്കാനോ" എന്ന് ചേർക്കുക.

<u>ശ്രീമതി ശാന്തകുമാരി കെ.:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

854. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 ഐ(1)-ൽ "ഉത്തരവാദിത്വമായിരിക്കുന്നതാണ്" എന്നതിന് പകരം "ഉത്തരവാദിത്തമായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

859. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 ഐ(2)-ൽ "ചുമതലപ്പെടുത്തിയ" എന്നതിന് പകരം "അധികാരപ്പെടുത്തിയ" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

863. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 219 ഐ(2)-ൽ "അയ്യായിരം" എന്നതിന് പകരം "ആയിരം" എന്ന് ചേർക്കുക.

ശ്രീമതി ഉമ തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

871. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഐ(2)ന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.
"എന്നാൽ, (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പിഴ ശിക്ഷ സംബന്ധിച്ച് അയാൾക്ക് പഞ്ചായത്ത് കൗൺസിലിൽ ഒരു അപ്പീൽ

നൽകാവുന്നതും കൗൺസിൽ അടുത്ത യോഗത്തിൽ തന്നെ ആയത് പരിഗണിച്ച് തീർപ്പുകൽപ്പിക്കേണ്ടതുമാണ്."

മി. സ്പീക്കർ: 849-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിലാകയാൽ ക്രമപ്രകാരമല്ല. ആയതിനാൽ അവതരിപ്പിക്കേണ്ടതില്ല. 851-ാം നമ്പർ ഭേദഗതി 850-ാം നമ്പർ ഭേദഗതിക്കും 855, 856 എന്നീ നമ്പർ ഭേദഗതികൾ 854-ാം നമ്പർ ഭേദഗതിക്കും 860, 861, 862 എന്നീ നമ്പർ ഭേദഗതികൾ 859-ാം നമ്പർ ഭേദഗതിക്കും 864, 865, 866 എന്നീ നമ്പർ ഭേദഗതികൾ 863-ാം നമ്പർ ഭേദഗതിക്കും 872-ാം നമ്പർ ഭേദഗതി 871-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 850-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 852-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 853-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 854-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 859-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 863-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 871-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ .....................

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിമൂന്നാം വകുപ്പ്</u>

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

878. ഖണ്ഡം 13 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 കെ.(1)-ൽ "സിങ്ക്, ചാൽ," എന്നത് ഒഴിവാക്കുക.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

881. ഖണ്ഡം 13 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 കെ.(1)-ൽ "ഉപയോഗിച്ച വെള്ളം" എന്നതിന് പകരം "മലിനജലം" എന്ന് ചേർക്കുക.

<u>ശ്രീ. യു. എ. ലത്തീഫ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

885. ഖണ്ഡം 13 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 കെ(2)-ൽ "അയ്യായിരം" എന്നതിന് പകരം "ആയിരം" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

894. ഖണ്ഡം 13 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 കെ(2)-ൽ "അമ്പതിനായിരം" എന്നതിന് പകരം "ഇരുപതിനായിരം" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

895. ഖണ്ഡം 13 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 കെ(3)-ൽ "റോഡിലേക്കോ" എന്നതിന് ശേഷം "തോടിലേക്കോ" എന്ന് ചേർക്കുക.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

896. ഖണ്ഡം 13 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 കെ(3)-ൽ "ഒഴുകാൻ അനുവദിക്കുന്ന" എന്നതിന് പകരം "ഒഴുക്കുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: 882-ാം നമ്പർ ഭേദഗതി 881-ാം നമ്പർ ഭേദഗതിക്കും 886, 887, 888 എന്നീ നമ്പർ ഭേദഗതികൾ 885-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 878-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 881-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 885-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 894-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 895-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 896-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ .....................

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## പതിനാലാം വകുപ്പ്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

ബില്ലിലെ 14-ാം ഖണ്ഡത്തിൽ 219 എൻ വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "പ്രവർത്തികൾ" എന്ന വാക്കിന് പകരം "പ്രവൃത്തികൾ" എന്ന വാക്ക് ചേർക്കുക.

ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

906. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എൻ(1)-ൽ "യാതൊരാളും" എന്നതിന് പകരം "ഏതൊരാളും" എന്ന് ചേർക്കുക.

908. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എൻ(2)-ൽ "യാതൊരാളും" എന്നതിന് പകരം "ഏതൊരാളും" എന്ന് ചേർക്കുക.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

907. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എൻ(2) ഒഴിവാക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

910. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എൻ(2)-ൽ "വലിച്ചെറിയുകയോ വലിച്ചെറിഞ്ഞ് വൃത്തികേടാക്കുകയോ തള്ളുകയോ" എന്നത് ഒഴിവാക്കുക.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയ പ്രകാരം (ശ്രീമതി ഉമ തോമസ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

912. ഖണ്ഡം 14(2)-ൽ പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എൻ(2)-ൽ "പ്രവർത്തി" എന്നതിന് പകരം "പ്രവൃത്തി"എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

913. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എൻ(3)-ൽ "ലംഘിച്ചുവെന്ന്" എന്നതിന് ശേഷം " തെളിവുകളുടെ അടിസ്ഥാനത്തിൽ" എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

915. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എൻ(3)-ൽ "അധികാരപ്പെടുത്തിയ" എന്നതിന് പകരം

"ചുമതലപ്പെടുത്തിയ" എന്ന് ചേർക്കുക.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

919. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എൻ(3)-ൽ "തൽസമയം" എന്നത് ഒഴിവാക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

921. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എൻ(3)-ൽ "അയ്യായിരം" എന്നതിന് പകരം "പതിനായിരം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 914-ാം നമ്പർ ഭേദഗതി 913-ാം നമ്പർ ഭേദഗതിക്കും 916, 917, 918 എന്നീ നമ്പർ ഭേദഗതികൾ 915-ാം നമ്പർ ഭേദഗതിക്കും 920-ാം നമ്പർ ഭേദഗതി 919-ാം നമ്പർ ഭേദഗതിക്കും 922, 923, 924, 925 എന്നീ നമ്പർ ഭേദഗതികൾ 921-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ശ്രീ. ചാണ്ടി ഉമ്മനുവേണ്ടി ശ്രീമതി ഉമ തോമസ്

അവതരിപ്പിച്ച 912-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 912-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച 906, 908 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 907-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 910-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 913-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 915-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 919-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 921-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനഞ്ചാം വകുപ്പ്</u>

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

931. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എസ്(1)-ൽ "യാതൊരാളും" എന്നതിന് പകരം

"ഏതൊരാളും" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

933. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എസ്(3)-ൽ "ഏതൊരാളും" എന്നതിന് പകരം "യാതൊരാളും" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

934. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എസ്(3)-ൽ "പതിനായിരം" എന്നതിന് പകരം "ആയിരം" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

947. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എസ്(3)-യുടെ ക്ലിപ്ത നിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.

"എന്നാൽ, 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റിൽ (2003-ലെ 31-ാം ആക്റ്റ്) പരാമർശിക്കുന്ന കുറ്റകൃത്യങ്ങളുടെ സംഗതിയിൽ പ്രസ്തുത ആക്റ്റിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള പിഴ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണ്."

മി. സ്പീക്കർ: 935, 936, 937 എന്നീ നമ്പർ ഭേദഗതികൾ 934-ാം

നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച 931-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 933-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 934-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 947-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാറാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനേഴാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

948. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 യു(1)-ൽ " കുറ്റകൃത്യം"

എന്നതിന് ശേഷം " ചെയ്തതോ" എന്ന് ചേർക്കുക.

959. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 യു(4)-ൽ " വിസർജ്ജ്യങ്ങൾ" എന്ന വാക്കിന് ശേഷം വരുന്ന " സെക്രട്ടറി" എന്നത് ഒഴിവാക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

951. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 യു(1)-ൽ " ന്യായമായി സംശയിക്കാൻ കാരണമുള്ള" എന്നതിന് പകരം " തെളിവുകളുടെ അടിസ്ഥാനത്തിൽ ബോധ്യപ്പെടുന്ന" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

953. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 യു(2)-ൽ " കണ്ടുകെട്ടാവുന്നതും, അല്ലാത്തപക്ഷം, ആയത് വിട്ടുനൽകേണ്ടതുമാണ്" എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം " കണ്ടുകെട്ടാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയ പ്രകാരം (ശ്രീമതി ഉമ തോമസ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

957. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 യു(3)(ii)-ൽ " വ്യക്തമാക്കിയിട്ടുള്ള" എന്നതിന്

ശേഷം വരുന്ന " ന്യായമായ" എന്നതിന് പകരം " ഒരു" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

961. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 യു(4)-ൽ " സെക്രട്ടറി നീക്കം ചെയ്യേണ്ടതും" എന്നതിന് പകരം " നീക്കം ചെയ്യുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതും" എന്ന് ചേർക്കുക.

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

962. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 യു(4)-ൽ " അയ്യായിരം" എന്നതിന് പകരം " ആയിരം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 952-ാം നമ്പർ ഭേദഗതി 951-ാം നമ്പർ ഭേദഗതിക്കും 954, 955, 956 എന്നീ നമ്പർ ഭേദഗതികൾ 953-ാം നമ്പർ ഭേദഗതിക്കും 960-ാം നമ്പർ ഭേദഗതി 959-ാം നമ്പർ ഭേദഗതിക്കും 963, 964, 965 എന്നീ നമ്പർ ഭേദഗതികൾ 962-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 961-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 961-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 948, 959 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 951-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 953-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മനുവേണ്ടി ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 957-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 962-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## പതിനെട്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

972. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എക്സ്(1)-ൽ " ചട്ടങ്ങൾക്കോ" എന്നതിനു പകരം " ചട്ടങ്ങൾക്കും" എന്ന് ചേർക്കുക.

973. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എക്സ്(1)-ൽ " മാർഗ്ഗ നിർദ്ദേശങ്ങൾക്കോ" എന്നതിനു പകരം " മാർഗ്ഗ് നിർദ്ദേശങ്ങൾക്കും" എന്ന് ചേർക്കുക.

974. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എക്സ്(2)(എ)യിൽ " മാലിന്യസംസ്കരണ" എന്നതിനു പകരം " മാലിന്യസംസ്കരണത്തിന്റെ" എന്ന് ചേർക്കുക.

982. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എക്സ് (3)(എ)-ൽ " പരിപാലനം" എന്നതിന് പകരം " സംഭരണം" എന്ന് ചേർക്കുക.

983. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എക്സ് (3)(എ)-ൽ " സംസ്കരണം" എന്നതിന് ശേഷം " അല്ലെങ്കിൽ കയ്യൊഴിയൽ" എന്ന് ചേർക്കുക.

986. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എക്സ് (3)(ബി) യ്ക്കു ശേഷം താഴെപ്പറയും പ്രകാരം ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക;
" (സി) മാലിന്യസംസ്കരണത്തിനോ സംഭരണത്തിനോ ആവശ്യമായ ഭൂമി വാങ്ങുന്നതിനോ പാട്ടത്തിനെടുക്കുന്നതിനും;"

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

975. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എക്സ്(2)(എ)-ൽ " മാലിന്യസംസ്കരണ" എന്നതിനു പകരം " മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളുടെ" എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

976. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എക്സ്(2)(എ)-ൽ " മാലിന്യസംസ്കരണ" എന്നതിനു ശേഷം " നിയമ" എന്ന് ചേർക്കുക.

980. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എക്സ്(2)(ഡി)-ൽ " സർക്കാർ" എന്നതിനു മുൻപ് " കാലാകാലങ്ങളിൽ" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

984. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എക്സ് (3)(എ) യിൽ " പരിമിതപ്പെടുത്താതെ" എന്നതിന് ശേഷം " നിർണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

990. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എക്സ് (3)-ൽ ഇനം (ഡി) യ്ക്ക് ശേഷം ചുവടെ പറയുന്നത് ചേർക്കുക.

" (ഇ) മാലിന്യ സംസ്കരണ പ്രവർത്തിയിലേർപ്പെട്ടിരിക്കുന്നവരുടെ ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിനായുള്ള പ്രതിരോധ-സുരക്ഷാ-ഉപകരണങ്ങൾക്കും,"

മി. സ്പീക്കർ: 985-ാം നമ്പർ ഭേദഗതി 984-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 972, 973, 974, 982, 983, 986 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 975-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 976, 980 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 984-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 990-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്തൊൻപതാം വകുപ്പ്

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

991. ഖണ്ഡം 19 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വൈ (1)-ൽ "യാതൊരു" എന്നതിന് പകരം "ഏതൊരു" എന്ന് ചേർക്കുക.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയ പ്രകാരം (ശ്രീമതി ഉമ തോമസ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

992. ഖണ്ഡം 19 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വൈ (1)(ii)-ൽ "ന്യായമായ" എന്നത് ഒഴിവാക്കുക.

999. ഖണ്ഡം 19 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വൈ (1)(ii)-ൽ "പറയുവാൻ" എന്നതിന് ശേഷം "ന്യായമായ" എന്ന് ചേർക്കുക.

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

993. ഖണ്ഡം 19 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വൈ (1)(ii)-ൽ "ന്യായമായ" എന്നതിന് പകരം "നിശ്ചിത" എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

998. ഖണ്ഡം 19 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വൈ (1)(ii)-ൽ "പറയുവാൻ" എന്നതിന് ശേഷം "ന്യായമായും" എന്ന് ചേർക്കുക.

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1000. ഖണ്ഡം 19 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വൈ (1)(ii)-ൽ "അവസരം നൽകാതെയും" എന്നതിന് പകരം "അവസരം നൽകിയും" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1001. ഖണ്ഡം 19 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വൈ (2)-ൽ "മാലിന്യത്തിന്റെ" എന്നതിന് ശേഷം "തരം," എന്ന വാക്കും ചിഹ്നവും ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1002. ഖണ്ഡം 19 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വൈ(2)-ൽ " ഹോട്ടൽ" എന്നതിന് ശേഷം " റസ്റ്റോറന്റ്" എന്ന് ചേർക്കുക.

1003. ഖണ്ഡം 19 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വൈ(2)-ൽ " വ്യവസായം" എന്നതിന് ശേഷം " ആശുപത്രി അല്ലെങ്കിൽ" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1004. ഖണ്ഡം 19-ന് ശേഷം താഴെപ്പറയുന്ന പുതിയ ഖണ്ഡം ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക:

" 20. പഞ്ചായത്ത് കൗൺസിലിൽ അപ്പീൽ നൽകുന്നത് സംബന്ധിച്ച്._
229-ാം വകുപ്പിന്റെയും 219 എ മുതൽ 219 എക്സ് വരെയുള്ള വകുപ്പുകളുടെയും കീഴിൽ ചുമത്തപ്പെട്ട ഏതൊരു പിഴ സംബന്ധിച്ചും കുറ്റാരോപിതന് ഏഴ് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ പഞ്ചായത്ത് കൗൺസിലിൽ ഒരു അപ്പീൽ നൽകാവുന്നതും കൗൺസിൽ അടുത്ത യോഗത്തിൽ തന്നെ ആയത് പരിഗണിച്ച് തീർപ്പു കൽപ്പിക്കേണ്ടതുമാണ്."

മി. സ്പീക്കർ: 994, 995, 996, 997 എന്നീ നമ്പർ ഭേദഗതികൾ 993-ാം നമ്പർ ഭേദഗതിക്കും 1005-ാം നമ്പർ ഭേദഗതി 1004-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 991-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മനുവേണ്ടി ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 992, 999 എന്നീ നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 993-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 998-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 1000-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 1001-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1002, 1003 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 1004-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപതാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1008. ഖണ്ഡം 20 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 254(2)(xxi ബി)-ൽ " ശുചിത്വ" എന്നതിന് പകരം " ശുചിമുറി" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1008-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1013. ഖണ്ഡം 21-ൽ " ഇരുനൂറ്" എന്നതിനു പകരം " ഇരുന്നൂറ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1009 മുതൽ 1012 വരെയുള്ള ഭേദഗതികൾ ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. ആയതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1013-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1014. ഖണ്ഡം 22-ൽ " ഇരുന്മറ്" എന്ന വാക്കിനു പകരം
" ഇരുന്നൂറ്" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി.

രാജേഷ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1014-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ്

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1016. ഖണ്ഡം 24 പ്രകാരം പ്രധാന ആക്ടിലെ ആറാം പട്ടികയിൽ ചേർക്കാനുദ്ദേശിക്കുന്ന ഉൾക്കുറിപ്പ് 219 ഐ-യിൽ മൂന്നാം കോളത്തിൽ " ഉത്തരവാദിത്വം" എന്നതിനു പകരം " ഉത്തരവാദിത്തം ലംഘിക്കൽ" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1023. ഖണ്ഡം 24 പ്രകാരം പ്രധാന ആക്ടിലെ ആറാം പട്ടികയിൽ ചേർക്കാനുദ്ദേശിക്കുന്ന ഉൾക്കുറിപ്പ് 219 എം-ൽ നാലാം കോളത്തിൽ " അയ്യായിരം രൂപ" എന്നതിനു പകരം " പതിനായിരം രൂപ" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1027. ഖണ്ഡം 24 പ്രകാരം പ്രധാന ആക്ടിലെ ആറാം പട്ടികയിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന ഉൾക്കുറിപ്പ് 219 എൻ-ൽ നാലാം കോളത്തിൽ " പതിനായിരം രൂപ" എന്നതിനു പകരം " ആയിരം രൂപ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1031. ഖണ്ഡം 24 പ്രകാരം പ്രധാന ആക്റ്റിലെ ആറാം പട്ടികയിൽ ചേർക്കാനുദ്ദേശിക്കുന്ന ഉൾക്കുറിപ്പ് 219 എൻ-ൽ നാലാം കോളത്തിൽ " പതിനായിരം" എന്നതിനു പകരം " അയ്യായിരം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1024, 1025, 1026 എന്നീ നമ്പർ ഭേദഗതികൾ 1023-ാം നമ്പർ ഭേദഗതിക്കും 1028, 1029, 1030 എന്നീ നമ്പർ ഭേദഗതികൾ 1027-ാം നമ്പർ ഭേദഗതിക്കും 1032, 1033, 1034 എന്നീ നമ്പർ ഭേദഗതികൾ 1031-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 1016-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 1023-ാം നമ്പർ ഭേദഗതി

സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 1027-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 1031-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1035. ഖണ്ഡം 25(2)-ൽ “ കാര്യമോ” എന്നതിനു ശേഷം “ കാര്യങ്ങളോ” എന്ന് ചേർക്കുക.

1036. ഖണ്ഡം 25(2)-ൽ “ നടപടിയോ” എന്നതിനു ശേഷം

“ നടപടികളോ” എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1035, 1036 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

108. ദീർഘശീർഷകത്തിൽ “ ആക്റ്റ് ” എന്നതിന് പകരം “ നിയമം” എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

109. ദീർഘശീർഷകത്തിൽ “ വീണ്ടും” എന്ന വാക്ക് ഒഴിവാക്കുക.

132. പീഠികയിൽ “ യുക്തമായിരിക്കുകയാൽ” എന്നതിന് പകരം "ആവശ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

151. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:
“ (2) ഇത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.”

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

114. പീഠികയിൽ “ ആക്റ്റ്” എന്ന വാക്കിന് ശേഷം “ (1994-ലെ 13)” എന്ന ബ്രാക്കറ്റുകളും അക്കങ്ങളും ചിഹ്നങ്ങളും അക്ഷരവും ചേർക്കുക.

ശ്രീമതി ഉമ തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

122. പീഠികയിൽ “ ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി” എന്നതിന് പകരം “ ഇനി പറയുന്ന കാര്യങ്ങൾക്കായി” എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

123. പീഠികയിൽ “ ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി”

എന്നതിന് പകരം “ ഇനി പരാമർശിക്കുന്ന കാര്യങ്ങൾക്കായി” എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

135. ഖണ്ഡം 1(1)-ൽ, “ ആക്റ്റിന്” എന്നതിന് പകരം “ നിയമത്തിന്” എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

147. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക.
“ (2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

മി. സ്പീക്കർ: 110, 111, 112 എന്നീ നമ്പർ ഭേദഗതികൾ 109-ാം നമ്പർ ഭേദഗതിക്കും 129, 130, 131, 133 എന്നീ നമ്പർ ഭേദഗതികൾ 132-ാം നമ്പർ ഭേദഗതിക്കും 148, 149, 150 എന്നീ നമ്പർ ഭേദഗതികൾ 147-ാം നമ്പർ ഭേദഗതിക്കും 152, 153, 154 എന്നീ നമ്പർ ഭേദഗതികൾ 151-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി.

രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 109, 132, 151 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ഫെബ്രുവരി മാസം 14-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 07.19-ന് പിരിഞ്ഞു.)

******